# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

**തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.**

പുസ്തകം 23 നവംബർ 2018 ലക്കം 11

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

റവ.ഡോ.മൈക്കിൾ തോമസ്

***സഹപത്രാധിപർ***

ശ്രീ. പീറ്റർ കട്ടികാട്ട്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. ഡൈസൺ എം.

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഫാ. എ.ആർ ജോൺ

റവ. ഫാ. ലെനിൻ രാജ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

റവ. ഫാ. ടോണി ഹാംലെറ്റ്

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- തെരഞ്ഞെടുപ്പ് പങ്കാളിത്ത സഭാ ശൈലിയുടെ വളർച്ചയ്ക്ക് (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്സ് ഡയറി - നവംബർ
- ബിഷപ്സ് ഡയറി - നവംബർ
- വിജ്ഞാപനം
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- അല്മായ ശുശ്രൂഷ

എഡിറ്റോറിയൽ

# തെരഞ്ഞെടുപ്പ് പങ്കാളിത്ത സഭാ ശൈലിയുടെ വളർച്ചയ്ക്ക്

ക്രിസ്തീയ പങ്കാളിത്ത ശുശ്രൂഷാശൈലിയിൽ വളരെയേറെ മുന്നേറിയിട്ടുള്ള ഒരു സമൂഹമായിട്ടാണ് നമ്മുടെ അതിരൂപത അറിയപ്പെടുന്നത്; ഈ ശൈലിയിൽ നാം ഏറെ വളർച്ച പ്രാപിച്ചിട്ടുണ്ട് എന്നത് നിഷേധിക്കാനാവില്ല. അതേ സമയം, ഇതിലെ പോരായ്മകളും വെല്ലുവിളികളും നമുക്ക് നന്നായി അറിയുകയും ചെയ്യാം.

ഓരോ രണ്ടു വർഷം കൂടുമ്പോഴും നമ്മുടെ പങ്കാളിത്ത സംവിധാനങ്ങളിലേയ്ക്കും വിവിധ സമിതികളിലേയ്ക്കും ക്രിസ്തീയ പക്വതയും കാര്യക്ഷമതയുമുള്ള ശുശ്രൂഷകരെയും ഭാരവാഹികളെയും തെരഞ്ഞെടുക്കുന്നതിനായി കരുതലോടെയുള്ള മുന്നൊരുക്കം നാം നടത്തിവരാറുണ്ട്. ഒപ്പം, നിലവിലുള്ളവരെ കൂടുതൽ ശക്തിപ്പെടുത്താൻ ആവശ്യമായ പരിശീലനവും ബോധവൽക്കരണ ക്ലാസ്സുകളും നല്കിവരുന്നു. അതുപ്രകാരം, ഈ നവംബർ- ഡിസംബർ മാസങ്ങൾ നമുക്ക് വലിയ ഒരുക്കത്തിന്റെയും കരുതലോടെയുമുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയുടെയും മാസങ്ങളാണ്.

അതിരൂപതയിലെ ഓരോ വ്യക്തിയേയും നമ്മുടെ വിവിധ ശുശ്രൂഷാപ്രവർത്തനങ്ങളിലൂടെ സ്പർശിക്കണം; അവ കുടുംബങ്ങളേയും കുടുംബ കൂട്ടായ്മകളേയും താല്പര്യപൂർവ്വം പരിപോഷിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യണം. ഈ ലക്ഷ്യങ്ങളോടെ വിവിധ ശുശ്രൂഷകളെ ശക്തിപ്പെടുത്താനും അവ പ്രാവർത്തികമാക്കുന്ന സംവിധാനങ്ങളെയും സമിതികളെയും വികേന്ദ്രീകൃത ശൈലിയിൽ പങ്കാളിത്തപൂർണ്ണവും കാര്യക്ഷമവുമാക്കുന്നതിനായി വ്യക്തമായ കാഴ്ചപ്പാടോടും ആവശ്യമായ നിയമഭേദഗതിക ളോടുംകൂടിയ വിജ്ഞാപനത്തിലൂടെ ഫെറോന വികേന്ദ്രീകൃത പ്രവർത്തലശൈലി നാം സജ്ജമാക്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഈ പ്രാവശ്യം നാം വിവിധ സമിതികളിലേയ്ക്കും സംവിധാനങ്ങളിയേ്ക്കുമുള്ള തെരഞ്ഞെടുപ്പിനായി ഒരുങ്ങുന്നത്.

വരുന്ന രണ്ടു വർഷത്തേയ്ക്ക് തങ്ങളേക്കാൾ മെച്ചപ്പെട്ട ഒരു നേതൃത്വത്തെ മുന്നോട്ടു കൊണ്ടുവരിക എന്നത് യൂണിറ്റ്തലം മുതൽ അതിരൂപതാതലം വരെ നിലവിലുള്ള വിവിധ സമിതികളിലും സംവിധാനങ്ങളിലും നേതൃത്വത്തിൽ നിൽക്കുന്നവരുടെ മുഖ്യമായ





ഉത്തരവാദിത്വവും ദൗത്യവും വെല്ലുവിളിയുമാണ്. തങ്ങൾ കണ്ടനുഭവിച്ചറിഞ്ഞ യേശുവിന്റെ ശിഷ്യത്വത്തിലേയ്ക്ക് ആദ്യ ശ്ലീഹാന്മാരായ അന്ത്രയോസും ഫീലിപ്പോസും മറ്റ് ശിഷ്യന്മാരെ ആനയിച്ച (യോഹ. 1:40 – 48) മനോഭാവത്തോടെ പുതിയ നേതൃത്വത്തെ, പ്രത്യേകിച്ച്, സഭാ കാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കുന്നവരായ അറിവും കഴിവും കാര്യശേഷിയുള്ളവരെ സഭാ പ്രവർത്തനങ്ങളിലേയ്ക്ക് കൊണ്ടുവരാനുള്ള താല്പര്യവും ഉത്തരവാദിത്തവും നിലവിലുള്ള നേതൃത്വത്തിനുണ്ടാകണം. കാര്യപ്രാപ്തിയും അറിവും നൈപുണ്യവുമുള്ള നിരവധിപേർ സഭാപ്രവർത്തനങ്ങളിൽനിന്ന് വിവിധ കാരണങ്ങളാൽ വിട്ടുനില്ക്കുന്നുണ്ട്. ഇവർ ക്രിസ്തീയ പങ്കാളിത്ത മനോഭാവത്തോടെ പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും തുടർന്ന് തെരഞ്ഞെടുപ്പിലൂടെ നേതൃത്വത്തിലേയ്ക്ക് വരികയും ചെയ്യുന്നതിന് സ്നേഹപൂർവ്വം പ്രേരിപ്പിക്കുന്ന ഉത്തരവാദിത്വം നിലവിലുള്ള ലീഡർമാർ നിർവ്വഹിക്കേണ്ടതുണ്ട്.

ഫെറോനാവികാരിമാർ, ശുശ്രൂഷകളുടെ ഫെറോന വൈദികകോർഡിനേറ്റർമാർ, സിസ്റ്റർമാർ, ആനിമേറ്റർമാർ എന്നിവർ ഇടവകവികാരിമാരേയും നിലവിലുള്ള നേതൃത്വത്തെയും വിശ്വാസത്തിലെടുത്ത് കൂട്ടുത്തരവാദിത്വത്തോടെ നിശ്ചിത സമയത്തിനുള്ളിൽ നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങളാണ് പരിശീലന പരിപാടികളും തെരഞ്ഞെടുപ്പ് പ്രക്രിയയും.

കത്തോലിക്കാസഭാംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം നവംബർ മാസം പരേതാത്മാക്കളെ അനുസ്മരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമായി മാറ്റിവച്ചിരിക്കുന്ന മാസമാണല്ലോ. പരേതരായ നമ്മുടെ പ്രിയപ്പെട്ട കുടുംബാംഗങ്ങളെയും നമ്മുടെ വ്യക്തിജീവിതത്തിലും ഇടവക സമൂഹത്തിലും വൈവിധ്യമാർന്ന ശുശ്രൂഷ ചെയ്ത് മൃതിയടഞ്ഞ വന്ദ്യ വൈദികരേയും സമർപ്പിതരേയും ഒപ്പം നമ്മുടെ സഭയുടെയും സമൂഹത്തിന്റേയും വളർച്ചയ്ക്ക് ത്യാഗോജ്ജ്വലമായ സംഭാവന നല്കി മൃതിയടഞ്ഞ സഹോദരങ്ങളെയും നന്ദിയോടെ ഓർക്കാം. അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. നമ്മുടെ പൂർവ്വികരുടെ ത്യാഗസംബന്ധമായ മാതൃകയും പ്രചോദനവും ഉൾക്കൊണ്ടുകൊണ്ട് പങ്കാളിത്ത സഭാസംവിധാന ങ്ങളെ ശക്തിപ്പെടുത്താം. അതിനാവശ്യമായ ശുശ്രൂഷകരെയും നേതൃത്വത്തെയും ഉത്തരവാദിത്വത്തോടെ തെരഞ്ഞെടുക്കാം... അതിനായ് താല്പര്യപൂർവ്വം ഒരുങ്ങാം.

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ.

## ARCHBISHOP'S DIARY, NOVEMBER 2018

| | | | |
|---|---|---|---|
| 02 | FRI | 05.00 pm | Holy Mass (Pattoor Cemetery) |
| 04 | SUN | 08.00 am | Confirmation, Chinnathurai |
| 06 | TUE | | KCBC Charismatic Meeting at POC |
| 07 | WED | 11.00 am | Marriage Blessing, Vettucaud |
| 09 | FRI | 10.00 am | Senate Meeting |
| 10 | SAT | 10.00 am | Archdiocesan Pastoral Council |
| 11 | SUN | 07.30 am | PASTORAL VISIT, POOVAR |
| 14 | WED | 11.00 am | Marriage Blessing, Vettucaud |
| 18 | SUN | 07.30 am | PASTORAL VISIT, SREEKARIAM |
| | | 02.00 pm | Parent's Day, St. Vincent's Seminary |
| 24 | SAT | 09.00 am | Confirmation, Eraviputhenthurai |
| 25 | SUN | 05.30 pm | Feast Day Eucharistic Celebration, Vettucaud |

**Fr. Shynish Bosco**
Secretary to Archbishop



സമന്വയ

## AUXILIARY BISHOP'S DIARY, NOVEMBER 2018

| | | | |
|---|---|---|---|
| 03 | SAT | 11.30 am | Holy Mass, Catechism Teachers, Pulluvila Forane |
| 04 | SUN | 10.00 am | Feast Day Eucharistic Celebration, Arayathuruthi |
| | | 04.30 pm | Catechism Teachers Sangamam, Palayam Forane |
| 09 | FRI | 10.00 am | Senate Meeting |
| 10 | SAT | 10.00 am | Archdiocesan Pastoral Council |
| 14 | WED | 11.00 am | Marriage Blessing, Pallithura |
| 15 | THU | 10.00 am | Silver Jubilee Celebration, All Saints College |
| 16 | FRI | 04.30 pm | Eucharistic Celebration, Vettucaud |
| 18 | SUN | 05.30 pm | Feast Day Eucharistic Celebration, Thazhampally |
| 25 | SUN | 10.00 pm | Feast Day Eucharistic Celebration, Kaariavattom |
| 30 | FRI | 05.30 pm | Feast Day Eucharistic Celebration, St. Xavier's Valiathura |

**Fr. Shynish Bosco**
Secretary to Archbishop

## തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 011/ 2018 / PL *വിജ്ഞാപനം* Dated: 15-10-2018

# മിഷൻ ഞായർ – 2018

***ദൈവത്തിനു സ്തുതി!***

***ദൈവജനത്തിന് സമാധാനം!***

***വന്ദ്യ വൈദികരേ, പ്രിയമക്കളേ,***

ഇന്ന് മിഷൻ ഞാറാഴ്ചയാണ്. പലരും ഈ ദിവസത്തെ സഭയുടെ പ്രവർത്തനങ്ങൾക്ക് ആവുന്നത്ര സംഭാവനകൾ നല്കുവാനും ശേഖരിക്കുവാനുമുള്ള ദിവസമായിട്ടാണ് കാണുന്നത്. മിഷൻ കവറുകൾ വിതരണം ചെയ്യുവാനും ശേഖരിക്കുന്ന ഉല്പന്നങ്ങൾ ലേലം വിളിച്ച് പണം സമാഹരിക്കുവാനും ഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് പിരിവുകൾ നടത്താനും ഉദാരമായ സംഭാവനകൾ നല്കാനും ധാരാളംപേർ മുന്നോട്ടുവരുന്ന ഒരു അവസരമാണിത്. വർഷംതോറുമുള്ള ഈ ആചരണം ഇതുപോലെ ഏതാനും ദിവസങ്ങൾമാത്രം ദീർഘിക്കുന്ന ഇത്തരം പ്രവർത്തനങ്ങളിൽ ഒതുങ്ങിനിന്നാൽ മതിയോ? അതിനെക്കാളുപരിയായി, ക്രൈസ്തവരെന്ന നിലയിൽ ദൈവം നമ്മെ ഭരമേല്പിക്കുന്ന, സ്വമേധയാ നാം ഏറ്റെടുക്കുന്ന ദൗത്യത്തെക്കുറിച്ച് ചിന്തിക്കുവാനും ദൗത്യനിർവ്വഹണത്തിനായി നമ്മെത്തന്നെ സമർപ്പിക്കുവാനുമുള്ള ദിവസമാണിത്. ഇതോടനുബന്ധിച്ചുള്ള എല്ലാ അനുഷ്ഠാനങ്ങളും സഹായസഹകരണങ്ങളും ഈ ദൗത്യനിർവ്വഹണത്തെ സഹായിക്കുന്നതായിരിക്കണം.

എന്താണ് ഈ ദൗത്യം? ഞാനും നിങ്ങളും ഏറ്റെടുക്കുന്ന ക്രിസ്തീയ ദൗത്യം യേശുക്രിസ്തുവിന്റെതന്നെ ദൗത്യത്തിന്റെ





തുടർച്ചയാണ്. 'മിഷൻ' എന്നാണ് ഈ ദൗത്യം അറിയപ്പെടുന്നത്. ഇതിൽനിന്നും വരുന്ന 'മിഷണറി' എന്ന വാക്കിന്റെ അർത്ഥം 'അയക്കപ്പെട്ടവൻ' എന്നാണ്. പിതാവ് സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേയ്ക്കയച്ച ആദ്യത്തെ മിഷണറി പുത്രനായ യേശുക്രിസ്തു തന്നെയാണ്. സ്നേഹംതന്നെയായ ദൈവം യേശുക്രിസ്തുവിലൂടെ എല്ലാവരെയും തന്റെ സ്നേഹാനുഭവത്തിലേയ്ക്ക് ക്ഷണിക്കുന്നു എന്ന സുവിശേഷം അഥവാ നല്ല വിശേഷം എല്ലാവരെയും അറിയിക്കുവാനാണ് ദൈവപിതാവ് ആദ്യത്തെ മിഷണറിയായി തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചത്. യേശുവുമായുള്ള സംസർഗ്ഗത്തിലൂടെ ഈ സുവിശേഷം അറിയുകയും അനുഭവിക്കുകയും ചെയ്ത സ്നാപകയോഹന്നാൻ ഈ അറിവും അനുഭവവും തന്റെ രണ്ടു ശിഷ്യന്മാർക്ക് പകർന്നുകൊടുത്തുകൊണ്ട് അവരെ യേശുവിന്റെ പക്കലേയ്ക്ക് അയയ്ക്കുന്നു. ഇവരിലൊരുവനായ അന്ത്രയോസ് ഈ സുവിശേഷം തന്റെ സഹോദരനായ ശിമയോനെ അറിയിക്കുകയും അദ്ദേഹത്തെ യേശുവിന്റെ പക്കലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. തുടർന്ന് അന്ത്രയോസും ശിമയോൻ പത്രോസും പീലിപ്പോസിനെയും പീലിപ്പോസ് നഥാനിയേലിനെയും ഈ സദ്വാർത്ത അറിയിച്ചശേഷം യേശുവിന്റെ പക്കലേക്ക് കൊണ്ടുവരുന്നു (Cfr. യോഹ. 1:35-51). "തന്നോടുകൂടെ ആയിരിക്കാനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും'' (മാർക്ക്. 3:14) വേണ്ടിയാണ് യേശു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തത്. അറിവും അനുഭവവും വേണ്ടുവോളം പകർന്നുകൊടുത്തതിനുശേഷം യേശു ഇവരെ സുവിശേഷ ദൗത്യവുമായി അയയ്ക്കുന്നു: "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മാർക്ക്.16:15). ഇങ്ങനെ സുവിശേഷാനുഭവത്തിനായി തെരഞ്ഞെടുക്കപ്പെടുകയും അറിവും അനുഭവവും എല്ലാവരുമായി പങ്കുവയ്ക്കാനായി അയയ്ക്കപ്പെടുകയും ചെയ്യുന്ന മിഷണറിമാരാണ് ശിഷ്യന്മാരെല്ലാം. ഓരോ ശിഷ്യനും ലഭിച്ചിരിക്കുന്ന കല്പന ഇതാണ്: "ഞാൻ അയയ്ക്കുന്നിടത്തേക്ക് നീ പോകണം; ഞാൻ കല്പിക്കുന്നതെന്തും സംസാരിക്കണം" (ജെറ. 1:7).

സഭാശുശ്രൂഷകരെന്നറിയപ്പെടുന്ന ഏതാനും പേരിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന ഒരു ദൗത്യമല്ല മിഷൻ അഥവാ പ്രേഷിത ദൗത്യം. യേശുവിന്റെ ശിഷ്യരാകുന്നവരെല്ലാം സ്വമേധയാ ഏറ്റെടുക്കുന്ന ഒരു ദൗത്യമാണിത്. യേശുവിനെ അറിയുകയും അനുഭവിക്കുകയും ഈ അറിവും അനുഭവവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്ന പ്രക്രിയയിലൂടെയല്ലാതെ ശിഷ്യത്വം പൂർണ്ണമാകുന്നില്ല. പ്രധാനമായും മൂന്നു ഘട്ടങ്ങളിലൂടെ ഈ പ്രേഷിത പ്രവർത്തന പ്രക്രിയ പൂർത്തിയാക്കുന്ന മാതൃകയാണ് മിഷണറിമാർ നമുക്കു നല്കുന്നത്. ഒന്നാമതായി, സുവിശേഷം വേണ്ടവിധം ശ്രവിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാത്ത ജനങ്ങളുടെ ഇടയിലേക്ക് മിഷണറിമാർ കടന്നുവന്നു. രണ്ടാമതായി, സുവിശേഷ പ്രഘോഷണത്തിലൂടെ മാനസാന്തരപ്പെട്ട എല്ലാവരെയും ഉൾപ്പെടുത്തി അവർ ക്രിസ്തീയ സമൂഹങ്ങൾക്ക് രൂപംകൊടുത്തു. മൂന്നാമതായി, മാനസാന്തരപ്പെട്ടവരെ നിരന്തരമായ മതബോധനത്തിലൂടെ വിശ്വാസ പക്വതയിലേക്കും ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും നയിച്ചു. സഭയ്ക്കുള്ളിലും പുറത്തും ഇന്നും എന്നും നാം നിർവ്വഹിക്കേണ്ട മിഷണറി പ്രവർത്തനമാണിത്.

സഭ മുഴുവനും പ്രേഷിതയാണെന്നും സുവിശേഷ വത്ക്കരണം ദൈവജനത്തിന്റെ അടിസ്ഥാനപരമായ ദൗത്യമാണെന്നും സഭയുടെ പ്രേഷിത പ്രവർത്തനത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഡിക്രി നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് പ്രേഷിതപ്രവർത്തനത്തിൽനിന്ന് സഭാംഗങ്ങളായ ആർക്കുംതന്നെ ഒഴിഞ്ഞുമാറുവാൻ സാധിക്കുകയില്ല. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ രക്ഷകന്റെ മിഷൻ എന്ന തന്റെ ചാക്രികലേഖനത്തിൽ അടിവരയിട്ടു പറയുന്നതും ഇതുതന്നെയാണ്: ക്രിസ്തീയ വിശ്വാസികളെ സംബന്ധിച്ചിടത്തോളം പ്രേഷിതപ്രവർത്തനം അവഗണിക്കുകയോ മാറ്റിവയ്ക്കാൻ സാധിക്കുകയോ ചെയ്യാവുന്ന ഒന്നല്ല, പിന്നെയോ ഓരോരുത്തരും നിർബന്ധമായും നിറവേറ്റേണ്ട ഒരു കടമയാണത്. ഫ്രാൻസിസ് പാപ്പയുടെ സുവിശേഷത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക ലേഖനത്തിലും വ്യക്തമായി അദ്ദേഹം നമ്മെ





പഠിപ്പിക്കുന്നതിതാണ്: "ജ്ഞാനസ്നാനം സ്വീകരിച്ചതിലൂടെ ദൈവജനത്തിലെ എല്ലാ അംഗങ്ങളും പ്രേഷിത ശിഷ്യരായി ത്തീർന്നിരിക്കുന്നു (Cfr.മത്താ.28:19). ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും സഭയിലെ അവരുടെ സ്ഥാനമോ വിശ്വാസത്തിലെ അവരുടെ പ്രബോധനമോ എന്തുതന്നെയായാലും സുവിശേഷ വൽക്കരണത്തിന്റെ പ്രതിനിധികളാണ്"(120). ഇക്കൊല്ലത്തെ പരിശുദ്ധപിതാവിന്റെ മിഷൻഞായർ സന്ദേശത്തിലും യുവാക്കളെ അഭിസംബോധന ചെയ്തുകൊണ്ട് സന്മനസ്സുള്ള എല്ലാവരെയും ഫ്രാൻസിസ് പാപ്പ ഓർമ്മിപ്പിക്കുന്നതും സഭാംഗങ്ങളുടെ ഈ പ്രേഷിത ദൗത്യംതന്നെയാണ്. സ്നേഹത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് സാദ്ധ്യമായ വേദികളിലെല്ലാം കടന്നുചെന്ന് യേശുവിലുള്ള വിശ്വാസത്തിന് സാക്ഷ്യംവഹിക്കാനാണ് മാർപാപ്പ എല്ലാവരെയും ആഹ്വാനം ചെയ്യുന്നത്. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽനിന്നും ആരും ഒഴിഞ്ഞുമാററുതെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഈ വാക്കുകളിലൂടെയാണ് പാപ്പ തന്റെ മിഷൻ ഞായർ സന്ദേശം ഉപസംഹരിക്കുന്നത്: "ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമി ല്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം "അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ". ഞാനും മിഷണറിയാണ് എന്ന അവബോധ ത്തോടെ ഏശയ്യാ പ്രവാചകനോടൊപ്പം "ഇതാ ഞാൻ! എന്നെ അയച്ചാലും" (6:8) എന്നു പറഞ്ഞുകൊണ്ട് പ്രേഷിത പ്രവർത്തന ങ്ങൾക്കായി നമ്മെത്തന്നെ സന്തോഷപൂർവ്വം സമർപ്പിക്കാം.

പതിവുപോലെ കഴിഞ്ഞകൊല്ലം (2017) വിവിധ ആവശ്യങ്ങൾക്കായി നിങ്ങളിൽനിന്നും പിരിഞ്ഞുകിട്ടിയ മൊത്തം തുകയും വരവു ചെലവു കണക്കുകളുടെ സംക്ഷിപ്ത രൂപവും നിങ്ങളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ചേർക്കുന്നു.

കഴിഞ്ഞകൊല്ലം മൊത്തത്തിൽ നമ്മുടെ അതിരൂപതയിൽ നിന്നും സമാഹരിക്കാൻ സാധിച്ചത് ഒരു കോടി അൻപത്തിനാലു ലക്ഷത്തി പതിമൂന്നായിരത്തി എഴുന്നൂറ്റിപ്പതിനാല് (1,54,13,714/-)

രൂപയാണ്.

*മൊത്തത്തിൽ കൂടുതൽ സംഭാവന ആളോഹരി ക്രമത്തിൽ കൂടുതൽ*

| *നല്കിയ ഇടവകകൾ* | | *സംഭാവനകൾ നല്കിയ ഇടവക* | |
|---|---|---|---|
| 1. പാളയം | –12,00,000/- | 1. മണക്കാട് | – 328/- |
| 2. പുത്തൻത്തോപ്പ് | –5,75,000/- | 2. ശ്രീകാര്യം | – 295/- |
| 3. പുല്ലുവിള | – 4,62,751/- | 3. ഞാണ്ടൂർകോണം | – 209/- |
| 4. വെട്ടുകാട് | – 4,59,751/- | 4. പാളയം | – 206/- |
| 5. പൂന്തുറ | – 4,08,692/- | 5. വികാസ് നഗർ | – 202/- |
| 6. മരിയനാട് | – 4,08,256/- | 6. വർക്കല | – 190/- |
| 7. പുതിയതുറ | – 4,00,000/- | 7. നന്തൻകോട് | – 188/- |
| 8. പേട്ട | – 3,45,183/- | 8. മംഗലപുരം | – 186/- |
| 9. കണ്ണാന്തുറ | – 3,40,000/- | 9. കഴക്കൂട്ടം സെന്റ് ജോസഫ് | -178/- |
| 10. അഞ്ചുതെങ്ങ് | – 3,34,812/- | 10. കിള്ളിപ്പാലം | – 175/- |

13 സ്ഥാപനങ്ങളും 41 സന്യാസ ഭവനങ്ങളും അവരവരുടേതായ സംഭാവനകൾ നല്കിയിട്ടുണ്ട്. ഒരു ലക്ഷത്തി ആയിരം രൂപ നല്കിയ ലൂർദ്ദുപുരം സെന്റ് ഹെലൻസ് സ്കൂളും ഒരു ലക്ഷം രൂപ നല്കിയ സി.സി.ആർ. ജനറലേറ്റുമാണ് മുൻനിരയിൽ നില്ക്കുന്നത്.

ഇപ്രകാരം കഴിഞ്ഞകൊല്ലം ശേഖരിച്ച തുകയിൽ നാൽപ്പത്തിയൊൻപത് ലക്ഷം രൂപ (49,00,000/-) റോമിലെ വിവിധ തിരുസംഘങ്ങൾക്ക് അയച്ചുകൊടുത്തു. ഏഴു ലക്ഷത്തി നാൽപ്പത്തിയൊൻപതിനായിരത്തി നാന്നൂറ്റിതൊണ്ണൂറ് രൂപ (7,49,490/) ഭാരതത്തിലെയും കേരളത്തിലെയും വിവിധ മെത്രാൻ സമിതികളുടെ ശുശ്രൂഷയ്ക്കായി നല്കി. ബാക്കിയുള്ള തൊണ്ണൂറ്റിയേഴുലക്ഷത്തി അറുപത്തി നാലായിരത്തി ഇരുന്നൂറ്റി ഇരുപത്തിന്നാല് (97,64,224/-) രൂപയിൽ അറുപത്തിയാറു ലക്ഷത്തോളം രൂപ (66,31,490/-) ഇതിനകംതന്നെ വിവിധ മിഷൻ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുതിനും പുതുതായി പണിത ദൈവാലയങ്ങളുടെ പൂർത്തീകരണത്തിനായും, ഇരുപത്തിയഞ്ചുലക്ഷം രൂപ (25,0000/) ഭവനനിർമ്മാണത്തിനായും നല്കുകയുണ്ടായി.





സാമ്പത്തിക സഹായം നല്കാൻ ത്യാഗപൂർവ്വം മുന്നോട്ടു വന്ന എല്ലാവർക്കും നന്ദി പറയുന്നു. ഈ താത്പര്യവും ആവേശവും തുടരണമെന്ന് അഭ്യർഥിക്കുന്നു. സർവ്വോപരി പ്രാർഥനയിലൂടെയും പരിത്യാഗപ്രവൃത്തികളിലൂടെയും ജീവിതനവീകരണത്തിലൂടെയും സഭയിലെ പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി സഹകരിക്കുവാൻ നമുക്കെല്ലാം സാധിക്കും. പ്രേഷിതരുടെ രാജ്ഞിയായ നമ്മുടെ സ്വർഗ്ഗീയമാതാവിന്റെയും പ്രേഷിത പ്രവർത്തകരുടെയെല്ലാം മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടെയും ശക്തമായ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും ആവുന്നത്ര സംഭാവനകൾ നല്കി പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനായി സഹകരിക്കുകയും ചെയ്യാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം, † സൂസപാക്യം എം.
15-10-2018 തിരുവനന്തപുരം മെത്രാപ്പോലീത്ത

NB: ഈ ഇടയലേഖനം 2018 ഒക്ടോബർ മാസം 21-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.

P.S: ........................................ ഇടവകയിൽനിന്നും കഴിഞ്ഞകൊല്ലം (2017) മൊത്തത്തിൽ .......................... രൂപയും ആളോഹരി ഇനത്തിൽ ........................ രൂപയും സംഭാവനയായി ലഭിക്കുകയുണ്ടായി.

## NOVEMBER 2018

### 1. BIRTHDAYS

| | | |
|---|---|---|
| 1. | Rev. Fr. Antony L. Ofm Cap | 01.11.1966 |
| 2. | Rev. Dr. Laurence J. Culas | 02.11.1969 |
| 3. | Rev. Fr. Antony Sylvester | 08.11.1950 |
| 4. | Bro. Arogyanadhan S.H.J. | 08.11.1944 |
| 5. | Rev. Fr. Dony. D. Paul | 10.11.1985 |
| 6. | Rev. Fr. Andrew Kosmos | 11.11.1968 |
| 7. | Rev. Fr. Stalin Fernandez A | 11.11.1986 |
| 8. | Rev. Fr. Jerome Alphonse | 12.11.1966 |
| 9. | Rev. Dr. Dyson Y. | 14.11.1971 |
| 10. | Rev. Fr. Suresh Pius M | 15.11.1985 |
| 11. | Rev. Fr. Moses Pereira | 19.11.1926 |
| 12. | Rev. Fr. Aristotle Wellesley Franko O.de.M | 20.11.1982 |
| 13. | Rev. Fr. Gerard D. | 21.11.1974 |
| 14. | Rev. Fr. Jerome Amirthayyan | 24.11.1980 |
| 15. | Rev. Fr. Maria Mentil Joseph O.de.M | 27.11.1984 |

### 2. BIRTHDAY OF OUR AUXILIARY BISHOP

25th November is the Birthday and Ordination Anniversary of our Auxiliary Bishop Most Rev. Dr. Christudas Rajappan. Reverend Parish Priests are requested to kindly add special intention for the Auxiliary Bishop in the prayer of the faithful during Holy Eucharist and to exhort the faithful to offer their family prayers for our Auxiliary Bishop during these days in a special way.





### 3. ORDINATION ANNIVERSARYS

| | |
|---|---|
| 1. Rev. Fr. K.M. Prabhudass, S.J. | 05.11.2005 |
| 2. Rev. Fr. T. V. Antony SJ | 10.11.2012 |
| 3. Rev. Fr. Antony L. Ofm Cap | 23.11.1999 |
| 4. Rev. Fr. Justin Francis OFM Cap | 24.11.1999 |
| 5. Rev. Fr. Yesudasan Marian IC | 29.11.2017 |

### 4. DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. Paul Victor Vattathara | 06.11.1986 |
| 2. Rev. Fr. Antony Gabriel | 12.11.1984 |
| 3. Rev. Msgr Gabriel D'Cruz | 17.11.1981 |
| 4. Rev. Fr. Rajan A | 18.11.2012 |
| 5. Rev. Fr. Thomas P.C. | 26.11.1987 |
| 6. Rev. Fr. Joseph Thottukadavil | 29.11.1975 |
| 7. Rev. Fr. Basil Fernandez | 29.11.1976 |
| 8. Rev. Fr. Justin OCD | 30.11.1959 |

### 5. PERPETUAL DAY ADORATION

| | |
|---|---|
| 1. St. Anne's Church, Pettah | 23-11-2018 |
| 2. St. Augustine's Church, Murukkumpuzha | 28-11-2018 |

### 6. APPOINTMENT ORDERS

Rev. Fr. Manish Peter Assistant Parish Priest, St. Anne's Forane Church, Pallimukku, Trivandrum with effect from 25th october 2018;

**STATUTES OF THE (COUNCIL) SENATE OF PRIESTS ARCHDIOCESE OF TRIVANDRUM**

*(Based on the discussions held at the CWC Meeting on 21-08-2018; and the Senate on 09-08-2018)*

1. The diocesan bishop and the priests of a diocese, because they share in the one priesthood of Christ and continue His redemptive work in a particular part of the vineyard of the Lord, form one presbyterium, or one priestly family, of which the bishop, representing Christ Himself is the father. Thus united among themselves and with the diocesan bishop priests exercise their sacred ministry in order to build up the Body of Christ, under the direction of the diocesan bishop.

2. The II Vatican Council considered it necessary and opportune to make this hierarchical union of priests more conducive to the good of the Church by means of a new consultative body, 'Senate of Priests' to be established in each diocese, 'adapted to modern circumstances and needs', to help the Bishop in the governance of the Diocese (*Presbyterorum Ordinis*, 7). This Council is an expression of the brotherhood between the bishop and the priests in a dioceses as well as the hierarchical communion between





them founded on the unity on the ministerial priesthood (cf. *Apostolorum Succesores* 182). Pope Paul VI, by his apostolic letter '*Ecclesiae Sanctae'* no. 15, made the establishment of the Senate of Priests obligatory in a diocese.

3. The Code of Canon Law has laid down that in each diocese there is to be established a Council of Priests whose role is to assist the diocesan bishop in accordance with the law, in the governance of the diocese, so that the pastoral welfare of that portion of the people of God entrusted to the Bishop may be most effectively promoted (*CIC* Canon = [c.] 495 §1). Hence in accordance with the spirit of Second Vatican Council and the provisions of the Code of Canon Law, a Council of Priests for the Latin Archdiocese of Trivandrum is established with the following statutes (c. 496).

### ARTICLE I: NAME

4. This representative body of priests in a diocese is known as the 'Senate of Priests' or 'Council of Priests' or 'priests' council' or 'sacerdotal council'. In the Archdiocese of Trivandrum it is customarily known as Senate, hereinafter referred to in these Statutes as "Senate of Priests".

### Article II: Nature and Competence

5. ***Nature:*** Senate of Priests is a group of priests representing the presbyterium, which in its capacity of the Senate in the Governance of the archdiocese, assists the diocesan Bishop by consultation and counsil regarding all matters pertaining to the needs of Pastoral work and the Government of the archdiocese.

6. ***Competence:*** The competence of the Senate of Priests pertains to the matters of sanctification of the faithful, the doctrine to teach, general administration of the diocese and to promote good of the diocese by offering counsil to the bishop (cf. Sacred Congregation for the Clergy, Circular Letter: *Presbyter Sacra*, no. 8, 11 April 1970, in *AAS*, 62 (1970), 459-465).

6.1. The eight instances the Code identified in which the diocesan bishop need to hear the Senate of Priests are: to convoke a synod (c. 461 §1), to establish, alter or suppress parish/es (c. 515 §2), concerning remuneration of clerics (cc. 531, 551), to mandate pastoral council in each parish (c. 536 §1), to erect a new Church building (c. 1215 §2), to relegate a Church to profane but not sordid use (c. 1222 §2) and to impose the ordinary and extra ordinary diocesan taxes (c. 1263).





6.2. In general it is for the Senate to urge the norms which may be established, and to propose questions or principles but not to deal with questions which of their nature demand a more discrete procedure eg. Assignment of different offices in the Archdiocese.

### Article III: Aims and Objectives

7. The chief objectives of the Senate are the following:

7.1. To advise the Bishop regarding questions of major importance pertaining to the sanctification of the faithful, doctrinal teaching and archdiocesan administration, in conformity with the universal laws of the Church, as and when the diocesan bishop proposes them or at least allows their consideration.

7.2. To promote hierarchical union among the clergy.

7.3. To establish easier contact with all priests.

7.4. To know better the desires and aspirations of the priests.

7.5. To evaluate better the conditions of the archdiocese.

7.6. For exchange of pastoral experiences among the Priests.

7.7. To weigh better the needs of Priests and people.

7.8. To undertake apostolic projects suited to the needs of the times and to explain and solve difficulties incurred therein, by common effort.

### Article IV: Membership

8. In order that the Senate may be an advisory body, representing the Clergy of the archdiocese, it should be able first of all to pool in: (a) the best experience and (b) the soundest doctrine and opinion available from the Clergy of the archdiocese, and secondly to have exposed and fruitfully discussed the various administrative, pastoral and spiritual problems which priests of different ministries, and age-groups have to struggle with. The composition of the Senate of priests is given in *CIC* c. 497 demands three categories viz. those who are elected, ex-officios, and nominated ones.

9. ***Ex-Officio Members*** *(14 Members)*: They are by their very office, expected to be deeply interested in the general welfare of the archdiocese. The diocesan bishop decides or declares beforehand who among the clergy holding responsible posts and are intimately connected with the general welfare of the archdiocese should be members of the Senate Ex-officio. They are the following:





1. Diocesan bishop (President)
2. Vicar General
3. Chancellor
4. Judicial Vicar
5. Procurator
6. Rector of Archdiocesan Seminary
7. Coordinator of Archdiocesan Ministries
8. Pastoral Ministry Director
9. Education Ministry Director
10. Social Action Ministry Director
11. Family Ministry Director
12. Youth Ministry Director
13. Laity Ministry Director
14. BCC Executive Secretary

In accordance with the changes in the governance - structure made from time to time and the Pastoral requirements of the Diocese, Bishop may declare those persons to be included in this category of Ex-officio members.

10. ***Elected Members*** *(16+3=19 Members)*: More than half of the members of the Senate should be freely elected by the members

(clergy) from the General Body (presbyterium). As regards membership and voting power, instructions of c. 498 have to be followed: c. 498 §1: The following have the right to both an active and a passive voice in an election to the Council of Priests: 1. All secular priests incardinated in the diocese. 2. Priests who are living in the diocese and exercise some useful office there, whether they be secular priests not incardinated in the diocese or priest members of religious institutes or of societies of apostolic life.

11. The *Senate Election* is conducted in a Presbyterium which shall be intimated in advance through a Notice. Chancellor narrates the procedure for the election. Under the presiding of the diocesan bishop two senior most and two junior most priests help the election procedures and the diocesan bishop declares the result of the Election in public.

12. *Priests Representing Religious Institutes or Societies of Apostolic Life (3 Members)* Three Religious representatives who are to be parish priests/Superiors are to be elected by the Religious men working in the Archdiocese. This election is done at the time of Senate Election mentioned in no.11.





13. ***Nominated Members*** *(2 Members)*: Two members may be nominated by the diocesan Bishop who by their presence and participation can enrich the Senate of Priests.

### Article V: Office Bearers and Representatives

14. ***The President***: the Archbishop of the Archdiocese shall be the President of the Senate. The diocesan bishop convokes, chairs and decides (cf. c. 500 §§1,3) in the Senate. In his absence he may delegate a member of the Senate to preside over the meeting/s. The nature of Senate is consultative, but the diocesan bishop in particular cases can make the Senate take a deliberative vote (cf. *Presbyter Sacra*, No. 9). The president may not disregard the important and serious suggestions proposed by the member for the integral Pastoral development of the Archdiocese.

15. ***The General Secretary***: The General Secretary shall be elected by the members from among the elected members in the First Meeting. He is to convene the meetings after consultation with the agenda committee and the approval of the President. He is to keep the records of the Senate, including an accurate roster of the Senate

Members, Committees, reports etc. He has to take roll-call, to record the minutes of the meetings and to prepare their reports and present them in the following meetings. He functions as the connecting link between all the Meetings and Committees related to the Senate.

16. ***Representatives and others Officials*** from the senate:

16.1. Senate Representatives to the Archdiocesan Ministries: Senate Members shall elect one each representative from the *Elected members* to archdiocesan Ministries (Pastoral, Social Action, Education, Family, Youth, Laity, BCC) who will be part of Governing Body/ Board of the respective ministry.

16.2. Two Parish Priests for Special Procedures mentioned in the Code: Transfer and Removal of Parish Priests; cf. cc. 1742; 1750.

16.3. Representatives to KRLCC; Representatives to Reconciliation Forum, etc.

## Article VI: Term of Office

17. ***For the Senate*:** Normally, the Senate shall be constituted for a period of 2 years, and at the expiry of the period it shall be re-





constituted. The Senate, however, shall not automatically cease to exist, but shall continue to function till a new Senate is constituted.

18. In *Sede vacante* the Senate of Priests ceases to exist, unless in special circumstances to be reviewed by the Holy See, the Vicar Capitular or the Administrator Apostolic confirms its existence. In vacancy the College of Consultors fulfills its functions (c. 501 §2); and the new diocesan bishop will constitute his own Senate.

19. ***For the Members*** in a senate the term is as follows:

19.1. The Ex-officio members will retain their membership as long as they are in their respective offices.

19.2. The term of the elected, nominated and Representative members ends with the termination of the term of the Senate.

19.3. Any member may terminate his membership by resignation given in writing, showing the reasons and accepted by the President.

19.4. A member who absents himself successively for three Senate Ordinary meetings without prior information shall *ipso facto* lose his membership.

19.5. If at the judgment of the President, any member is found unfit owing to ill-health or other reasons, the President may after consultation with the Central Working Committee advise the said member to give his resignation, or declare his membership terminated.

19.6. The seat of a member of the Senate may also become vacant automatically by his death or by his incurring ecclesiastical censure / suspension.

19.7. New members substituted for others either by reason of their succession in office or by adding one from the elected members list or nomination, retain their membership only till the end of the term of the current Senate.

## Article VII: Functioning of the Senate

20. ***General Meetings:*** There shall be at least 3 ordinary meetings of the Senate in a year; and a Ten days notice shall be given to the Members for the meeting/s.

21. Special of ***Extraordinary Meetings*** shall be convened whenever the diocesan bishop wants to hold them, or at the request of half the number of Senators. One week's notice should be given unless the matter is of an emergent nature for extraordinary meetings.



സമന്വയ

22. The ***quorum*** for the meetings shall be 50% of the total membership except for the amendment of the Statutes, for which a 2/3 majority (67%) is required.

23. Meetings adjourned for want of quorum shall be convened after a month, unless it is an emergency meeting. And the second meeting can proceed with the Agenda even if there is not the required quorum, unless it is for amending the statutes.

24. ***The Agenda of the General Meeting*** may include:

24.1. Matters which pertain to the needs of pastoral work and the welfare of the archdiocese, as proposed *by the Members* directly to the General Secretary or to the diocesan bishop and accepted by the Agenda Committee and approved by the President.

24.2. Items based on the *current Reports* of the Senate Committees, the Senate Representative/s to the Ministries, Forums, tasks, etc.

24.3. Suggestions *from non-members* with an explanatory note regarding the importance of the suggestion received normally through the Agenda Committee and accepted by them. For this, the Agenda for the Senate, it is to be invited from the Clergy in the Archdiocese at least one

month before the Ordinary Meeting. After finalizing of the Agenda for the Meeting, the Agenda together with the proposals received are to be intimated to the Members and other Priests.

24.4. Items suggested or proposed *by the diocesan bishop* and included in the Agenda

25. **Committees of the senate*:*** The Committees of the Senate of Priests are of two kinds: namely General and Particular. ***The General Committees*** are for Election, Agenda Preparation and the Central Working Committee for the execution of the proposals of the senate

26. ***Election Committee*** (4 members): Chancellor, a senior most and a junior most members of the Senate of Priests, together with the General Secretary shall conduct elections to various committees of the Senate, Representatives to various Bodies, Ministries etc. During election care has be given to grant only one office to a Senate member so that he could function effectively in the senate and make better rapport with the relating Body. Before proceeding to other elections the General Secretary is to be elected by the Members from among the elected ones.





27. ***Agenda Committee*** (6 members): It consists of four members elected from the Senate, Chancellor and the General Secretary. It shall invite the Agenda from the priests of the diocese and shall decide on the relevant matters to be proposed to the diocesan Bishop for approval. They shall also identify the relevant matters for discussion and place it before the diocesan bishop for approval.

28. ***Central Working Committee*** (14 members): It consists of all the members of the Agenda Committee (6 members), one member each elected for the different Ministries (7 members) and the Vicar General who convenes the Meeting. It facilitates and monitors the implementation of various suggestions and proposals of the Senate. It also facilitates reporting of various particular committees of their activities to the Senate.

29. ***Particular Committees:*** They are entrusted with (the study of) special questions and particular aspects of the Pastoral mission and the welfare of the archdiocese to be studied and reported. As it is advisable to have different particular committees permanently or temporarily constituted to study different questions of major importance like on Priestly training, the Sacred/ pastoral Ministry, Education, Social Action, Family, Marriage, Youth, Children,

Temporal Administration, Missions, Dialogue, Ecumenism, Lay Apostolate, Fisheries, Ockhi and similar Condition/s etc.

### ARTICLE VIII: AMENDMENTS AND INTERPRETATION

30. It belongs to the exclusive competence of the diocesan bishop to modify the articles of the Constitution on his own initiative or at the request of $^2/_3$ Members of the Senate, and to give authentic interpretation to the same.

This bylaw comes to effect from 1st November 2018.

Given on 1st October 2018 Vellayambalam

| | |
|---|---|
| Rev. Dr. Edison Y.M. | † Soosa Pakiam M. |
| Chancellor | Archbishop of Trivandrum |





## Metropolitan Tribunal News
## October-2018

| | | |
|---|---|---|
| Number of Cases at the beginning of 2018 October | - | 220 |
| Received Cases in the Month of October | - | 010 |
| Total | = | 230 |

Decreed Case - 06

Balance Cases = 230-06 = 224

***Decreed Cases : 06***

1. Case No: MTLAT/83/2016 between Stebert Kumar and Telma
2. Case No: MTLAT/71/2016 between Seena and Joseph Honston
3. Case No: MTLAT/49/2016 between Shanthi and Cleetus
4. Case No: MTLAT/27/2016 between Simon and Mable
5. Case No: MTLAT/54&62/2017 between Judit Cleetus and Augustine Christopher

**Fr. Jose G.**
Judicial Vicar

# ബിസിസി

## അതിരൂപതാതലം

**1. മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷൻ ഒന്നാം വാർഷികം**

2017 ഒക്ടോബർ 6, 7, 8 തീയതികളിൽ പ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടത്തുവച്ചു നടന്ന കേരള ലത്തീൻ സഭയുടെയും സമുദായത്തിന്റെയും അവിസ്മരണീയാനുഭവവും ചരിത്രത്തിന്റെ നാഴികകല്ലുമായിത്തീർന്ന മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷന്റെ ഒന്നാം വാർഷികം സംസ്ഥാനം, രൂപതാ, ഇടവക, ബി.സി.സി. എന്നീ തലങ്ങളിൽ സമുചിതമായി ആഘോഷിച്ചു.

**2. ചെറിയ ഒത്തുവാസം (Mini Living - in - Together)**

സംസ്ഥാനതലത്തിൽ അനാവശ്യമായ ആർഭാടങ്ങളും ആഘോഷങ്ങളും ഒഴിവാക്കിക്കൊണ്ട് നവീകരണാനുഭവം പ്രോജ്വലിപ്പിച്ചുകൊണ്ട് പങ്കാളിത്തസഭാ സംവിധാനം ശക്തിപ്പെടുത്തി സുവിശേഷസാക്ഷ്യം ആഴപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ഒക്ടോബർ 5, 6 തീയതികളിൽ ആലുവ കർമലഗിരി സെമിനാരിയിൽ വച്ച് ചെറിയൊരു ഒത്തുവാസം (Mini Living - in - Together) നടത്തുകയുണ്ടായി. എല്ലാ രൂപതകളിലെയും അഭിവന്ദ്യ പിതാക്കന്മാർ, വികാരി ജനറൽ, ശുശ്രൂഷാ കോർഡിനേറ്റർ, ശുശ്രൂഷാ സമിതികളുടെ ഡയറക്ടർമാർ, ഫെറോനാ വികാരിമാർ, രൂപതാ ബി.സി.സി. പ്രതിനിധികൾ, സംസ്ഥാനതല കമ്മിഷൻ സെക്രട്ടറിമാർ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി നടത്തിയ ഒത്തുവാസത്തിൽ മുഖ്യമായും മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷന്റെ ഉദ്ദേശലക്ഷ്യങ്ങളും തീരുമാനങ്ങളും രൂപതാ - ഇടവക - ബി.സി.സി. യൂണിറ്റുകളിൽ എന്തുമാത്രം നടപ്പിലാക്കാൻ സാധിച്ചു; അവ നടപ്പിലാക്കുന്നതിൽ നേരിടുന്ന പ്രതിബന്ധങ്ങൾ, പ്രതിവിധികൾ എന്നിവയാണ് ചർച്ച ചെയ്യപ്പെട്ടത്. പ്രസ്തുത ഒത്തുവാസത്തിൽ നമ്മുടെ അതിരൂപതയിൽ നിന്നും 20 അംഗങ്ങൾ പങ്കെടുത്തു.





**3. മാതാവിന്റെ വിമല ഹൃദയത്തോടുള്ള പ്രതിഷ്ഠാ പ്രാർത്ഥനയുടെ നവീകരണം**

മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷന്റെ ഒന്നാം വാർഷികം ഇടവകകളിലും ബി.സി.സി. യൂണിറ്റുകളിലും നടത്തുന്നതിന്റെ ഭാഗമായി ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപതയിലെ എല്ലാ ബി.സി.സി. യൂണിറ്റുകളും സവിശേഷമായ യോഗം കൂടി 2017 ഒക്ടോബർ 8-ാം തീയതി മാതാവിന്റെ വിമല ഹൃദയത്തിൽ സമർപ്പിച്ചുകൊണ്ട് നടത്തിയ പ്രതിഷ്ഠാ പ്രാർത്ഥന നവീകരിക്കുകയുണ്ടായി. അതിരൂപതയിലെ ഭൂരിപക്ഷം ഇടവകകളും ലഭിച്ച നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സവിശേഷയോഗം കൂടി താല്പര്യപൂർവ്വം പ്രതിഷ്ഠാപ്രാർത്ഥനയിൽ പങ്കെടുത്തു. പലവിധ അസൗകര്യങ്ങളാൽ 7-ാം തീയതി കൂടാൻ സാധിക്കാത്ത യൂണിറ്റുകൾ സൗകര്യപ്രദമായ മറ്റൊരു ദിവസം കൂടുകയും പ്രതിഷ്ഠ നടത്തുകയും ചെയ്തു. ഈ വാർഷികാചരണത്തിൽ സഹകരിച്ച ഏവർക്കും നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

**4. ബാംഗ്ളൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പിരിച്വാലിറ്റി (IIS) വിദ്യാർത്ഥികളുടെ സന്ദർശനവും പഠനക്കളരിയും**

എം.എസ്.എഫ്.എസ്. (ഒടഎട) സന്യസ്തസഭയുടെ നേതൃത്വത്തിൽ നടത്തുന്ന ബാംഗളൂരിലെ ഭാരതീയ ആദ്ധ്യാത്മിക പഠനകേന്ദ്രത്തിൽ ആദ്ധ്യാത്മികതയിൽ ബിരുദാനന്തര ബിരുദം നടത്തുന്ന 18 വിദ്യാർത്ഥികൾ തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ബി.സി.സി. സംവിധാനങ്ങളെയും അതിനോടനുബന്ധിച്ച് നടത്തുന്ന ശുശ്രൂഷാതല പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുവാനും നേരിൽ കണ്ട് മനസിലാക്കുവാനുമായി ഒക്ടോബർ 14 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ നമ്മുടെ അതിരൂപത സന്ദർശിച്ചു. അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്ത പഠനക്കളരിയിൽ

അതിരൂപതയുടെ ചരിത്രത്തിന്റെ നാൾവഴികൾ, നവീകരണ പ്രക്രിയകൾ, ബി.സി.സി.കളുടെയും ശുശ്രൂഷാ സംവിധാനങ്ങളുടെയും ആവിർഭാവവും പ്രവർത്തനങ്ങളും അതിരൂപതാ - ഫെറോനാ - ഇടവകതലങ്ങളിൽ പ്രവർത്തിക്കുന്ന ഭരണ - പങ്കാളിത്ത സഭാ സംവിധാനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്ക് മോൺ. യൂജിൻ എച്ച്. പെരേര, മോൺ. ജെയിംസ് കുലാസ്, അതിരൂപതാ ശുശ്രൂഷകളുടെ കോർഡിനേറ്റർ, ശുശ്രൂഷാ ഡയറക്ടർമാർ, ചാൻസിലർ, ജുഡീഷ്യൽ വികാർ എന്നിവർ നേതൃത്വം നൽകി. അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്ത വളരെ അനൗപചാരികമായ രീതിയിൽ അതിരൂപതയുടെ അജപാലന വീക്ഷണത്തെയും അവ നടപ്പിലാക്കുന്നതിനായി അവലംബിച്ചിരിക്കുന്ന സംവിധാനങ്ങളെയും കുറിച്ചുള്ള തന്റെ അനുഭവവും വിലയിരുത്തലും പങ്കുവച്ചു.

ഈ മേഖലയിൽ ഇടവക വികാരിമാർ, വിവിധ ശുശ്രൂഷകളുടെ ഫെറോന ആനിമേറ്റർമാർ, അല്മായ ഭാരവാഹികൾ എന്നിവരുടെ പ്രതിനിധികൾ തങ്ങളുടെ അനുഭവങ്ങളും നേരിടുന്ന വെല്ലുവിളികളും പങ്കുവച്ചു. ഒപ്പം എല്ലാ ശുശ്രൂഷാസമിതികളുടെയും പങ്കാളിത്തത്തോടും സഹകരണത്തോടും അതിരൂപതയിൽ നടത്തുന്ന ഹോം മിഷന്റെ ഉദ്ദേശലക്ഷ്യങ്ങളും അതിലൂടെ ഇടവകാംഗങ്ങൾക്ക് കൈവരുന്ന നവീകരണാനുഭവങ്ങളും ഹോം മിഷൻ സിസ്റ്റേഴ്സ് പങ്കുവച്ചു.

സ്റ്റഡി ടീം അംഗങ്ങൾ എല്ലാ ദിവസവും വൈകുന്നേരം കണ്ണാന്തുറ, ചെറിയതുറ, മുട്ടട, പള്ളിത്തുറ എന്നീ ഇടവകകൾ സന്ദർശിച്ച് ബി.സി.സി. യൂണിറ്റ് യോഗങ്ങളിൽ പങ്കെടുത്തു. പഠനക്കളരിയും ഇടവക - യൂണിറ്റ് സന്ദർശനങ്ങളും ടീം അംഗങ്ങൾക്ക് ആത്മീയതയുടെ പുത്തൻ അനുഭവങ്ങളും പങ്കാളിത്തസഭയെയും സുവിശേഷവല്ക്കരണത്തിൽ ശുശ്രൂഷാ സമിതികളുടെ പ്രസക്തിയെയും കുറിച്ചുള്ള നവീനമായ ഉൾക്കാഴ്ചകളും നല്കുന്നവയായിരുന്നുവെന്ന് വിലയിരുത്തൽ യോഗത്തിൽ പങ്കുവച്ചു. ഫാ. മൈക്കൾ തോമസ്, ഫാ. സുരേഷ് പയസ്, അതിരൂപതാ ബി.സി.സി. കമ്മിഷൻ പ്രതിനിധികളും സംയുക്തമായി പഠനക്കളരിക്കും സന്ദർശനങ്ങൾക്കും നേതൃത്വം നൽകി.





**5. മണക്കാട് ഹോം മിഷൻ**

ഒക്ടോബർ 24-ാം തീയതി വൈകുന്നേരം 5.30 ന് അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ റവ. ഫാ. മൈക്കൾ തോമസിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ റവ. ഫാ. സിനീഷ്, ഇടവക വികാരി റവ. ഫാ. വർഗ്ഗീസ് എന്നിവർ സഹകാർമ്മികരായിരുന്നു. റവ. ഫാ. മൈക്കൾ തോമസ് ദിവ്യബലി മദ്ധ്യേ സമർപ്പിതർക്ക് കത്തിച്ചതിരികൾ നൽകി ഹോം മിഷന് തുടക്കം കുറിച്ചു. ഹോം മിഷന്റെ ഭാഗമായി നടത്തിയ ഭവനസന്ദർശനം, കൗൺസലിംഗ്, ദിവ്യകാരുണ്യ ആരാധന, അനുരഞ്ജന കൂദാശ തുടങ്ങിയ ശുശ്രൂഷകൾ ഇടവകാംഗങ്ങൾക്ക് നവീകരണാനുഭവം നല്കുന്നതായിരുന്നു. 27-ാം തീയതി ശനിയാഴ്ച ഇടവകയിലെ പഠിക്കുന്ന കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി നടത്തിയ സെമിനാറുകൾ ഹൃദ്യമായ അനുഭവമായിരുന്നു. യുവജനങ്ങളും കുട്ടികളും സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയിലും വിശ്വാസജീവിതത്തിലും വളരേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുന്നതായിരുന്നു. അന്നേദിവസം ഹോം മിഷൻ ടീമിന്റെ വിലയിരുത്തൽ റിപ്പോർട്ട് ഇടവക കൗൺസിൽ അംഗങ്ങളുമായി പങ്കുവച്ചു. 28-ാം തീയതി അതിരൂപതാ സഹായമെത്രാൻ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലി മദ്ധ്യേ ഹോം മിഷൻ ടീം അംഗങ്ങളുടെ കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ച് ശുശ്രൂഷാസ്ഥാനത്തിലുള്ള റിപ്പോർട്ട് അവതരിപ്പിച്ചു.

**6. ഫെറോന ആനിമേറ്റർമാരുടെയും റിസോഴ്സ് ടീം അംഗങ്ങളുടെയും സംയുക്തയോഗം 31.10.2018**

തിരുവനന്തപുരം അതിരൂപതാ റിസോഴ്സ് ടീം അംഗങ്ങളുടെയും ഫെറോന ബി.സി.സി. ആനിമേറ്റർമാരുടെയും സംയുക്തയോഗം ഒക്ടോബർ മാസം 31-ാം തീയതി വൈകുന്നേരം 4.00 മണിക്ക് റവ. ഫാ. മൈക്കൾ തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടി കെ.ആർ.എൽ.സി.സി. ട്രെയിനിംഗ് പ്രോഗ്രാമിൽ

പങ്കെടുത്ത അംഗങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ഇനി നടക്കുവാൻ പോകുന്ന ഇടവക - ബി.സി.സി. തെരഞ്ഞെടുപ്പിനെ കൂടുതൽ കാര്യക്ഷമതയോടും ഉത്തരവാദിത്വബോധത്തോടും കൂടി നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിന് ആവശ്യമായ പഠനസഹായികൾ തയ്യാറാക്കി ലഭ്യമാക്കുവാനും അതിന്റെ വെളിച്ചത്തിൽ ഫെറോന - ഇടവകകൾ കേന്ദ്രീകരിട്ട് തിരഞ്ഞെടുപ്പിന് മുമ്പും ശേഷവും പരിശീലനം നൽകുവാനും തീരുമാനിച്ചു. തെരഞ്ഞെടുപ്പിനും പരിശീലനത്തിനും നേതൃത്വം നൽകുവാൻ ഓരോ ഫെറോനയിലും ഫെറോനാ വികാരിയുടെയും ബി.സി.സി. വൈദിക കോർഡിനേറ്ററിന്റേയും നേതൃത്വത്തിൽ ഫെറോനാ ടീമിന് രൂപം നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടു.

## അഞ്ചുതെങ്ങ് ഫെറോന

### ഫെറോനതലം

വെള്ളയമ്പലം പാരീഷ്ഹാളിൽ വച്ച് സെപ്തംബർ 29-ാം തീയതി നടത്തിയ സംയുക്ത യോഗത്തിൽ അഞ്ചുതെങ്ങ് ഫെറോനയിൽ നിന്നും 25 പേര് പങ്കെടുത്തു. ഇടവക ബിസിസി കോർഡിനേറ്റർമാർ, സിസ്റ്റർ, ആനിമേറ്റർമാർ, റിസോഴ്സ് ടീം അംഗങ്ങൾ എന്നിവരുടെ പങ്കെടുത്ത ഏവർക്കും നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

സെപ്തംബർ 22-ാം തീയതി അഭിവന്ദ്യ സൂസപാക്യം പിതാവ് വെന്നികോട് ഇടവകയുടെ സബ്സ്റേഷനായ വർക്കലയിലെ പുതുതായി നിർമ്മിച്ച ദൈവാലയം ദൈവജനത്തിന്റെ ആരാധനക്കായി സമർപ്പിച്ചു ആശീർവദിച്ചു.

ഒക്ടോബർ 7-ാം തീയതി മിഷൻ കോൺഗ്രസ്സ്, ബി.സി.സി കൺവെൻഷന്റെ ഒന്നാം വാർഷികം ഓരോ ഇടവകയിലും മാതാവിന്റെ വിമലഹൃദയത്തോടുള്ള പ്രതിഷ്ഠ നവീകരിച്ച് വാർഷികം ആഘോഷിച്ചു. ഈ മാസം എല്ലാ ഇടവകളിലേയും കുടുംബങ്ങളിൽ മാതാവിന്റെ സ്വരൂപം വഹിച്ചുകൊണ്ട് എല്ലാ





ഭവനങ്ങളിലും കടന്നുചെന്ന് ജപമാല പ്രാർത്ഥിക്കുന്നു.

ഒക്ടോബർ 14-ാം തീയതി ഫെറോനതല ശുശ്രൂഷാസമിതികളുടെ സംയുക്തയോഗം കൂടി. ബഹു.ടോണി ഹാംലെറ്റ് അച്ചൻ യോഗത്തിന് നേതൃത്വം നല്കി. ഓരോ വൈദീക കോർഡിനേറ്റർ താന്താങ്ങളുടെ ശുശ്രൂഷയുടെ അറിയിപ്പ് അവതരിപ്പിച്ചു. യോഗത്തിൽ പുതിയതായി സ്ഥാനം ഏറ്റെടുത്ത കുടുംബ ശുശ്രൂഷയുടെ വൈദീക കോർഡിനേറ്ററായ ബഹു. ജീസൻ ഒഎസ്ജെ അച്ചൻ തന്നെ സമൂഹത്തിന് പരിചയപ്പെടുത്തുകയും, എല്ലാവരുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. പതിവുപോലെ വൈദിക കോർഡിനേറ്ററുമായി യോഗം കൂടുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

ഒക്ടോബർ 17-ാം തീയതി ബാംഗ്ലൂരിൽ നിന്നു വന്ന എംറ്റിഎച്ചിന് പഠിക്കുന്ന ബഹു.അച്ചന്മാർക്ക് വെള്ളയമ്പലത്ത് നടത്തിയ സെമിനാറിൽ ബിസിസി ആനിമേറ്റർ തന്റെ ഉത്തരവാദിത്വങ്ങളെയും കടമകളെയും ഒപ്പം നാളിതുവരെയുള്ള തന്റെ പ്രവർത്തനാനുഭവങ്ങളും കുറിച്ച് പങ്കുവച്ചു.

**ഇടവകതലം:** ചമ്പാവ് ഇടവകയിൽ 10 യൂണിറ്റുകളും എല്ലാ മാസവും യോഗം കൂടുന്നു. സെപ്തംബർ 5-ാം തിയതി 6-ാം യൂണിറ്റിലെ അംഗങ്ങൾ തങ്ങളുടെ യൂണിറ്റ് മദ്ധ്യസ്ഥയായ വി.മദർതെരേസയുടെ തിരുന്നാൾ കൃതജ്ഞതാബലി അർപ്പിച്ചുകൊണ്ട് ആഘോഷിച്ചു. മറ്റ് ആഘോഷങ്ങളെല്ലാം ഒഴിവാക്കികൊണ്ട് പ്രളയബാധിതർക്ക് ആഹാരസാധനങ്ങൾ നല്കി സഹായിച്ചു. ഈ മാസം 10 ബിസിസികളിലും മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് എല്ലാ ഭവനങ്ങളിലും കടന്നുചെന്ന് ജപമാല പ്രാർത്ഥിക്കുന്നു. മാസാദ്യ ശനിയാഴ്ച ലീജൻ ഓഫ് മേരിയുടെ നേതൃത്വത്തിൽ അഖണ്ഡ ജപമാല നടത്തി. സെപ്തംബർ 3-ാം തീയതി വിൻസന്റ് ഡി പോൾ അംഗങ്ങൾ തിരുന്നാൾ ആഘോഷിക്കുകയും 10 ദരിദ്ര കുടുംബങ്ങൾക്ക് ആഹാരസാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**ആറ്റിങ്ങൽ:** ഇടവകയിൽ ബിസിസി കൂട്ടായ്മകൾ സജീവമായി നടക്കുന്നു. വേളാങ്കണ്ണിമാതാ യൂണിറ്റ് തങ്ങളുടെ വാർഷിക ത്തോടനുബന്ധിച്ച് എല്ലാവിധ ആഢംബരങ്ങളും കുറച്ച് അതിന്റെ പൈസ കാരുണ്യപ്രവർത്തികൾക്കായി കൊടുത്തു. ഒക്ടോബർ മാസത്തിൽ എല്ലാ ദിവസവും ഭവനങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. ഒക്ടോബർ 7-ാം തീയതി 3 യൂണിറ്റിലും വിമലഹൃദയത്തോടു പ്രതിഷ്ഠ നവീകരിച്ച് വല്ലാർപാടത്ത് നടന്ന ബിസിസി സംഗമത്തിന്റെ വാർഷികം ആഘോഷിച്ചു.

**വെന്നികോട്**: ഇടവകയിൽ ബിസിസി ജനറൽ ബോഡി യോഗം 9-9-18-ൽ നടന്നു. ഏഴ് യൂണിറ്റിന്റെ പങ്കാളിത്തം ഉണ്ടായിരുന്നു. സാജോ പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന സഹായം തുടർച്ചയായി ക്യാൻസർ രോഗിക്ക് കൊടുക്കുന്നു. അടിയന്തരമായി സെപ്തംബർ 30-ാം തിയതി ജനറൽ ബോഡി കൂടി. മിഷൻ കോൺഗ്രസ്സിന്റെയും, ബിസിസി കൺവെൻഷന്റെയും വാർഷികം എങ്ങനെ നടത്തണമെന്ന് തീരുമാനിച്ചു. അതിന്റെ അടിസ്ഥാന ത്തിൽ ഒക്ടോബർ 7-ാം തീയതി വൈകുന്നേരം 4.30-ന് പള്ളിയിൽ 7 യൂണിറ്റിന്റേയും നേതൃത്വത്തിൽ ജപമാലയും തുടർന്ന് മാതാവിന്റെ വിമലഹൃദയ പ്രതിഷ്ഠ നവീകരിക്കുകയും അതിനെ തുടർന്ന് പള്ളി അങ്കണത്തിൽ 7 യൂണിറ്റിന്റേയും ബിസിസി യോഗം കൂടുകയും ചെയ്തു.

ബിസിസി കോർഡിനേറ്ററായ ശ്രീമതി ഗ്ലാഡിസ് ജെയിം സിന്റെ മാതാവ് മേരി മേബിൾ മാത്യുവിന്റെ വേർപാടിൽ തിരുവന ന്തപുരം രൂപതയുടെ പേരിലും അഞ്ചുതെങ്ങ് ഫെറോനയുടെ പേരിലും ബിസിസി അംഗങ്ങൾ അനുശോചനവും പ്രാർത്ഥനകളും ആശംസിക്കുന്നു.

**മാമ്പള്ളി:** ഇടവകയിൽ ഒക്ടോബർ 7-ാം തീയതി 28 യൂണിറ്റുകളിൽ ഒരു യൂണിറ്റ് ഒഴികെ മറ്റെല്ലാ യൂണിറ്റുകളും മാതാവിന്റെ വിമലഹൃദയ പ്രതിഷ്ഠ നവീകരിക്കുകയും യൂണിറ്റ് യോഗം നടത്തുകയും ചെയ്തു. എല്ലാ കുടുംബങ്ങളിൽ ജപമാല പ്രാർത്ഥന





നടത്തിവരുന്നു. കൂടാതെ ലീജിയൻ ഓഫ് മേരി, സൊഡാലിറ്റി എന്നീ സഭകളുടെ നേതൃത്വത്തിൽ മാതാവിന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് ഓരോ യൂണിറ്റുകളിലും ജപമാല പ്രാർത്ഥിക്കുന്നു. വി.ഫ്രാൻസിസ് അസ്സീസ്സി, വി.ജോൺ 23-ാംമൻ എന്നീ യൂണിറ്റുകളുടെ വാർഷികം നടത്തി. ഒക്ടോബർ മാസത്തെ ബിസിസി ജനറൽ ബോഡിയോഗം 13-10-18 ശനിയാഴ്ച നടത്തി. യൂണിറ്റ് വിഭജിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ഓരോ യൂണിറ്റും 30 കുടുംബം അടങ്ങുന്ന രീതിയിൽ യൂണിറ്റുകളെ പുനഃക്രമീകരിക്കുവാനായി 11 പേരടങ്ങുന്ന ഒരു സമിതിയെ തെരഞ്ഞെടുത്തു.

| | |
|---|---|
| **ഫാ. ബിജിൻ** | **സി. ജനറ്റ്** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

**പേട്ട ഫെറോന**

**മൺവിള വിശുദ്ധ കൊച്ചുത്രേസ്യ ദേവാലയം** - ഒക്ടോബർ 7-നു ഇടവകതിരുനാൾ ആഘോഷിച്ചു. ബി.സി.സി യുടെ സുവിശേഷ യോഗം ഒക്ടോബർ 14, 15 തീയതികളിൽ യൂണിറ്റുകളിൽ നടത്തി. 15-ാം തീയതി ദിവ്യബലിക്കുശേഷം ഇടവക ജനത്തെ വിമലഹൃദയ പ്രതിഷ്ഠ നടത്തി വികാരിയച്ചൻ പ്രാർത്ഥിച്ചു.

പുല്ലുകാട് അമലോത്ഭവമാതാ ദേവാലയത്തിൽ ഒക്ടോബർ 14-നു ബിസിസി സവിശേഷ യോഗം നടത്തി.

ശ്രീകാര്യം വിശുദ്ധ ക്രിസ്റ്റഫർ ദേവാലയത്തിൽ, ഒക്ടോബർ 7-ാം തീയതി വൈകുന്നരം 6 മണിക്കു തന്നെ ബിസിസി യോഗം ചേർന്നു. മിഷൻ കോൺഗ്രസിൽ പങ്കെടുത്ത പ്രതിനിധികൾ യൂണിറ്റുകൾ സന്ദർശിച്ചു. മിഷൻ കോൺഗ്രസിന്റെ ഉദ്ദേശ്യം, തീരുമാനങ്ങൾ ഇവ പങ്കുവച്ചു.

വികാസ്നഗർ വിശുദ്ധ ജോസഫിന്റെ ദേവാലയം - ഒക്ടോബർ 7-ാം തീയതി രാവിലെ ദിവ്യബലിക്കുള്ള ആമുഖത്തിൽ, മിഷൻ കോൺഗ്രസ് ബിസിസി സംഗമ വാർഷികാചരണ

തെരഞ്ഞെടുപ്പ്, കെ.ആർ.എൽ.സി.സി പഠനം ഇവയുടെ ചെറു വിവരണം നൽകി. വൈകുന്നേരം 6 മണിക്കു എല്ലാ യൂണിറ്റുകളും ഒത്തുകൂടി ബിസിസി യോഗം നടത്തി.

ചെറുവയ്ക്കൽ വേളാങ്കണ്ണി മാതാ ദേവാലയത്തിൽ ഒക്ടോബർ 7-നു ദിവ്യബലിക്കുശേഷം വിമലഹൃദയ പ്രതിഷ്ഠ നടത്തി. വൈകുന്നേരം 6 മണിക്ക് മൂന്നു യൂണിറ്റുകളിലും ബിസിസി യോഗം നടത്തി.

പോങ്ങുംമൂട് സെന്റ് മേരീസ് ദേവാലയം ഒക്ടോബർ 7-ാം തീയതി 9 യൂണിറ്റുകളും ഒരേ സമയം ബിസിസിയുടെ സുവിശേഷ സമ്മേളനം നടത്തി. ഒരാഴ്ച മുമ്പു തന്നെ ഇതിനുള്ള പരിശീലനം ലീഡേഴ്സിനു വികാരിയച്ചൻ നൽകിയിരുന്നു. 14-10-18-ൽ നടന്ന ജനറൽ ബോഡിയിൽ ഇതേക്കുറിച്ച് ഒരവലോകനവും നടത്തി. മുട്ടട ഹോളിക്രോസ് ദേവാലയത്തിൽ ഒക്ടോബർ 7-ന് തന്നെ എല്ലാ യൂണിറ്റുകളും ഒരേ സമയം സവിശേഷ ബിസിസി യോഗം ചേർന്നു. ഒക്ടോബർ 17-നു വൈകുന്നേരം ഹോളിക്രോസ് എൽ.പി സ്കൂളിൽ വച്ച് സെന്റ് പോൾ, ഹോളി ഫാമിലി യൂണിറ്റുകൾ ഉൾപ്പെട്ട വാർഡ്തല യോഗം നടന്നു. തദവസരത്തിൽ ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പിരിച്ചാലിറ്റിയിൽ ഉപരി പഠനം നടത്തുന്നു. 18 പേർ ബിസിസി പ്രവർത്തനങ്ങളെക്കുറിച്ച് നേരിൽ കാണുവാനും പഠിക്കുവാനുമായി ഇടവക സന്ദർശിക്കുകയും വാർഡ് യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. അതിരൂപത/ ബിസിസി ശുശ്രൂഷാകോർഡിനേറ്റർ, റവ.ഫാ.മൈക്കിൾ തോമസ് അംഗങ്ങളെ പരിചയപ്പെടുത്തി. ശുശ്രൂഷകൾ ശക്തിപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും ആവശ്യപ്പെട്ടു. ഒക്ടോബർ 18-നും ആഗതമാകുന്ന ബിസിസി തെരഞ്ഞെടുപ്പിന്റേയും ഹോം മിഷന്റെ കാര്യങ്ങൾ അവലോകനം ചെയ്തു. വാർഡുതലയോഗം ചേർന്നു എന്ന് മുട്ടട ബിസിസി കോഡിനേറ്റർ അറിയിച്ചു.

തുടർപ്രവർത്തനങ്ങളുടെയും പശ്ചാത്തലത്തിൽ കുശവർക്കൽ ചെറുപുഷ്പ ദേവാലയത്തിൽ തിരുന്നാൾ





ആഘോഷിച്ചു. പൗരോഹിത്യ ശുശ്രൂഷയിൽ 50 വർഷം പൂർത്തിയാക്കിയ ഫാ.തോമസ് മുളഞ്ഞാനിയെ പൊന്നാട അണിയിച്ചു ആദരിച്ചു. ഫുട്ബോൾ മത്സരം നടത്തി, മുട്ടട ഇടവക ഒന്നാംസ്ഥാനം നേടി. ഒക്ടോബർ 7-നു തന്നെ 3 യൂണിറ്റുകളിലും ഒരേ സമയം സുവിശേഷ ബിസിസി യോഗം നടത്തി. തെരഞ്ഞെടുപ്പ് ഒരുക്ക ക്ലാസ്സും നടന്നു.

കുന്നുംപുറം നിത്യസഹായമാതാ ദേവാലയത്തിലെ 4 യൂണിറ്റുകളിലും ഒക്ടോബർ 20-ാം തീയതി സവിശേഷ ബിസിസി യോഗം നടന്നറാലി കോർഡിനേറ്റർ ശ്രീ.ഷാജി അറിയിച്ചു.

കുമാരപുരം വിശുദ്ധ പത്താം പീയൂസിന്റെ ദേവാലയത്തിൽ ഒക്ടോബർ 7-നു വൈകുന്നേരം 6 യൂണിറ്റുകളും ബിസിസി യോഗം ചേർന്നു, ആറാം യൂണിറ്റിൽ വികാരിയച്ചൻ പങ്കെടുത്തു. മിഷൻ സൺഡേ ഒരുക്കങ്ങൾ നടക്കുന്നു.

പുഷ്പഗിരി ദേവാലയത്തിൽ ഒക്ടോബർ 7-നു ബിസിസി യോഗം നടത്തി. ലീഡർമാർ വിമലഹൃദയ പ്രതിഷ്ഠ ചൊല്ലിക്കൊടുത്തു. പേട്ട സെന്റ് ആൻസ് ദേവാലയത്തിൽ 22 യൂണിറ്റുകളും ഒക്ടോബർ 7-നു 6 മണിക്കു മിഷൻ കോൺഗ്രസ് ബിസിസി സംഗമ വാർഷിക യോഗം നടത്തി. 2 യൂണിറ്റുകൾ 14-നു നടത്തി. ഒക്ടോബർ 7-നു 3 മണിക്കു ബിസിസിയിലെ മൂന്നു ലീഡേഴ്സിന്റെ ഒരു പ്രത്യേക ജനറൽ ബോഡി ഇടവകയിൽ ചേർന്നു. ബിസിസിയെ ശക്തിപ്പെടുത്തി പങ്കാളിത്തം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശങ്ങൾ നൽകി. ഒക്ടോബർ 14-നു 9 ലീഡേഴ്സ് ഒത്തുവരുന്ന ഒരു ജനറൽബോഡിയും നടന്നു, ഇടവക കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു.

**ഫാ. സുരേഷ് പയസ്.എം** — **ആഗ്നസ് ബേബി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

**ഫെറോനാതലം**

ഒക്ടോബർ മാസം ഫെറോന ബിസിസി കമ്മിഷൻ

യോഗം നടന്നില്ല. ഒക്ടോബർ 15-ാം തീയതി ഫെറോന വികാരിയുടെ നേതൃത്വത്തിൽ ജോയിന്റ് ആനിമേറ്റേഴ്സ് യോഗം കൂടി. ഫെറോന ബിസിസി വൈദികകോർഡിനേറ്ററും പങ്കെടുത്തു. 2018 ഏപ്രിൽമാസം മുതൽ പ്ലാനും ബഡ്ജറ്റും അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടന്നു. നവനേതൃത്വ തെരഞ്ഞെടുപ്പിന്റെ പുതിയ നിയമാവലി പ്രസിദ്ധീകരിച്ചശേഷം ഫെറോന ബിസിസി കമ്മിഷൻ വിളിച്ചുകൂട്ടി തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള ക്രമീകരണങ്ങളും നടത്താമെന്ന് തീരുമാനിച്ചു. ജപമാല മാസാചരണം ഫെറോനയിലെ എല്ലാ ഇടവകകളിലും ഭക്തിപൂർവ്വം നടന്നുവരുന്നു.

**ഇടവകതലം**

**ഫാത്തിമമാതാ കഴക്കൂട്ടം:** ഇടവക മദ്ധ്യസ്ഥ ഫാത്തിമ മാതാവിന്റെ തിരുനാൾ കൊടിയേറ്റ് ഒക്ടോബർ 7-ാം തിയതി ആയതിനാൽ 7 യൂണിറ്റുകളും 6-ാം തീയതി വിവിധ ഭവനങ്ങളിൽ കൂടി അതിരൂപത നിർദ്ദേശങ്ങളുമനുസരിച്ച് കൂട്ടായ്മകൾ മിഷൻ കോൺഗ്രസ് ബിസിസി കൺവെൻഷൻ വാർഷിക അനുസ്മരണവും, വിമലഹൃദയ പ്രതിഷ്ഠയും നടത്തി. ദീപാലങ്കാരം, ഇടവക ദിനാഘോഷം എന്നിവ ഒഴിവാക്കി മാതൃകാപരമായ് ഒക്ടോബർ 14-ന് തിരുന്നാൾ സമാപിച്ചു. ഇടവകദേവാലയത്തിന്റെ രജത ജൂബിലി ഒക്ടോബർ 24-ന് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ പൊന്തിഫിക്കൽ സമൂഹബലിയോടുകൂടിയും ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന ഒബ്ലേറ്റ്സ് സന്യാസ സമൂഹത്തിന്റെ രജതജൂബിലി ഒക്ടോബർ 29-ന് അഭിവന്ദ്യപിതാക്കന്മാരായ സൂസപാക്യം മെത്രാപ്പൊലീത്തയുടെയും സിൽവസ്റ്റർ പൊന്നുമുത്തപ്പൻ പിതാവിന്റെയും കാർമ്മികത്വത്തിലുള്ള പൊന്തിഫിക്കൽ സമൂഹബലിയോടുകൂടിയും നടക്കുന്നു.

ഒക്ടോബർ 31-ന് രാവിലെ ഏഴു മുതൽ അഖണ്ഡ ജപമാലയും വൈകുന്നേരം 6 മണി ജപമാല റാലിയും ചേർന്ന് ദിവ്യബലിയും നടത്താൻ തീരുമാനിച്ചു.

**സെന്റ് ജോസഫ് കഴക്കൂട്ടം**: ഒക്ടോബർ 7-ാം തിയതി ഇടവകയിലെ എല്ലാ ബിസിസി യൂണിറ്റുകളും സംയുക്തമായി





പാരീഷ്ഹാളിൽ ഇടവകവികാരിയുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി. വളരെ വ്യത്യസ്തമായ രീതിയിൽ മിഷൻ കോൺഗ്രസ് ബിസിസി കൺവൻഷൻ വാർഷികം അനുസ്മരിക്കുകയും വിമല ഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്തു. യോഗ നടപടി വിഭജിച്ച് എല്ലാ കൂട്ടായ്മകളുടെയും നേതൃത്വം ഉൾപ്പെടുത്തിയിരിക്കുന്നു. പങ്കെടുത്ത എല്ലാവർക്കും ഹൃദ്യമായ ഒരു അനുഭവമായ് മാറി.

**മുരുക്കുംപുഴ**: ഇടവക ജനറൽബോഡി യോഗം ഒക്ടോബർ 7-ാം തീയതി ഇടവകവികാരിയുടെ നേതൃത്വത്തിൽ നടന്നു. സെപ്തംബർ മാസം നടന്ന ഇടവകമദ്ധ്യസ്ഥന്റെ തിരുന്നാൾ, ആദ്യദേവാലയത്തിന്റെ 125-ാം വാർഷികാഘോഷം എന്നിവയെക്കുറിച്ച് വിലയിരുത്തലും, ശുശ്രൂഷാസമിതികളുടെ പ്രവർത്തന വിലയിരുത്തലുകൾ നടന്നു. ഒക്ടോബർ 26, 27, 28 തീയതികളിൽ സെന്റ് ജൂഡ് കുരിശ്ശടി തിരുന്നാൾ നടത്താൻ തീരുമാനിച്ചു. യൂണിറ്റ് യോഗങ്ങൾ വ്യത്യസ്ത തീയതികളിൽ വിമലഹൃദയ പ്രതിഷ്ഠയോടെ നടന്നുവരുന്നു.

**കാര്യവട്ടം:** ജനറൽബോഡി യോഗം നടന്നില്ല. ഇടവക മദ്ധ്യസ്ഥ തിരുനാൾ ഒരുക്കമായ് എല്ലാ ഭവനങ്ങളിലും ഓരോ ദിവസം ക്രിസ്തുരാജന്റെ തിരുസ്വരൂപം എത്തിച്ചു പ്രാർത്ഥിച്ചുവരുന്നു. ഒക്ടോബർ 7 എല്ലാ യൂണിറ്റുകളും നടന്നു. മിഷൻ കോൺഗ്രസ് ബിസിസി കൺവൻഷൻ വാർഷികവും വിമലഹൃദയപ്രതിഷ്ഠയും യൂണിറ്റ് തലത്തിൽ നടന്നു.

**കൊയ്ത്തൂർകോണം:** ഒക്ടോബർ 7-ന് എല്ലാ യൂണിറ്റുകളും മിഷൻ കോൺഗ്രസ് ബിസിസി കൺവൻഷൻ വാർഷികവും വിമലഹൃദയ പ്രതിഷ്ഠയും നടത്തി. ജനറൽബോഡി യോഗം നടന്നില്ല. ജപമാല മാസാചരണം യൂണിറ്റ് തലത്തിൽ നടക്കുന്നു 25-ാം തീയതി ഇടവകതല ജപമാല മാസാചരണം നടത്തും.

**തുണ്ടത്തിൽ**: ഒക്ടോബർ 7-ാം തിയതി എല്ലാ യൂണിറ്റ് യോഗങ്ങളും നടന്നു. അതിരൂപതാ നിർദ്ദേശാനുസരണം യോഗങ്ങൾ ക്രമീകരിച്ചു. ഇടവക വികാരിയും സിസ്റ്റേഴ്സും യോഗങ്ങളിൽ പങ്കെടുത്തു. വിമലഹൃദയ പ്രതിഷ്ഠയും നടത്തി. ജനറൽബോഡി നടന്നില്ല. 14-ാം

തിയതി ബിസിസി ലീഡേഴ്സിന്റെ യോഗം നടന്നു. ബിസിസി പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഞാണ്ടൂർകോണം:** ഒക്ടോബർ 7-ാം തീയതി എല്ലാ യൂണിറ്റുകളുടെയും യോഗം വിവിധ ഭവനങ്ങളിൽ നടന്നു. മിഷൻ കോൺഗ്രസ് ബിസിസി കൺവെൻഷന്റെ വാർഷികാചരണവും, വിമലഹൃദയ പ്രതിഷ്ഠയും നടന്നു. ജപമാല മാസാചരണം യൂണിറ്റുതലത്തിൽ നടന്നുവരുന്നു. എല്ലാ ശുശ്രൂഷകളും സജീവമായി പ്രവർത്തിക്കുന്നു.

**ഫാ. തോമസ് നെറ്റോ** — **ഫ്രഡറിക് ടി. പെരേര**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പാളയം ഫെറോന

**കെആർഎൽസിസി തലം**

ആലുവ കർമ്മലഗിരി സെമിനാരിയിൽ ഒക്ടോബർ 5, 6 തീയതികളിൽ നടന്ന ''മിനിലിവിംഗ് ടുഗദർ'' പ്രോഗ്രാമിൽ ഫെറോനാവികാരി, ശുശ്രൂഷാ ഡയറക്ടർമാർ, അല്മായ പ്രതിനിധികൾ എന്നിവർ പാളയം ഫെറോനയിൽനിന്നു പങ്കെടുത്തു,

**രൂപതാതലം**

ഫെറോന ആനിമേറ്റർമാരുടെ അതിരൂപതാതല സംയുക്ത കൂട്ടായ്മയിൽ ഫെറോനയിലെ എല്ലാ ശുശ്രൂഷാ ആനിമേറ്റേർമാരും പങ്കെടുത്തു. പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു, വിലയിരുത്തി.

**ഫെറോനാതലം:**

1. ബിസിസി ഫെറോനാ എക്സിക്യൂട്ടീവ് യോഗം കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഫെറോന കമ്മിഷൻ യോഗം ഈ മാസം പരിപാടികളുടെ ബാഹുല്യംമൂലം വേണ്ടെന്നു തീരുമാനിച്ചു.
2. ഫെറോന ആനിമേറ്റർമാരുടെ യോഗം ഫെറോനവികാരിയുടെ





അദ്ധ്യക്ഷതയിൽ കൂടി. പ്രവർത്തനം വിലയിരുത്തി. വരും മാസങ്ങളിൽ പ്രവർത്തനങ്ങൾക്കുള്ള ദിശാബോധം വ്യക്തമാക്കി,

**ഇടവകതലം**

ഇടവകകളിൽ ഇടവകതിരുന്നാൾ, ജപമാലമാസാചരണം, ധ്യാനം, ഇടവകഹോംമിഷൻ പ്രവർത്തനം യൂണിറ്റു വാർഷികങ്ങൾ എന്നിവയാണ് മുഖ്യമായത്. 14 ഇടവകകളിൽ 7-ാം തീയതി തന്നെ വല്ലാർപാടം മിഷൻ കോൺഗ്രസ് ഒന്നാം വാർഷികാചരണവും, പരിശുദ്ധയമ്മയുടെ വിമലഹൃദയത്തിൽ യൂണിറ്റുകളെ സമർപ്പിച്ചുകൊണ്ടുള്ള പ്രതിഷ്ഠാ പ്രാർത്ഥനയും നടന്നു. 5 ഇടവകകൾ മറ്റു ദിനങ്ങളിൽ കൂടി.

**പാളയം കത്തീഡ്രൽ**

ഹോം മിഷൻ പ്രവർത്തനം സെപ്തംബർ 16 മുതൽ ഒക്ടോബർ 13 വരെ നടന്നു. ഹോം മിഷൻ ടീമിന്റെ ഇടവകയെക്കുറിച്ചുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ദിവ്യബലി മദ്ധ്യേ അതിരൂപതാദ്ധ്യക്ഷന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച സമാപ വാർഡുകൾ കേന്ദ്രീകരിച്ച് ഹോം മിഷന്റെ തുടർപ്രവർത്തനങ്ങൾ നടത്തുവാൻ നിർദേശിച്ചു. ലണ്ടനിൽ നിന്നുകൊണ്ടുവന്ന ആട്ടോമാറ്റിക് പള്ളിമണി ആശീർവദിച്ചു ഉത്ഘാടനം ചെയ്തു. വാൻഡ്രോസ് ജംഗ്ഷനിൽ ഫാത്തിമമാതാവിന്റെ ഒരു ചാപ്പൽ പൂർത്തിയാക്കി വെഞ്ചരിച്ചു.

**മണക്കാട്**

നല്ല ഒരുക്കത്തോടെ ഒക്ടോബർ 24 മുതൽ 28 വരെ ഹോം മിഷൻ പ്രവർത്തനം നടന്നു. 28-ാം തീയതി പിതാവിന്റെ ദിവ്യബലിക്കു മുന്നോടിയായി കണ്ടെത്തലുകൾ അവതരിപ്പിച്ചു. തുടർ പ്രവർത്തനം നിർദേശിച്ചു. റവ.ഫാ.ടോണിഹാംലെറ്റും ടീമും ഹോം മിഷന്റെ മുന്നോടിയായി ഒരുക്കധ്യാനം നടത്തി. മൊബൈൽ ആപ്പ് ലോഗോസ് ക്വിസിൽ രൂപതയിൽ ഒന്നാം സ്ഥാനം നേടിയ ഇടവകാംഗമായ ശ്രീമതി നിഷ കെ.കെ. യെ ആദരിച്ചു.

### കുടപ്പനക്കുന്ന്

ഇടവകമദ്ധ്യസ്ഥയായ ഫാത്തിമമാതാവിന്റെ തിരുനാൾ 5 ദിവസത്തെ ഒരുക്ക ധ്യാനത്തോടെ നടത്തപ്പെട്ടു. റോഡിലൂടെയുള്ള പ്രദക്ഷിണം നല്ല വിശ്വാസ സാക്ഷ്യമായി.

### വെള്ളയമ്പലം

ഇടവകമദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുന്നാൾ സെപ്തംബർ 30 മുതൽ ഒക്ടോബർ 7 വരെ നടന്നു. 5 ദിവസത്തെ ഒരുക്കധ്യാനം കാരുണ്യപ്രവർത്തികൾ എന്നിവ നടന്നു.

### കിള്ളിപ്പാലം

ഇടവകദിനം വിവിധ പരിപാടികളോടെ ഒക്ടോബർ 7-ന് നടന്നു. കലാകായികമത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി. ഇടവകമദ്ധ്യസ്ഥന്റെ തിരുന്നാൾ 28-ാം തീയതി സമാപിച്ചു. ജപമാലമാസാചരണം നടന്നു.

### നെട്ടയം

നല്ല മുന്നൊരുക്കത്തോടെ സെപ്തംബർ 30 മുതൽ ഒക്ടോബർ 7 ഇടവക മദ്ധ്യസ്ഥയായ വി.കൊച്ചുത്രേസ്യയുടെ മുന്നൊരുക്കമായി റവ.ഫാ.ടോണിഹാംലെറ്റും ടീമും ഒരുക്കധ്യാനം നടത്തി. വിടുതൽ അനുഭവം എല്ലാവർക്കും ലഭിച്ചുവെന്ന് റിപ്പോർട്ടു ചെയ്തു.

### പൂഴിക്കുന്ന്

ജപമാലമാസാചരണത്തോട് അനുബന്ധിച്ചു മാതാവിന്റെ തിരുസ്വരൂപവും വഹിച്ചു എല്ലാ വീടുകളിലും ഇടവകയിലും ധ്യാനവും ജപമാലയും ദിവ്യകാരുണ്യ ആരാധനയും നടന്നു. പള്ളിയുടെ പണി ധൃതിയായി നടക്കുന്നു.

### തൈക്കാട്

തൈക്കാട് മാതാവിന്റെ തിരുന്നാൾ നല്ല ഒരുക്കത്തോടെ നടന്നു. നല്ല പങ്കാളിത്തത്തോടെ ജപമാല മാസാചരണം നടത്തി.





### മുടവൻമുഗൾ

ബൻസിഗർ തിരുമേനിയെ ദൈവദാസ പദവിയിലേക്കുയർത്തുന്നതോടനുബന്ധിച്ച് ഇടവകയിൽ ധാരാളം കാരുണ്യപ്രവർത്തികൾ നടന്നു. പാങ്ങോട്-കാർമ്മൽ ആശ്രമത്തിൽ നടന്ന ചടങ്ങുകൾക്ക് നിരവധി ഇടവകാംഗങ്ങളുടെ സഹായവും സഹകരണവുമുണ്ടായിരുന്നു.

**ഫാ. ആന്റണി സിൽവസ്റ്റർ** — കോഓർഡിനേറ്റർ

**ശ്രീ.സെബാസ്റ്റ്യൻ** — ആനിമേറ്റർ

### ~~വലിയതുറ ഫെറോന~~

ഒക്ടോബർ മാസം 3-ാം തീയതി കമ്മീഷൻ മീറ്റിംഗ് ബഹു.ലാസർ അച്ചന്റെ നേതൃത്വത്തിൽ ഫെറോന സെന്ററിൽ വച്ച് നടന്നു. ഒക്ടോബർ 18-ാം തീയതി നടത്താനിരുന്ന ബിസിസി ഫെറോനാ സംഗമം ഹർത്താൽ കാരണം നടന്നില്ല. ഒക്ടോബർ 21-ാം തീയതി ബഹു. മൈക്കിൾ തോമസ് അച്ചൻ ഇടവകതല റിസോഴ്സ് ടീമിന് ഇലക്ഷനെകുറിച്ചുള്ള ക്ലാസ്സ് ഫെറോനാ സെന്ററിൽ വച്ച് നല്കി. ഫെറോനയിലെ ഒരു ഇടവക ഒഴിച്ച് 9 ഇടവകകളിൽ നിന്നുമായി 55 പേർ പങ്കെടുത്തു.

### ~~കോവളം ഫെറോന~~

ഒക്ടോബർ മാസം ജപമാല മാസമായതിനാൽ ഫെറോനയിലെ എല്ലാ ഇടവകകളിലും ജപമാലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട്, ദിവസവും യൂണിറ്റുകളിൽ ഭവനങ്ങൾതോറും ജപമാല വളരെ ആഘോഷമായി നടത്തിവരുന്നു. ഇതിൽ യൂണിറ്റ് അംഗങ്ങളുടെ സാന്നിധ്യവും, പങ്കാളിത്തവും വളരെ ശ്രദ്ധേയമാണ്. ജപമാലയ്ക്കും പ്രാർത്ഥനയ്ക്കും സ്നേഹവിരുന്നിനും ശേഷം സന്തോഷമായി ഭവനങ്ങളിലേയ്ക്കു മടങ്ങുന്നത് അയൽവാസിക ളിലും താത്പര്യമുളവാക്കുന്നു. ചില ഇടവകകളിൽ 10 ദിവസം പള്ളിയിൽ ജപമാലയും ദിവ്യബലിയും തുടർന്നുള്ള ദിവസങ്ങളിൽ യൂണിറ്റ് തലത്തിൽ ഭവനങ്ങളിലും

ജപമാല നടത്തിവരുന്നു. മിക്ക ഇടവകകളിലും അവസാനദിവസം ജപമാല റാലിയും ആഘോഷമായ ദിവ്യബലിയും ഉണ്ടായിരിക്കും.

ഒക്ടോബർ ഏഴാം തീയതി എല്ലാ യൂണിറ്റുകളെയും മാതാവിന്റെ വിമല ഹൃദയത്തിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. ഈ പാവനമായ കർമ്മം നടത്താത്ത യൂണിറ്റുകളും ഉണ്ട്. ഹോം മിഷൻ നടന്ന പാലപ്പൂര്, നെല്ലിയോട് ഇടവകകളിൽ പ്രതിമാസം ജനറൽബോഡിയോഗം കൂടുകയും ശുശ്രൂഷാ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. സെപ്തംബർ മാസം മുപ്പതാം തീയതി നടന്ന ലോഗോസ് ക്വിസ്സിൽ രജിസ്റ്റർ ചെയ്തവരിൽ നല്ലൊരു ശതമാനം അംഗങ്ങളും പങ്കെടുക്കുകയും ഫെറോനയിൽ നിന്ന് അഞ്ച് രൂപതാ സമ്മാനങ്ങൾ സ്ഥാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. പരീക്ഷയിൽ പങ്കെടുത്തവർക്കും രൂപതയിൽ നിന്നും ഫെറോനയിൽ നിന്നും സമ്മാനർഹരായ വർക്കും ഇടവകകൾക്കും എല്ലാവിധ അഭിനന്ദനങ്ങളും നേർന്നുകൊള്ളുന്നു

**ഫാ. സനീഷ്** — കോഓർഡിനേറ്റർ

**സി.ജമിനി ഏലിയാസ്** — ആനിമേറ്റർ

## ~~പുല്ലുവിള ഫെറോന~~

ഫെറോന ബിസിസി കമ്മീഷൻ യോഗം 21-10-2018 ഞായറാഴ്ച 3 മണിക്ക് കൊച്ചുതുറ ഇടവകയിൽ വച്ചു കൂടി. പ്രാർത്ഥനയ്ക്കും സ്വാഗതത്തിനുശേഷം സെക്രട്ടറി റിപ്പോർട്ട് വായിച്ചു. 10 ഇടവകകളിൽ നിന്നും പങ്കാളിത്തം ഉണ്ടായിരുന്നു. അതിരൂപതയിൽ നിന്ന് ആവശ്യപ്പെട്ടതനുസരിച്ച് എല്ലാ ഇടവകകളിലും യൂണിറ്റുകൾകൂടി മിഷ്യൻ കോൺഗ്രസ്സിന്റെ വാർഷികം ആചരിച്ചു. ഫെറോന കോർഡിനേറ്റർ ഫാ.നിജു അജിത്തും തെരഞ്ഞെടുപ്പിനെകുറിച്ചുള്ള കാര്യങ്ങൾ വിശദീകരിച്ചു. തെരഞ്ഞെടുപ്പിനു മുന്നോടിയായി ഇടവക പ്രതിനിധികൾക്കുള്ള പരിശീലനം നവംബർ 10-ാം തീയതി നടത്താൻ തീരുമാനിച്ചു. കൊല്ലങ്കോട് ഇടവകയിൽ ജനറൽ ബോഡി കൂടി. തെരഞ്ഞെടുപ്പു നല്ല രീതിയിൽ നടത്തുന്നതിനാവശ്യമായ തീരുമാനങ്ങളെടുത്തു. ലൂർദ്ദുപുരം ഇടവകയിൽ അവാർഡുകളിൽ വാർഡുതല കൺവൻഷൻ നടത്തി. വാർഡിലെ എല്ലാ യൂണിറ്റുകളിലെയും കുടുംബങ്ങൾ പങ്കെടുത്തു. ആദ്ധ്യാത്മിക ഉണർവും താല്പര്യവും ഉളവാക്കാൻ സഹായിച്ചു. വിദ്യാഭ്യാസ ആനിമേറ്ററുമായി കൊല്ലങ്കോട്, പരുത്തിങ്കൽ ഇടവകകളിലെ വൈദികരെ സന്ദർശിച്ചു. ശുശ്രൂഷ പ്രവർത്തനങ്ങളെകുറിച്ചു അവലോകനം നടത്തി. ബിസിസി തെരഞ്ഞെടുപ്പിന്റെ സുഖമമമായ നടത്തിപ്പിൽ സിസ്റ്റേഴ്സിന്റെ സഹായം ആവശ്യപ്പെട്ടു. കുടുംബപ്രേഷിത ശുശ്രൂഷയുമായി സഹകരിച്ചു പുതിയതുറ ഇടവകയിൽ ഓഖിയിൽ നിന്നു തിരിച്ചു വന്നവരുടെ ഭവനങ്ങൾ സന്ദർശിച്ചു വിവരങ്ങൾ ശേഖരിക്കാൻ സഹായിച്ചു. എല്ലാ ഇടവകകളും, തെരഞ്ഞെടുപ്പിനായി ആകാംഷയോടെ കാത്തിരിക്കുന്നു.

**ഫാ. നിജു അജിത്ത്** — കോഓർഡിനേറ്റർ

**സി. മേരികുട്ടി** — ആനിമേറ്റർ

## ~~തൂത്തൂർ ഫെറോന~~

ഫെറോന കമ്മീഷൻ യോഗവും റിസോഴ്സ് അംഗങ്ങളുടെ പരിശീലനവും 9-ാം തീയതി നടന്ന എക്സിക്യൂട്ടീവ് യോഗത്തിന്റെ തീരുമാനപ്രകാരം മുൻ ഒരുക്കങ്ങളോടെ 14-ന് ഫെറോന സെന്ററിൽ വച്ച് നടക്കുകയുണ്ടായി. ഫെറോന കോഡിനേറ്റർ ഫാ.ജേക്കബിന്റെ നേതൃത്വത്തിൽ ബിസിസിയുടെ ഇന്നത്തെ അവസ്ഥയെ വിലയിരുത്തുകയും പ്രഭാഷണ സന്ദേശത്തിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും തുണയായി കൂടെയുണ്ടാകുമെന്ന് ഉറപ്പ് നല്കുകയും ചെയ്തു. ഫാ. ജനിസ്റ്റൺ യോഗത്തിൽ വായിക്കപ്പെട്ട വചനഭാഗത്തെ മുൻനിർത്തി നാം ഓരോരുത്തരും ഓരോ നിശ്ചിതദൗത്യം നിർവഹിക്കാനായ് വിളിക്കപ്പെട്ടവരും അയക്കപ്പെടുന്നവരുമാണെന്ന ബോധ്യം പങ്കുവച്ചു, ആയതിനാൽ തന്നെ നാം കണക്ക് കൊടുക്കേണ്ടവരാണെന്നും വിളിയുടെ ലക്ഷ്യം സമൂഹത്തിലും കുടുംബത്തിലുമൊക്കെ മാറ്റങ്ങൾ കൊണ്ടുവരിക

എന്നതാണ് എന്ന് വ്യക്തമാക്കി. എങ്ങനെ മാറ്റങ്ങൾ ഇന്ന് യൂണിറ്റുകളിൽ സാധ്യമാകും എന്ന് ചർച്ചയ്ക്ക് അവസരം ഒരുക്കി. യോഗത്തിൽ 42 പേർ പങ്കെടുത്തിരുന്നു എല്ലാ ഇടവകകളുടെയും പ്രാതിനിധ്യം ഉണ്ടായിരുന്നു.

തൂത്തൂർ ഇടവക ആനിമേറ്റർ സി.സുനന്ദ വചന വിചിന്തനവും കോർഡിനേറ്റർ സ്വാഗതവും ആശംസിച്ചു. 10 മണിക്ക് ആരംഭിച്ച യോഗം 12.30-ന് മാതാവിന്റെ ഗാനം ആലപിച്ച് സമാപിച്ചു. ഫെറോനയിലെ ഒന്ന് രണ്ട് ഇടവകകളിലെ ഏതാനും ചില യൂണിറ്റുകൾ ഒഴികെ മറ്റെല്ലാ യൂണിറ്റുകളും മുടങ്ങാതെ മാസത്തിൽ ഒത്തു കൂടുന്നു. ബഹു. സിസ്റ്റേഴ്സ്, കോഡിനേറ്റർ, റിസോഴ്സ് ടീം ബഹു.വൈദീകർ എന്നിവരുടെ കൂട്ടായ പരിശ്രമങ്ങൾ മുടങ്ങി ക്കിടക്കുന്ന യൂണിറ്റുകളെ സജീവമാക്കാൻ പ്രയോജനപ്പെടുന്നു. 9-7-18-ൽ എക്സിക്യൂട്ടീവ് യോഗം മാർത്താണ്ഡംതുറ മേടയിൽ വച്ച് നടത്തുകയുണ്ടായി. മാർത്താണ്ഡംതുറ, പൂത്തുറ ആനിമേറ്റർ സിസ്റ്റർമാരും 8 കോർഡിനേറ്റർമാരും ഫെറോന ആനിമേറ്റർ ഖജാൻജി എന്നിവരും സന്നിഹിതരായിരുന്നു. റവ.ഫാ.ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പ്രധാന ആശയം കമ്മീഷൻ യോഗത്തിന്റെ അജണ്ട തയ്യാറാക്കുക എന്നതായിരുന്നു ജൂൺ 21-ന് ഫെറോന യോഗം നടത്തി. ഫെറോന ആനിമേറ്റർ യൂണിറ്റുകൾ സന്ദർശിച്ചും യോഗങ്ങളിൽ പങ്കെടുത്തും, വ്യക്തികളെ കുടുംബങ്ങളിൽ സന്ദർശിച്ചും വരുന്നത് കൂട്ടായ്മയിലേയ്ക്ക് അവരെ പ്രചോദിപ്പിക്കുന്നതിൽ സഹായകമാണ്.

നീരോടി ഇടവകയിൽ അവസാന തിങ്കളാഴ്ച 4.30 ജനറൽ ബോഡി നടത്തി. എല്ലാ ദിവസവും രാവിലെ (7-8) ഒരു മണിക്കൂർ ബൈബിൾ ക്ലാസ് കുട്ടികൾക്ക് നടത്തുന്നു. രോഗി സന്ദർശനം, വീട് സന്ദർശനം, ശുശ്രൂഷസമിതികളുടെ സഹായത്തോടെ വാർദ്ധക്യപെൻഷൻ, എല്ലാ കുട്ടികളും സ്കൂളിൽ പോകുന്നു എന്ന് ഉറപ്പ് വരുത്തുക എന്നിവ നടത്തുന്നു. 6-ാം വാർഡിന്റെ സഹായത്തോടെ സെന്റ് ആന്റണീസ് തിരുനാൾ ഇടവക ആഘോഷിച്ചു. മാർത്താണ്ഡംതുറ ഇടവകയിൽ പിരിഞ്ഞിരുന്ന





മൂന്നു കുടുംബങ്ങളെ രമ്യതപ്പെടുത്തുവാൻ മുൻകൈ എടുക്കുകയും പരിശ്രമം സഫലമാകുകയും ചെയ്തു. യൂണിറ്റിനും പ്രതിനിധിക ൾക്കും പ്രോൽസാഹനമായി. വെള്ളിയാഴ്ച ദിവസങ്ങളിൽ മധ്യഹ്നത്തിൽ കുമ്പസാരം കൊടുക്കുന്നു. അവിടെ നിലവിലുള്ള യേശുവിൽ കൺമണികൾ എന്ന കുട്ടികളുടെ കൂട്ടായ്മയിലും, യുവജനങ്ങളുടെ കൂട്ടായ്മയിലും സപ്തതല വചനം പങ്കുവയ്ക്കാൻ പരിശീലിപ്പിക്കുന്നു. വള്ളവിളയിൽ 1-ാം ഞായർ ലീഡേഴ്സ് യോഗം നടന്നു. 22-ന് 120 കുഞ്ഞുങ്ങളുടെ ആദ്യകുർബാന സ്വീകരണം ഉണ്ടായിരുന്നു. ആർഎസ്സി സന്യാസിനീ സമൂഹത്തിന്റെ ഒരു ശാഖ പുതുതായി ഇവിടെ തദയപുരത്തിൽ ആരംഭിച്ചു.

ഇരവിപുത്തൻതുറയിൽ 1-ാം വെള്ളി ലീഡേഴ്സ് യോഗം നടത്തി. ഭാരവാഹികളും റിസോഴ്സ് ടീം അംഗങ്ങളും ചേർന്ന് യൂണിറ്റ് സന്ദർശിക്കുകയും ചെറിയ ചെറിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതും യൂണിറ്റുകളിൽ പല കാരണങ്ങളാൽ വരാതിരിക്കുന്നവരെ തിരിച്ച് കൊണ്ടുവരുവാൻ സഹായിക്കുകവഴി കൂട്ടായ്മയ്ക്ക് ശക്തി പകരുന്നു. യൂണിറ്റുകൾ മദ്ധ്യസ്ഥ തിരുന്നാളുകൾ ആഘോഷിച്ച് അംഗങ്ങളിൽ ഉണർവ് പകർന്നു.

ചിന്നത്തുറയിൽ 12-ന് റിസോഴ്സ് യോഗവും 17-ന് ലീഡേഴ്സ യോഗവും നടന്നു. റിസോഴ്സ് ടീം അംഗങ്ങൾക്ക് ആഴ്ചയിൽ ഒരു ബൈബിൾ ക്ലാസ് നടക്കുന്നു. വാർഡ് സന്ദർശനം നടത്തുക; തനിയെഉള്ള ആദ്യ കുർബ്ബാന സ്വീകരണം നിരുൽസാഹ പ്പെടുത്തുക, മുതിർന്നവരുടെ പ്രശ്നങ്ങൾക്ക് കുട്ടികളെ കരുവാക്കരുത്. വിവാഹത്തിന് ആദ്യം മുതൽ അവസാനം വരെ ദിവ്യബലിയിൽ പങ്കെടുക്കണം. 8-ാം ചരമദിന ചടങ്ങുകൾക്ക് ചിലവുകൾ കുറക്കുക. തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചു. പൂത്തുറയിൽ പുനർനിർമ്മാണം ചെയ്ത പള്ളിമേടയുടെ ആശീർവാദ കർമ്മം 16-ന് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം പിതാവ് നിർവഹിച്ചു. സ്നാപകയോഹന്നാന്റെ മദ്ധ്യസ്ഥതിരുന്നാൾ ആഘോഷിച്ച് ഇടവക ആത്മീയ ചൈതന്യത്തിന്റെ കൂട്ടായ്മയായി.

വൈദികർ, ആനിമേറ്റർ, കോർഡിനേറ്റർ, വാർഡ് യോഗങ്ങൾ സംഘടിപ്പിച്ച് ക്ലാസ്സുകൾ നല്കുകയും പ്രശ്നങ്ങൾ ലഘൂകരിക്കുകയും ചെയ്ത് യൂണിറ്റുകളെ ഉണർവ് നിറഞ്ഞ സംഘടിതരാകുവാൻ പ്രോൽസാഹനം നല്കി. ഇടവകാംഗങ്ങളുടെ പെന്തക്കൊസ്ത സഭയിലേക്കുള്ള പലായനത്തെ നിയന്ത്രിക്കുവാൻ സഹായകമായി. ഇരയിമ്മൻതുറയിൽ ബഹു. ഫെറോനവികാരി യുടെ നേതൃത്വത്തിൽ ജനറൽബോഡി നടത്തി. പുതിയ അച്ചന്മാരും സിസ്റ്റേഴ്സ്, കോർഡിനേറ്റർ, റിസോഴ്സ് അംഗങ്ങൾ എല്ലാവരും ചേർന്ന് യൂണിറ്റ് സന്ദർശിക്കുകയും കൂട്ടായ്മയിലേക്ക് കുടുംബങ്ങളെ നയിക്കുകയും ചെയ്യുന്നു. ഞായറാഴ്ച ദിവ്യബലിക്ക് ഒരുക്കങ്ങൾ ചെയ്യുന്ന യൂണിറ്റ് അംഗങ്ങൾ ആ ആഴ്ച മുഴുവനും ദിവ്യബലിയിൽ വായനകൾ വായിക്കണമെന്നും തുടർന്ന് ഞായറാഴ്ച ദിവ്യബലി അർപ്പണം നടത്തുകയും വേണം

**ഫാ. ജേക്കബ് സ്റ്റെല്ലസ്** — കോഓർഡിനേറ്റർ

**സിസ്റ്റർ ആൽബിന** — ആനിമേറ്റർ





# അജപാലനശുശ്രൂഷ

## കഴക്കൂട്ടം ഫെറോന

### ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന കമ്മീഷൻ

സെപ്തംബർ 20-ാം തീയതി മതബോധന അദ്ധ്യാപകർക്കും വിദ്യാർത്ഥി പ്രതിനിധികൾക്കുമായി ഒരു പരിശീലനം കാരമൂട് ബിഷപ്പ് പെരേര സ്കൂളിൽ വച്ചു നടത്തുകയുണ്ടായി. എല്ലാ ഇടവകകളിലും നിന്നും പ്രാതിനിധ്യമുണ്ടായിരുന്നു. 30-ാം തീയതി നടന്ന ലോഗോസ് ക്വിസ്സിന് 740 രജിസ്റ്റർ ചെയ്തതിൽ 355 പേർ പരീക്ഷ എഴുതി. ഒക്ടോബർ 28-ന് ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തുവാനുള്ള ഒരുക്കങ്ങൾ നടക്കുന്നു. 4 ഇടവകകളിൽ നിരീക്ഷണ സമിതി സന്ദർശിച്ചു.

കരിസ്മാറ്റിക്

എല്ലാ മാസവും 2-ാം ശനിയാഴ്ച രാവിലെ 9 മണി മുതൽ 1 മണിവരെ കാര്യവട്ടം ഇടവകയിൽ വച്ച് വചനപ്രഘോഷണം നടത്തുന്നു. രണ്ടാം ശനിയാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 5 വരെ കഴക്കൂട്ടം സബ്സോൺ കരിസ്മാറ്റിക് പ്രാർത്ഥന കൂട്ടായ്മ മംഗലപുരം വി.യൗസേപിതാവിന്റെ പള്ളിയിൽ വച്ച് നടത്തുന്നു.

കഴക്കൂട്ടം ഫാത്തിമമാതാ ഇടവകയിൽ സെപ്തംബർ 30 മുതൽ ഒക്ടോബർ 4-ാം തീയതി വരെ 4 മണി മുതൽ 8.30 വരെ എഫ്ഫാത്താ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ധ്യാനം നടത്തി.

ഞാണ്ടൂർക്കോണം ഇടവകയിൽ 2 ദിവസത്തെ കരിസ്മാറ്റിക് പ്രാർത്ഥന നടത്തി. ഇടവക ആദ്യമായി ഒരു കരിസ്മാറ്റിക് പ്രാർത്ഥനാ കൂട്ടായ്മയ്ക്കും തുടക്കം കുറിച്ചു.

**ഫാ. ജോസഫ് എൽക്കിൻ** — കോഓർഡിനേറ്റർ

**ജൂലിയറ്റ് പോൾ** — ആനിമേറ്റർ

## വലിയതുറ ഫെറോന

16-10-18 ചൊവ്വാഴ്ച വൈകുന്നേരം 5.30-ന് ഫെറോനാസെന്റർ തോപ്പിൽവച്ച് മതബോധനസമിതിയുടെ ജനറൽബോഡി യോഗം ഡയറക്ടർ മെൽക്കോണച്ചന്റെ നേതൃത്വത്തിൽ നടന്നു. യോഗത്തിൽ എല്ലാ ഇടവകയുടെയും റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ഓരോ ഇടവകയിലെയും ലോഗോസ് ക്വിസ് എഴുതിയവരുടെ ലിസ്റ്റുകൾ അവതരിപ്പിച്ചു. കൂടാതെ നവംബർ മാസം ടീച്ചേഴ്സിന്റെ ഒരു ട്രെയിനിംഗ് നടത്താനും തീരുമാനിച്ചു. തോപ്പിടവകയിലെ മതബോധന കുട്ടികളും അധ്യാപകരും ചേർന്ന് ജലപ്രളയത്തിൽപ്പെട്ടവർക്ക് വേണ്ടി 8000 രൂപ ഇടവകയിൽ ഏൽപ്പിച്ചു.

**ഫാ. മെൽക്കോൺ** — **മേരി ക്രിസ്റ്റി**
വൈദിക കോർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

**മതബോധനം**: ഫെറോന മതബോധന സമിതിയോഗം ഒക്ടോബർ 21-ന് കൊച്ചുപള്ളി ഇടവകയിൽ വച്ച് കോഡിനേറ്റർ ഫാ.ശാന്തപ്പന്റെ അദ്ധ്യക്ഷതയിൽ കൂടി. ഫെറോന സെക്രട്ടറി വായിച്ച മുൻയോഗ റിപ്പോർട്ട് സമിതി അംഗീകരിച്ചു പാസ്സാക്കി. റിപ്പോർട്ടിൻമേലുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതിയനുസരിച്ച് നടത്തേണ്ട പ്രവർത്തനമായ ഫെറോന മതബോധന അദ്ധ്യാപക സംഗമം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ചയും തീരുമാന മുണ്ടായി. നവംബർ 3-ാം തീയതി പുതിയതുറ ഇടവകയിൽ വച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 3 മണി വരെ അദ്ധ്യാപകർ ക്കായി ക്ലാസ്സും, ദിവ്യബലിയും സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.





18-10-18-ൽ പൂവാർ ഇടവകയിൽ വച്ച് ഫെറോനയിലെ വിവിധ ഇടവകയിലെ യൂ.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗത്തിലെ വിദ്യാർത്ഥി പ്രതിനിധികൾക്കായി 9.30 മുതൽ 1 മണി വരെ "ലീഡേഴ്സ് ഷിപ്പ്" എന്ന വിഷയത്തിന്മേൽ ക്ലാസ്സ് സംഘടിപ്പിച്ചു. 175 വിദ്യാർത്ഥികൾ 3 വിഭാഗത്തിൽ നിന്നും പങ്കെടുത്തിരുന്നു.

**നിരീക്ഷണം:** പള്ളം, പുതിയതുറ, കൊച്ചുതുറ, ലൂർദ്ദുപുരം, കൊല്ലങ്കോട്, പരുത്തിയൂർ എന്നീ ഇടവകയിൽ മതബോധന സമിതിയുടെ ഫെറോനതല നിരീക്ഷണം നടത്തി അദ്ധ്യാപന രീതികളെക്കുറിച്ചുള്ള വിലയിരുത്തലും നിർദ്ദേശങ്ങളും നല്കി.

**ഫാ. ശാന്തപ്പൻ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

ഫെറോന നിരീക്ഷണ സമിതി ചിന്നത്തുറ, ഇരവി പുത്തൻതുറ, വള്ളവിള എന്നീ ഇടവക സന്ദർശിച്ച് മതബോധന അദ്ധ്യാപകരെ ഒരുമിച്ചുകൂട്ടി വിലയിരുത്തൽ നടത്തി. ലോഗോസ് ക്വിസ് 4 ഇടവകകളിൽ നടത്തി (ചിന്നത്തുറ, തൂത്തൂർ, വള്ളവിള, മാർത്താണ്ഡംതുറ)

**ഫാ. ബിനു ജോസഫ്**
കോഓർഡിനേറ്റർ

# കുടുംബപ്രേഷിത ശുശ്രൂഷ

തിരുവനന്തപുരം അതിരൂപത

**കെ. ആർ. എൽ. സി. സി. മിനി ഒത്തുവാസം**

ഒരേ വീക്ഷണവും സംവിധാനവുമുള്ള പങ്കാളിത്ത സഭയായി കേരള ലത്തീൻ സഭയെ മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി 2017 ഒക്ടോബർ 5, 6, 7 തീയതികളിൽ വല്ലാർപാടത്തു വച്ചു നടത്തിയ ബി.സി.സി. കൺവെൻഷന്റെ ഓർമ്മ പുതുക്കുന്നതിനും തീരുമാനങ്ങൾ യൂണീറ്റുതലം മുതൽ നടപ്പിലാക്കുന്നതിന്റെയും ഭാഗമായി 2018 ഒക്ടോബർ 5, 6 തീയതികളിൽ ആലുവ കാർമ്മൽഗിരിയിൽ വച്ച് നടന്ന മിനി ഒത്തുവാസത്തിൽ കുടുംബപ്രേഷിത ശുശ്രൂഷയുടെ പ്രതിനിധിയായി അസി. ഡയറക്ടർ ഫാ. രജീഷ് വി രാജൻ പങ്കെടുത്തു.

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് മൂന്നാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെ മൂന്നാം ബാച്ചിന്റെ ക്ലാസ്സുകൾ 6, 27 എന്നീ തീയതികളിൽ നടക്കുകയുണ്ടായി. 35 പേർ പങ്കെടുക്കുന്ന കോഴ്സിന് ഫാ. എ ആർ ജോൺ, ഫാ. ആൻഡ്രൂസ് കോസ്മോസ്, ഫാ. എഡിസൻ, ശ്രീ. യേശുദാസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഇന്റേൺഷിപ്പ് നടന്നു വരുന്നു.

സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സിന്റെ രണ്ടാം ബാച്ചിന്റെ റിസൽട്ട് പ്രസിദ്ധീകരിച്ചു.





**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 161 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മംഗല്യത്തിന്റെ ലക്ഷ്യം.

ഇതുവരെയായി 107 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 93 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 9 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനുശേഷം 4 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ ഏകസ്ഥരുടെ (വിവാഹിതരാകാതെ ജീവിക്കുന്നവരുടെ) അജപാലനം മുന്നിൽ കണ്ടുകൊണ്ട് നടത്തുന്ന കർമ്മ പരിപാടിയാണ് "ആരും തനിച്ചല്ല" -

കരുണാമയൻ. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി 30 അംഗങ്ങൾക്ക് ധനസഹായം നൽകുന്നു. അതിനോടൊപ്പം അവരെ സന്ദർശിക്കു കയും സഹായിക്കുകയും ചെയ്തു വരുന്നു.

വലിയതുറ ഫെറോനയിലെയും പാളയം ഫെറോനയി ലെയും ഏകസ്തരുടെ ലിസ്റ്റ് ശേഖരിക്കുവാൻ സാധിച്ചു.

**ഫെറോന ആനിമേറ്റേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന ആനിമേറ്റർമാ രുടെ ഈ മാസത്തിലെ യോഗം 13-ാം തീയതി 11 മണിക്ക് കൂടുക യുണ്ടായി. ഫാ. എ ആർ ജോണിന്റെ പ്രാരംഭപ്രാർത്ഥനയോടു കൂടി ആരംഭിച്ച യോഗത്തിൽ ഓരോ ആനിമേറ്റർമാരും തങ്ങളുടെ ഫെറോനകളിൽ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

പിണങ്ങി ജീവിക്കുന്ന ദമ്പതികളെ ഒരുമിപ്പിക്കുന്നതിനും കൗദാശിക ജീവിതമില്ലാതെ കഴിയുന്നവരെയും കൂട്ടായ്മയിലേക്ക് കൊണ്ടുവരുക, തകർന്ന കുടുംബങ്ങളെ ഒരുമിച്ചു കൊണ്ടുവരുവാൻ കുടുംബങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നവർക്ക് സെമിനാർ സംഘടിപ്പിക്കുക, കരുണാമയൻ, സാന്ത്വനം മംഗല്യം എന്നീ പ്രോജ ക്ടിലേക്ക് സ്പോൺസേഴ്സിനെ കണ്ടെത്തുക, ജപമാലമാസാചര ണത്തിന്റെ അവസാനദിവസം ഡിജിറ്റൽ ഫ്രീ അവർ, മുടങ്ങാതെ കുടംബപ്രാർത്ഥന ചൊല്ലുക എന്നിവ പ്രതിജ്ഞ എടുക്കുക. കപ്പിൾസ് റിട്രീറ്റ് സംഘടിപ്പിക്കുക (ഹോം മിഷൻ കഴിഞ്ഞ ഇടവ കകളെ കേന്ദ്രീകരിച്ച്), ഡിജിറ്റൽ ഫ്രീ അവർ ജീവനും വെളിച്ചവും മാസികയിൽ പരസ്യം നൽകുക, വിവാഹിതരായി 2 വർഷംകഴിഞ്ഞ ദമ്പതികൾക്കായി ഒരു സെമിനാർ നടത്തുക, ഇതു വരെയും സന്ദർശിക്കാത്ത ഓഖി ബാധിത കുടുംബങ്ങളെ സന്ദർക്കുക എന്നീ





കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

അടുത്ത മാസത്തെ ആനിമേറ്റേഴ്സ് യോഗം നവംബർ 22-ന് കൂടാൻ തീരുമാനിച്ചു.

**ഗ്രാറ്റിറ്റ്യൂഡ് ഡേ**

കരുണാമയൻ, സാന്ത്വനം മംഗല്യം എന്നീ പ്രോജക്ടുകൾക്ക് സാമ്പത്തികമായും ക്രിയാത്മകമായും സഹായിക്കുന്ന കുടുംബ ങ്ങളുടെ ഒത്തുചേരൽ ഒക്ടോബർ 13 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് കൂടുകയുണ്ടായി. പ്രാർത്ഥനയോടുകൂടിയ യോഗത്തിൽ എല്ലാവരും പരസ്പരം പരിചയപ്പെടുത്തി. തുടർന്ന് അഭിവന്ദ്യ സൂസ പാക്യം പിതാവ് അഭിസംബോധന ചെയ്തു സംസാരിക്കുകയും ഇപ്പോഴത്തെ നമ്മുടെ രൂപതയുടെ സാമ്പത്തിക നിലവാരവും ആവ ശ്യകതയും പറയുകയും ചെയ്തു. എല്ലാവർക്കും നന്ദിസൂചകമായി ജപമാല നൽകുകയും അഭിനന്ദിക്കുകയും ചെയ്തു. 60 പേർ പങ്കെ ടുത്ത യോഗത്തിൽ ഫാ. ജോൺ സ്വാഗതവും ഫാ. രജീഷ് വി രാജൻ കൃതജ്ഞതയും രേഖപ്പെടുത്തി. ചായ സത്ക്കാരത്തോടെ യോഗം സമാപിച്ചു.

**ഫെറോനതല പ്രവർത്തനങ്ങൾ**

**അഞ്ചുതെങ്ങ് ഫെറോന**

ജൂലൈ മാസത്തിൽ രൂപതയിൽ നടന്ന ഏകസ്ത സംഗമ ത്തിൽ ഫെറോനയിൽ നിന്നും 8 പേർ പങ്കെടുത്തു. മറ്റു ഏകസ്ഥ രുമായി പരിചയപ്പെടുവാൻ കഴിഞ്ഞതിൽ അവർ സന്തോഷം പങ്കു വച്ചു. അഞ്ചുതെങ്ങ് ഫെറോനയിൽ കുടുംബപ്രേഷിത ശുശ്രൂഷ യുടെ വൈദീക കോർഡിനേറ്റർ ഫാ. സെബാസ്റ്റ്യൻ പള്ളിക്കൽ ഒ.എസ്.ജെ സ്ഥലംമാറി പുതിയ വൈദീകകോർഡിനേറ്റർ ഫാ.

ജീസൻ ഒ.എസ്.ജെ ആഗസ്റ്റ് 11-ാം തീയതി സ്ഥാനമേറ്റു. വെന്നിക്കോട് ഇടവകയിൽ ഏകസ്തരായി കഴിയുന്നവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരോടൊത്ത് സമയം ചിലവഴിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു, അവരുടെ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നു.

ഒക്ടോബർ മാസം എല്ലാ ഭവനങ്ങളിലും ജപമാല ചൊല്ലുന്നുവെന്ന് ഉറപ്പുവരുത്തുന്നു. മാധ്യമവിമുക്ത മണിക്കൂറിനെക്കുറിച്ച് മനസ്സിലാക്കികൊടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

കേന്ദ്ര-കേരള സർക്കാരിന്റെ അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കൗൺസിലിംഗ്കോഴ്സിന്റെ ഇന്റേൺഷിപ്പിന്റെ ഭാഗമായി ഡോ. കൃഷ്ണ അഞ്ചുതെങ്ങ് ഫെറോനയിലെ ഏകസ്തരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചെലവഴിച്ച് കൗൺസിലിംഗ് നൽകുകയും ചെയ്തു.

**കോവളം ഫെറോന**

ഫെറോനയോഗം 28-8-18-ൽ ആഴാകുളം ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ജോണിയച്ചന്റെ നേതൃത്വത്തിൽ നടന്നു. വളരെ കുറച്ച് ഇടവകകളുടെ സാനിധ്യമാണ് ഉണ്ടായിരുന്നത്. യോഗത്തിൽ പങ്കെടുത്തവർ അവരവരുടെ ഇടവകകളിൽ വളരെ ആത്മാർത്ഥമായി പ്രവർത്തിക്കുന്നുവെന്ന് അറിയിച്ചു. ഇടവകയിൽ ഏകസ്ഥരായവരെ കണ്ടെത്തുകയും അവരുടെ അവസ്ഥ മനസ്സിലാക്കുകയും കുടുംബങ്ങളെ സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾ ഫെറോനകളിൽ അറിയിക്കുകയും ചെയ്യുന്നുണ്ട്. കുടുംബപ്രേഷിത ശുശ്രൂഷയുടെ രൂപതാതല പ്രവർത്തനങ്ങൾ ജോണിയച്ചൻ കൺവീനർമാരെ അറിയിച്ചു. നാം ഒന്നുചേർന്ന് സഹകരിച്ച് നമ്മുടെ കുടുംബങ്ങളെ സ്നേഹത്തിലും സന്തോഷത്തിലും ഐക്യത്തിലും പ്രാർത്ഥനയിലും വളർത്തുന്നതിന് പ്രവർത്തിക്കാം എന്ന് ആശംസിച്ച് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.



സമന്വയ

ഇടവകതലത്തിൽ കുടുംബപ്രാർത്ഥനയ്ക്കു കൂടുതൽ പ്രാധാന്യം നൽകുന്നതിന് ശ്രദ്ധിക്കുന്നു. വൃദ്ധരായവരെ ആദരിക്കുകയും അവർക്ക് കൂടുതൽ സംരക്ഷണവും സ്നേഹവും നൽകുവാൻ പ്രേരിപ്പിക്കുന്നു. കുടുംബമായി പ്രാർത്ഥിക്കാനും ജീവിതം പങ്കുവയ്ക്കാനും പ്രോത്സാഹിപ്പിക്കുന്നു. ആവശ്യമായ കുടുംബങ്ങൾക്കും വ്യക്തികൾക്കും കൗൺസിലിംഗ് നൽകുന്നു.

**കഴക്കൂട്ടം ഫെറോന**

ഒക്ടോബറിൽ ഫെറോനവികാരിയുടെ നേതൃത്വത്തിൽ നടന്ന ജോയിന്റ് ആനിമേറ്റേഴ്സിന്റെ യോഗത്തിൽ കുടുംബപ്രേഷിത ശുശ്രൂഷയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. ബി.സി.സി. തലത്തിലും ഇടവകതലത്തിലും ചില ഇടവകകൾ നിർജ്ജീവമാണ്. നവനേതൃത്വത്തിന്റെ തെരഞ്ഞെടുപ്പോടുകൂടി ഒരു മാറ്റം പ്രതീക്ഷിക്കാം.

**ഇടവകതലം**

**മുരുക്കുംപുഴ** വിധവാഫോറം രൂപീകരിച്ചു. പ്രതിമാസകൂടിവരവും വിപുലീകരണവും നടന്നുവരുന്നു. നവംബർ 15 വിവാഹിതരായി 15 വർഷം പൂർത്തിയായവരുടെ കൂടിവരവും ക്ലാസ്സുംനടത്താൻ തീരുമാനിച്ചു.

**ഞാണ്ടൂർക്കോണം** ഇടവകവികാരിയുടെ നേതൃത്വത്തിൽ ഇടവകതലപ്രവർത്തനങ്ങൾ സജീവമാണ്. വിധവാഫോറം, കപ്പിൾസ്ഫോർ ക്രൈസ്റ്റ് എന്നിവയുടെ കൂടിവരവും പ്രവർത്തനങ്ങളും വളരെ സജീവമായി നടന്നുവരുന്നു.

**സി.ആർ.പി.എഫ്.** വിധവാഫോറം രൂപീകരിച്ചു. കൂടിവരവും ആഘോഷങ്ങളും വളരെ സജീവമായിരുന്നു. അംഗങ്ങൾ വളരെ കുറവാണെന്നു മാത്രം.

**വലിയതുറ ഫെറോന**

ജപമാല മാസാചരണവുമായി ബന്ധപ്പെട്ട് എല്ലാ ഇടവകകളിലും കുടുംബപ്രേഷിത ശുശ്രൂഷയുടെ നേതൃത്വത്തിൽ ബി.സി.സി. തലത്തിൽ ജപമാല ചൊല്ലുന്നു. ഈ ഫെറോനയിലെ എല്ലാ ഇടവകകളിൽ നിന്നും ഏകസ്തരുടെ ലിസ്റ്റ് ശേഖരിക്കുവാൻ സാധിച്ചു. സെന്റ് ആന്റണീസ് ചർച്ച് വലിയതുറ, സെന്റ് സേവ്യേഴ്സ് ചർച്ച് വലിയതുറ, തോപ്പ് എന്നീ ഇടവകകളിലെ ഏകസ്തരായി കഴിയുന്നവരുടെ 10 ഭവനങ്ങൾ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**പേട്ട ഫെറോന**

ഒക്ടോബർ മാസത്തിൽ എല്ലാ ഇടവകകളിലും ജപമാല പ്രാർത്ഥന യൂണിറ്റു തലത്തിൽ നേതൃത്വം നൽകുന്നതോടൊപ്പം യൂണീറ്റുതലത്തിൽ ഭവനങ്ങൾ സന്ദർശിക്കുകയും ജപമാല ചൊല്ലുകയും ചെയ്തു വരുന്നു. മുട്ടട കപ്പിൾസ് ഫോർ ക്രൈസ്റ്റ് മീറ്റിംഗ് രണ്ട് ഞായറാഴ്ച നടത്തുകയുണ്ടായി. പേട്ട ഇടവകയിലെ ഏകസ്തരെ സന്ദർശിച്ചു.

**പാളയം ഫെറോന**

കെ.ആർ.എൽ.സി.സി. തലത്തിൽ മിനി ഒത്തുവാസം (ബി.സി.സി. സംഗമം) ഒക്ടോബർ 5, 6 തീയതികളിൽ ആലുവ കർമ്മലഗിരിയിൽ വച്ചു നടന്നു. മിനി ഒത്തുവാസത്തിൽ രൂപതാ പ്രതിനിധിയായി ഫെറോന ആനിമേറ്റർ പങ്കെടുത്തു. ഒരേ വീക്ഷണവും





സംവിധാനവുമുള്ള പങ്കാളിത്ത സഭ കുടുംബകേന്ദ്രീകൃത, കുടുംബയൂണീറ്റുകേന്ദ്രീകൃത അജപാലനത്തിലൂടെ നടപ്പിലാക്കാനുള്ള ചർച്ചയും തീരുമാനങ്ങളും ഉണ്ടായി.

കുടുംബപ്രേഷിതശുശ്രൂഷയുടെ അതിരൂപതാ തലത്തിൽ നടന്ന എക്സിക്യൂട്ടീവ് യോഗത്തിൽ ഫെറോനയുടെ പ്രതിനിധികൾ പങ്കെടുത്തു. എല്ലാ മാസവും കൃത്യമായി റിപ്പോർട്ടുകൾ കൊടുക്കാനും എല്ലാ ഇടവകകളിലും സമിതികൾ കൂടിച്ചേർന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനും ഏകസ്തർ, വിധവകൾ, വിഭാര്യർ, എന്നിവരുടെ വിവരശേഖരണം നടത്താനും വിവാഹസെമിനാർ, വിവാഹ ബ്യൂറോ, കൗൺസിലിംഗ് സൗകര്യം എന്നിവയെക്കുറിച്ചുള്ള അറിവുകൾ എല്ലാ വീടുകളിലും എത്തിക്കണം എന്നു തീരുമാനിച്ചു. സാന്ത്വനം മംഗല്യം, കരുണാമയൻ എന്നീ പ്രോജക്ടുകളുടെ സ്പോൺസർമാരുടെ കൂടിവരവിൽ ഫെറോനയിൽ നിന്ന് ക്രിയാത്മകമായ പങ്കാളിത്തം നൽകി.

കുടുംബപ്രേഷിത ശുശ്രൂഷയുടെ ഒക്ടോബർ മാസത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് 2-ാം തീയതി സെന്റ്ജോസഫ് ഹയർ സെക്കന്ററി സ്ക്കൂളിൽ വച്ച് കൂടുകയുണ്ടായി. എല്ലാ ഇടവകകളിലെയും യൂണീറ്റുകളുടെ എണ്ണം കൺവീനർമാരുടെ പേരുവിവരം, ഇടവകയിൽ പ്രവർത്തിക്കുന്ന വിവിധഫോറങ്ങളുടെ വിവരം ഇടവകയിൽ സമിതി കൂടുന്ന ദിവസം എന്നിവ രേഖപ്പെടുത്തി. രണ്ട് ഇടവകകളിൽ കൺവീനർമാർ നിലവിൽ ഇല്ല. “കരുണാമയൻ” പരിപാടിയോടനുബന്ധിച്ച് ഏകസ്തരുടെ ലിസ്റ്റ് ശേഖരിക്കുകയുണ്ടായി. നാലു ഇടവകകളിൽ നിന്നായി 39 വ്യക്തികളുടെ പേര് ലഭിച്ചു. ഇവരുടെ ഭവനസന്ദർശനം നടന്നുകൊണ്ടിരിക്കുന്നു. പൂഴി

ക്കുന്ന്, മണക്കാട്, നെട്ടയം, കുറവൻകോണം, കാച്ചാണി, കിള്ളിപ്പാലം, കുടപ്പനക്കുന്ന്, പുന്നയ്ക്കാമുകൾ എന്നീ ഇടവകക ളിൽ ഏകസ്തർ ഇല്ല എന്ന അറിവ് ലഭിച്ചു.

ഫെറോനയിലെ മിക്ക ഇടവകകളിലും ജപമാല മാസാച രണത്തിൽ പങ്കെടുക്കാൻ കുടുംബപ്രേഷിത പ്രതിനിധികൾ ശ്രദ്ധി ക്കുന്നുണ്ട്. കുടുംബപ്രാർത്ഥനയിൽ കൂടുതൽ താൽപര്യം കണ്ടു തുടങ്ങി. അടുത്തടുത്ത ഭവനങ്ങൾ ഒരുമിച്ചു ചേർന്ന് ജപമാല ചൊല്ലുന്നത് പ്രോത്സാഹിപ്പിച്ചു.

ഫെറോന എക്സിക്യുട്ടീവിന്റെ നിർദ്ദേശമനുസരിച്ച് നവം ബർ 4-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിമുതൽ 5 മണിവരെ എല്ലാ ബി.സി.സി. യൂണിറ്റുകളിലെയും കുടുംബശുശ്രൂഷ പ്രതിനിധികൾ കുടുംബസമേതം പാളയം സെന്റ് ജോസഫ് കത്തീഡ്രലിലെ മദർ തെരേസ ഹാളിൽ ഒത്തുചേരുന്നതിനു തീരുമാനിച്ചു. അതിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**തൂത്തൂർ ഫെറോന**

ഒക്ടോബർ മാസത്തിൽ എല്ലാ ഇടവകകളിലും ജപമാല പ്രാർത്ഥന യൂണിറ്റു തലത്തിൽ നേതൃത്വം നൽകുന്നു. തെരഞ്ഞെ ടുപ്പിനു മുന്നോടിയായി ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. ഏക സ്തരുടെ ഭവനങ്ങൾ സന്ദർശിക്കാൻ സാധിച്ചു. തൂത്തൂർ ഫെറോ നയുടെ കീഴിൽ നടക്കുന്ന വിവാഹ മുന്നൊരുക്ക കോഴ്സിന്റെ ഒക്ടോബർ 18, 19, 20 തീയതികളിൽ നടന്ന കോഴ്സിൽ 55 കുട്ടി കൾ പങ്കെടുത്തു. സാമൂഹ്യശുശ്രൂഷയുമായി ചേർന്ന് പകൽവീട് വളരെ കാര്യക്ഷമമായി നടന്നുവരുന്നു.





**വിവാഹ മുന്നൊരുക്ക കോഴ്സ്**

ഒക്ടോബർ 5, 6, 7 തീയതികളിൽ നടന്ന കോഴ്സിൽ 67 പെൺകുട്ടികളും 59 ആൺകുട്ടികളും 2018 ഒക്ടോബർ 26, 27, 28 വരെ തീയതികളിൽ നടന്ന ക്ലാസ്സിൽ 65 ആൺകുട്ടികളും 75 പെൺകു ട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെ ടുത്തു.

**മാര്യേജ് ബ്യൂറോ**

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 26 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേ ഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.rcmatrimonial.org

**വിവാഹ ഒരുക്കസെമിനാർ**

2018 നവംബർ 5, 6, 7

2018 നവംബർ 19, 20, 21

ഡിസംബർ മാസം ഒരു കോഴ്സു കൂടി കൂട്ടിച്ചേർത്തു. 2018 ഡിസംബർ 28, 29, 30

# യുവജന ശുശ്രൂഷ

## കഴക്കൂട്ടം ഫൊറോന

ഫൊറോനതലം

കെസിവൈഎം-ന്റെ ഫൊറോന പ്രവർത്തനം 15-10-2018-ൽ കഴക്കൂട്ടം ഫൊറോന സെന്ററിൽ വച്ച് ഫൊറോനവികാരി മോൺ.ജോർജ്ജ്പോൾ അച്ചന്റെയും കോഡിനേറ്റർ ഫാ.റിച്ചാർഡ് സക്കറിയയുടെ നേതൃത്വത്തിൽ വിലയിരുത്തുകയും മെമ്പർഷിപ്പ് വിതരണം ഇടവകകളിൽ നടക്കുന്നത് പുരോഗമിക്കുന്നതായും അറിയിച്ചു. ഇടവകതല പ്രവർത്തനം ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു. അടുത്തമാസം യുവജന കലോത്സവം നടത്തുവാൻ തീരുമാനിച്ചു സർവ്വേ പ്രവർത്തനം പുരോഗമിക്കുന്നു.

മുരുക്കുംപുഴ ഇടവകയിൽ കെസിവൈഎം-ന്റെയും ബിസിസിയുടെ നേതൃത്വത്തിൽ ഒരു ടെലിഫോൺ ഡയറക്ടറി സെപ്തംബർ 30-ാം തീയതി അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്ത പ്രകാശനം ചെയ്തു

**ഫാ. റിച്ചാർഡ് സക്കറിയ** — കോഓർഡിനേറ്റർ
**ജൂലിയറ്റ് പോൾ** — ആനിമേറ്റർ

## വലിയതുറ ഫൊറോന

24-10-2018 ബുധനാഴ്ച 4 മണിക്ക് വെട്ടുകാട് ഇടവകയിൽ വച്ച് യുവജനശുശ്രൂഷയുടെ ജനറൽ ബോഡി യോഗം ജെറോമച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി യോഗത്തിൽ എല്ലാ ഇടവകകളും സർവ്വേ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും വലിയവേളിയിൽ വച്ച് ക്വിസ് മത്സരം നടത്താൻ തീരുമാനിക്കുകയും ജപമാല റാലി നടത്താനും തീരുമാനിച്ചു.

**ഫാ. ജെറോം** — കോഓർഡിനേറ്റർ
**മേരി ക്രിസ്റ്റി** — ആനിമേറ്റർ





## തൂത്തൂർ ഫൊറോന

14-10-2018 -ൽ ഫൊറോനതലത്തിൽ ജപമാല റാലി നടത്തി. ഓഖി ബാധിച്ച കുടുംബങ്ങളെ ത്രിച്ചിനാപള്ളിയിൽ നിന്ന് രണ്ടു കന്യാസ്ത്രീകൾ സന്ദർശിച്ചു. 22-ാം തീയതി പരുത്തിയൂർ ഇടവകയിൽ വച്ച് സന്ധ്യാജപമാല നടത്തുകയുണ്ടായി. 300 പേർ പങ്കെടുത്തു. 28-ാം തീയതി മുതൽ 30-ാം തീയതി വരെ മരിയറാണി സെന്ററിൽ വച്ച് നടത്തിയ ജീസസ്സ് യൂത്ത് ടീം ട്രെയിനിംഗിൽ 40 പേർ പങ്കെടുത്തു.

**ഫാ. രെജീഷ്** — കോഓർഡിനേറ്റർ
**മല്ലിക ഡസൽബിൻ** — ആനിമേറ്റർ

# വിദ്യാഭ്യാസശുശ്രൂഷ

## അഞ്ചുതെങ്ങ് ഫൊറോന

**ഫൊറോനസമിതി**: 14-10-18-ൽ ഫൊറോന സെന്ററിൽ വച്ച് വൈദിക കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ യോഗം ആരംഭിച്ചു. അദ്ധ്യാപകർക്ക് മോട്ടിവേഷൻ ക്ലാസ്സ് നവംബർ 3-ന് നടത്തുവാൻ തീരുമാനിച്ചു. സ്കൂൾതലത്തിൽ കലോൽസവം നടത്തുവാൻ തീരുമാനിച്ചു. ഫൊറോനയിലെ എല്ലാ സ്കൂളുകളിലെയും എച്ച്.എം കേന്ദ്രീകരിച്ചു സ്കൂൾതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഈ മീറ്റിംഗിൽ ഫൊറോന വികാരിയും പങ്കെടുത്തു.

**ഫാ. പ്രദീപ് ജോസഫ്** — **ഗ്ലാഡിസ് ജെയിംസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുതുക്കുറിച്ചി ഫൊറോന

ഫൊറോനതലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ 11 വിദ്യാർത്ഥികൾക്ക് (എസ്.എസ്.എൽ.സിയ്ക്ക് 9 വിദ്യാർത്ഥികളും +2-ന് 2 വിദ്യാർത്ഥികളും) ഫൊറോന വികാരിയുടെയും വൈദിക കോർഡിനേറ്ററിന്റെയും നേതൃത്വത്തിൽ ക്യാഷ്അവാർഡും മെമന്റോയും സെന്റ് ആൻഡ്രൂസ് പാരീഷ്ഹാളിൽ വച്ച് ഒക്ടോബർ 7-ാം തിയതി വിതരണം ചെയ്തു. ഇടവകകളിൽ അറിയിച്ചു കൊടുത്ത പ്രകാരം വിദ്യാഭ്യാസ ശുശ്രൂഷ ആനിമേറ്ററായി ശ്രീമതി ലിസിയെ ഫൊറോന വികാരിയും വൈദിക കോർഡിനേറ്ററും 3 അപേക്ഷ ലഭിച്ചതിൽ നിന്ന് ഇന്റർവ്യൂ ചെയ്തു തെരഞ്ഞെടുക്കുകയുണ്ടായി.

**കെ-റ്റെറ്റ് പരിശീലനം** - ജൂലൈ മാസം ആരംഭിച്ച കെ-റ്റെറ്റ് പരിശീലനം ഈ മാസം 8 ക്ലാസ്സുകൾ നൽകി. 19-10-18-ൽ ക്ലാസ്സുകൾ പൂർത്തിയാക്കി. 20, 21 തീയതികളിൽ സർക്കാർ





നടത്തിയ കെ.റ്റെറ്റ് പരിശീലനത്തിൽ റ്റി.റ്റി.സി, ബിഎഡ് പൂർത്തിയാക്കിയ 6 ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി.

**ഫാ. ഷാജിൻ ജോസ്**
കോഓർഡിനേറ്റർ

## പേട്ട ഫൊറോന

**ഫൊറോനതലയോഗം**

2018 ഒക്ടോബർ മാസം 21-ാം തീയതി ശ്രീകാര്യം പാരീഷ്ഹാളിൽ വച്ച് ഫൊറോന കോഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ ഫൊറോനസമിതി യോഗം കൂടി. നവംബർ 10-ാം തീയതി 8 മുതൽ +2 വരെയുള്ള കുട്ടികൾക്കായി മോട്ടിവേഷൻ ക്ലാസ് നടത്തുവാൻ തീരുമാനിച്ചു. എൽ.പി, യൂ.പി, എച്ച്.എസ്, എച്ച്.എസ്.എസ് തലങ്ങളിലെ കുട്ടികൾക്കായി ചിത്രരചന, കവിതാരചന, ഉപന്യാസം എന്നിവയിൽ മത്സരങ്ങൾ നടത്തുന്നതിനെകുറിച്ച് ചർച്ച ചെയ്തു.

പോങ്ങുംമൂട്, വികാസ്നഗർ, ശ്രീകാര്യം എന്നീ ഇടവകകളിൽ വിദ്യാർത്ഥികളുടെ സർവ്വേ നടക്കുന്നു.

**ഫാ. ആന്റോ ഡിക്സൺ** — **സുശീല ഷാജി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## കഴക്കൂട്ടം ഫൊറോന

**ഫൊറോനതലം**

കഴക്കൂട്ടം ഫൊറോന വിദ്യാഭ്യാസ ശുശ്രൂഷയോഗം കോർഡിനേറ്റർ ഫാ.ഡി.തോമസിന്റെയും ഫൊറോന വികാരി മോൺ.ജോർജ്ജ്പോളിന്റെയും അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. 9,10 ക്ലാസ്സിലെ കുട്ടികൾക്കായി ഡിസംബറിൽ ഒരു ക്ലാസ്സ് നടത്തുവാൻ തീരുമാനിച്ചു.

**ഇടവകതലം**

തുണ്ടത്തിൽ ഇടവകയിൽ പി.എസ്.സി കോച്ചിംഗ് ക്ലാസ്സ് നടക്കുന്നു. കുട്ടികളുടെ പാർലമെന്റ് രൂപീകരിച്ചു.

**മുരുക്കുംപുഴ**

ഇടവകയിൽ ഇടവകയുടെ 125-ാം വാർഷികം പ്രമാണിച്ചു 98 കുട്ടികൾക്ക് മെറിറ്റ് അവാർഡ് അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്ത വിതരണം ചെയ്തു അവരെ അനുമോദിച്ചു.

**ഫാ. ഡി.തോമസ്** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

**പാളയം ഫെറോന**

**ഫെറോന എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഒക്ടോബർ 8-ാം തീയതി വെള്ളയമ്പലം ഇടവകയിൽ വച്ച് വൈദികകോർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ യോഗം തുടങ്ങി. അജണ്ട പ്രകാരം ഡിഫൻസ് അവയർനസ്സ് ആന്റ് സെലക്ഷൻ ക്യാമ്പ്, മെറിറ്റ് അവാർഡ് എന്നീ പരിപാടികളെ കുറിച്ച് ചർച്ച ചെയ്തു. ഡിഫൻസ് സെലക്ഷൻ ക്യാമ്പിനെ കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനുവേണ്ടി എൻഎപിറ്റി (നാഷണൽ അക്കാഡമി ഓഫ് പ്രി-റിക്രൂട്ട്മെന്റ് ട്രെയിനിംഗ്)-ന്റെ പ്രതിനിധികളായി 3 പേർ പങ്കെടുത്തു. കൂടാതെ വലിയതുറ ഫെറോന വൈദിക കോർഡിനേറ്ററായ റവ.ഫാ.ജോസ് ദിലീപ് ഒ.എഫ്.എം ക്യാപ് പങ്കെടുത്തു, ഈ പരിപാടി ചർച്ച ചെയ്ത പ്രകാരം രൂപതയിൽ നിന്ന് 9-ാം തീയതി കമ്മ്യൂണിക്കേഷൻ തയ്യാറാക്കി ഇടവകകൾക്ക് (പുല്ലുവിള, തൂത്തൂർ ഒഴികെ) എത്തിക്കുകയുണ്ടായി. പാളയം ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളും ആനിമേറ്ററും ഈ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി.





**ഇടവക പ്രവർത്തനങ്ങൾ**

**കിളളിപ്പാലം:** 1-ാം ക്ലാസ്സു മുതൽ ഉന്നത ബിരുദം കരസ്ഥമാക്കുന്നവരുടെ സർവ്വേ എടുക്കുന്നതിനുള്ള നടപടി ആരംഭിച്ചു. കൂടാതെ ഉന്നതവിജയം കരസ്ഥമാക്കിയ 14 പേർക്ക് ഒക്ടോബർ 28-ന് ക്യാഷ് അവാർഡും ഗിഫ്റ്റും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

**കുടപ്പനകുന്ന്:** ഉന്നതവിജയം കരസ്ഥമാക്കിയ 10 വിദ്യാർത്ഥികൾക്ക് (10-4 പേർ, +2 - 3 പേർ, ഡിഗ്രി - 1, ഐറ്റിഐ - 1, ബി.ടെക്ക് -1) 10-500 രൂപ, +2 - 500, ഡിഗ്രി ഐറ്റിഐ, ബി.ടെക്ക്-1000 രൂപ ക്യാഷ് അവാർഡ് വികാരിയച്ചന്റെയും റവ.ഫാ.സജിൻ ഒഎഫ്എം ക്യാപ് (വില്ലാപാദുവ ആശ്രമം) ന്റെയും നേതൃത്വത്തിൽ വിതരണം ചെയ്തു.

**കുറവൻകോണം:** സ്റ്റുഡൻസ് പ്രൊഫൈൽ എൻട്രി ചെയ്തുവരുന്നു.

**വെള്ളയമ്പലം:** ഒക്ടോബർ 7-ാം തീയതി സമിതിയോഗം കൂടി. ഉന്നതവിജയം കരസ്ഥമാക്കിയ 25 വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് മൊമന്റോ വിതരണം ചെയ്യുകയുണ്ടായി. പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം കൊടുക്കുന്നതിന്റെ ഭാഗമായി 14 അപേക്ഷ ലഭിച്ചു. അപേക്ഷ ലഭിച്ച പ്രകാരം തുടർ നടപടി സ്വീകരിച്ചു വരുന്നു.

**പാളയം:** നവപഠിതാക്കൾക്ക് ആദ്യക്ഷരം കുറിക്കുന്നതിന്റെ ഭാഗമായി 19-ാം തീയതി 30 കുട്ടികൾക്ക് വികാരിയച്ചന്റെ നേതൃത്വത്തിൽ ആദ്യക്ഷരം കുറിക്കുകയുണ്ടായി.

**ഫാ. ജോസ്.ജി** — **ജൂലി ഡയനേഷ്യസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

### ഫെറോനതലയോഗം

ഒക്ടോബർ മാസം 13-ാം തീയതി ഫെറോനാസെന്ററിൽ വച്ച് കോർഡിനേറ്റർ ജോസ് ദിലീപച്ചന്റെ നേതൃത്വത്തിൽ ഫെറോനാസമിതിയോഗം കൂടി. യോഗത്തിൽ 10-ൽ 6 ഇടവകയിലെ അംഗങ്ങൾ പങ്കെടുത്തു. ആ മീറ്റിംഗിൽ വച്ച് ത്രിഭാഷയ്ക്കു സ്കോളർഷിപ്പ് കിട്ടിയ 5 കുട്ടികൾക്ക് സ്കോളർഷിപ്പു വിതരണം ചെയ്തു. തുടർന്ന് ഡിഫൻസ് പരിശീലനത്തെക്കുറിച്ചും ചർച്ച ചെയ്തു തീരുമാനമെടുത്തു.

തുടർ പരിശീലനപരിപാടിയായ കെ.ററ്റ് പരിശീലനം ഈ മാസം 12 ക്ലാസ്സുകൾ നല്കി. ഇതിൽ 24 റ്റി.റ്റി.സി, ബി.എഡ് ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു. ഫ്ളോറൻസ് അക്കാഡമിയാണ് ഈ പരിശീലനത്തിനു നേതൃത്വം നല്കുന്നത്.

വലിയതുറ, വലിയവേളി എന്നീ ഇടവകകളിൽ വച്ച് മറ്റ് ഇടവകകളെകൂടി പങ്കെടുപ്പിച്ചു കൊണ്ട് പിഎസ്സി പരിശീലനം എല്ലാ ഞായർ ദിവസങ്ങളിലും 4 മണി മുതൽ 6 മണി വരെ നടന്നുവരുന്നു. ഇതിൽ മറ്റിടവകകളെ പങ്കെടുപ്പിച്ചു.

10-10-18 രാവിലെ 11 മണി മുതൽ 1 മണി വരെ വെട്ടുകാട് സെന്റ് മേരീസ് എച്ച്എസ്എസ് സ്കൂളിൽ വച്ച് സോഷ്യൽ മീഡിയയുടെ ഉപയോഗവും ദുരുപയോഗവും എന്ന വിഷയത്തെക്കുറിച്ചു 120 +2 വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകി. ക്ലാസു നയിച്ചത് ഓൾ സെയിന്റ്സ് കോളേജിലെ സി.സബീനയും ബ്രദർ ഫ്രാങ്ക്ളിനും ആണ്.

വലിയതുറ കമ്മ്യൂണിറ്റിഹാളിൽ 16-10-18 2 മണി മുതൽ 4 മണി വരെ അജിത് സാറും ബ്രദർ ഫ്രാങ്ക്ളിനും ചേർന്ന് അബ്യൂസ് ആന്റ് സോഷ്യൽ മീഡിയ എന്ന വിഷയത്തെക്കുറിച്ച് +2 -ലെ 220 കുട്ടികൾക്ക് ക്ലാസ് നല്കി.

**ഫാ. ജോസ് ദിലീപ്**
കോഓർഡിനേറ്റർ

## കോവളം ഫെറോന

**ഫെറോനസമിതി:** 13-10-18-ന് പൂങ്കുളം ഇടവകയിൽ വച്ച് വൈദിക കോർഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. അജണ്ട പ്രകാരം മെറിറ്റ് അവാർഡ്, സപ്ലിമെന്ററി ട്യൂഷൻ സെന്ററിന്റെ തുടക്കം. കെ-ററ്റ് ഇടവകതലത്തിൽ വിഴിഞ്ഞം, പൂന്തുറ, പെരിങ്ങമല എന്നീ ഇടവകകളിൽ ക്ലാസ്സുകൾ നൽകി. സിവിൽ സർവ്വീസ് ഫൗണ്ടേഷൻ ക്ലാസ്സിന് രജിസ്ട്രർ ചെയ്ത വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ ക്ലാസ്സ് നൽകാൻ തീരുമാനിച്ചു.

**ഇടവകതലം**

**പരുത്തികുഴി**: സെപ്തംബർ 24-ാം തീയതി സമിതി കൂടി. അക്ഷര പരിജ്ഞാനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ക്ലാസ്സുകൾ ക്രമീകരിച്ചു.

**ആഴാകുളം:** ഇംഗ്ലീഷ് പരിജ്ഞാനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 5 മുതൽ ഡിഗ്രി വരെയുള്ള വിദ്യാർത്ഥികൾക്കായി ക്ലാസ്സുകൾ നടന്നുവരുന്നു. 15 വിദ്യാർത്ഥികൾ ഈ ക്ലാസ്സിൽ പങ്കെടുത്തു വരുന്നു.

**പൂന്തുറ:** കെ-ററ്റ് ക്ലാസ്സുകൾ നൽകുകയുണ്ടായി. 25 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു. അദ്ധ്യാപക ഫോറം രൂപീകരിച്ചതിന്റെ ഭാഗമായി 16-ാം തീയതി അദ്ധ്യാപക യോഗം കൂടി. ഇടവക വിദ്യാഭ്യാസ വളർച്ചയുടെ ഭാഗമായി യോഗത്തിൽ

ചർച്ച ചെയ്തു.

**വിഴിഞ്ഞം:** 10-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നൈറ്റ് സ്റ്റഡി അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. 140 വിദ്യാർത്ഥികൾ പങ്കെടുത്തു വരുന്നു.

**ഇടവക സമിതി കൂടിയ ഇടവകകൾ**

പെരിങ്ങമല, പുന്നംമൂട്, പരുത്തിക്കുഴി, പാലപ്പൂർ

**ഫാ. ജോഫിൻ** — **ഷൈജ ആന്റണി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതി എക്സിക്യൂട്ടീവ് യോഗം ഒക്ടോബർ 14-ന് കോഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോനതല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. പ്ലാൻ അനുസരിച്ച് എൽ.പി, യൂ.പി, എച്ച്.എസ് തലത്തിൽ റ്റിറ്റിസി, ബിഎഡ്, ഡി-എഡ് പാസ്സായവർക്കായി പിഎസ്സി പരിശീലനം നവംബർ 10-ാം തീയതി ആരംഭിക്കുന്നതിന് തീരുമാനിച്ചു.

**തുടർപ്രവർത്തനങ്ങൾ**: ഓഗസ്റ്റ് 11-ന് ആരംഭിച്ച ഡിഫൻസ് പരിശീലനം എല്ലാ ദിവസവും രാവിലെ 6 മണിക്ക് കായികക്ഷമത പരിശീലനവും വൈകുന്നേരം 5 മണിക്ക് എഴുത്ത് പരീക്ഷയ്ക്കായുള്ള പരിശീലനവും നന്നായി നടന്നു വരുന്നു. 18 വിദ്യാർത്ഥികൾ പ്രസ്തുത പരിസീലനത്തിന് പങ്കെടുക്കുന്നു.

**പി.എസ്.സി പരിശീലനം**: ഓഗസ്റ്റ് 19-ന് ആരംഭിച്ച പി.എസ്.സി പരിശീലനം ശനി, ഞായർ ദിവസങ്ങളിൽ പുല്ലുവിള ലിയോ 13-ാം മൻ എച്ച്എസ്എസ്-ൽ വച്ച് സംഘടിപ്പിച്ചു വരുന്നു. 19 ഉദ്യോഗാർത്ഥികൾ പരിശീലനത്തിന് പങ്കെടുക്കുന്നു. "സ്പാർക്ക്" സെന്ററാണ് പരിശീലനത്തിന് നേതൃത്വം വഹിക്കുന്നത്.

**കെ-റ്റെറ്റ് പരിശീലനം:** ജൂലൈ മാസം ആരംഭിച്ച കെ-റ്റെറ്റ്





പരിശീലനം ഈ മാസം 9 ക്ലാസ്സുകൾ നൽകി. 19-10-18-ൽ ക്ലാസ്സുകൾ പൂർത്തിയാക്കി. 20, 21 തീയതികളിൽ സർക്കാർ നടത്തിയ കെ-റ്റെറ്റ് പരിശീലനത്തിൽ റ്റിറ്റിസി - ബിഎഡ് പൂർത്തിയാക്കിയ 24 ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി. സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് പ്ലാൻ ആന്റ് ബഡ്ജറ്റ് പ്രകാരം ഈ വർഷത്തെ 6-ാമത്തെ ബാച്ചിനായി സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് 7-10-18-ൽ ആരംഭിച്ചു. പൂവാർ ഏയ്ഞ്ചൽസ് സ്കൂളിൽ വച്ച് സംഘടിപ്പിക്കുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിൽ 42 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. എല്ലാ ഞായറാഴ്ചയിലും 2 മണി മുതൽ 5 മണിവരെയാണ് ക്ലാസ്സ് "നളന്ദ" സിവിൽ സർവ്വീസ് അക്കാദമിയാണ് പരിശീലനത്തിന് നേതൃത്വം നല്കുന്നത്.

**ഇടവകാതലം**

പൂവാർ, കരുംകുളം, നമ്പ്യാതി എന്നീ ഇടവകകളിൽ സമിതിയോഗം സംഘടിപ്പിച്ചു. പ്ലാൻ അനുസരിച്ചു യോഗ 19-10-18-ൽ പൂവാർ ഇടവകയിൽ എച്ച്.എസ്, എച്ച്എസ്എസ് വിഭാഗത്തിലെ 18 വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നടത്തി. പി.എസ്.സി പരിശീലനം ഈ മാസം 4 ക്ലാസ്സുകൾ നൽകി.

നമ്പ്യാതി ഇടവകയിൽ പിഎസ്സി പരിശീലനം ഈ മാസം 19 ക്ലാസ്സുകൾ നൽകി. പൂവാർ, കരുംകുളം എന്നീ ഇടവകകളിൽ എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി നവംബർ മുതൽ വിവിധ വിഷയങ്ങളിൽ സായാഹ്ന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

**ഫാ. ഫ്രഡി സോളമൻ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

**ഫെറോനതലയോഗം**

തൂത്തൂർ ഫെറോന വിദ്യാഭ്യാസ ശുശ്രൂഷസമിതി യോഗം

20-10-18-ൽ ഫെറോന സെന്ററിൽ വച്ച് കോർഡിനേറ്റർ ഫാ.ആൻസിൽ ആന്റണിയുടെ നേതൃത്വത്തിൽ നടന്നു. ഫെറോന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. ഫെറോന പ്ലാൻ അനുസരിച്ച് എച്ച്.എസ്, എച്ച്.എസ്.എസ് തലത്തിൽ അഭിരുചിയ്ക്ക് അനുസരിച്ചുളള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ഫെറോനയിൽ 3 സെന്ററുകളിലായി കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇടവകാതല പ്രവർത്തനം**

**വളളവിള**: യൂ.പി.എച്ച്.എസ് തലത്തിൽ വിഷായടിസ്ഥാനത്തിൽ 20-10-18-ൽ ഒരു ക്ലാസ്സ് സംഘടിപ്പിച്ചു. 120 വിദ്യാർത്ഥികൾ പങ്കെടുത്തു. മാർത്താണ്ഡംതുറ, നീരോടി എന്നീ ഇടവകയിൽ 10, +2 വിഭാഗത്തിൽ നൈറ്റ്സ്റ്റഡി ആരംഭിച്ചു.

**ഫാ. ആൻസിൽ ആന്റെണി** — കോഓർഡിനേറ്റർ

**മല്ലിക ഡെസൽബിൻ** — ആനിമേറ്റർ





## മീഡിയ കമ്മീഷൻ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനശേഖരണാർത്ഥം തിരുവനന്തപുരം ലത്തീൻ അതിരൂപതയും ചിത്രകാരന്മാരും ചേർന്ന് വരദാനം എന്ന പേരിൽ ഒരു ചിത്രപ്രദർശനവും വിൽപനയും റഷ്യൻ കൾച്ചറൽ സെന്ററിൽ വച്ചു 2018 സെപ്തംബർ മാസം 2, 3 തീയതികളിലായി നടത്തുകയുണ്ടായി. വരദാനത്തിന്റെ പ്രചരണാർത്ഥം 2-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് മ്യൂസിയം കോമ്പൗണ്ടിൽ വച്ച് തിരുവനന്തപുരം അതിരൂപതയിലെ വിവിധ കലാകാരൻമാരുടെ തൽസമയ ചിത്രരചന സംഘടിപ്പിക്കുകയുണ്ടായി. മി. ക്ലിന്റൻ ചിത്രകാരന്മാർക്കും അവിടെ സന്നിഹിതരായിരുന്നവർക്കും സ്വാഗതമാശംസിച്ചു. പ്രസ്തുത പരിപാടി കേരളത്തിലെ പ്രശസ്ത ചിത്രകാരൻ ബി.ഡി ദത്തൻസാർ ഒരു തൽസമയ ചിത്ര രചനയിലൂടെ ഉദ്ഘാടനം ചെയ്തു. ശേഷം ഫാ. ദീപക് ആന്റോ വിശിഷ്ട വ്യക്തികൾക്കും കലാകാരന്മാർക്കും പരിപാടിയിൽ സമ്മേളിച്ചിരുന്നവർക്കും നന്ദിയർപ്പിച്ചു. 3-ാം തീയതി രാവിലെ 11 മണിയോടെ രൂപതാദ്ധ്യക്ഷൻ മോസ്റ്റ്. റവ.ഡോ.എം സൂസപാക്യം പ്രദർശനത്തിനും വച്ചിരുന്ന ചിത്രങ്ങൾ സന്ദർശിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഒപ്പം റവ.ഫാ.ഡൈസനും ആശംസകളേകി സംസാരിച്ചു. 2018 ഒക്ടോബർ 1-ാം തീയതി ചിത്രവിൽ പനയിൽ നിന്നും ലഭിച്ച 1 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് കൈമാറി. വരദാനം 2018-ന്റെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ദൈവനാമത്തിൽ നന്ദിയർപ്പിക്കുന്നു.

**ഫാ. ദീപക് ആന്റോ**
എക്സിക്യൂട്ടീവ് സെക്രട്ടറി

## സാമൂഹ്യശുശ്രൂഷ

### അഞ്ചുതെങ്ങ് ഫെറോന

**കാര്യശേഷി വികസന കമ്മീഷൻ ഫെറോനായോഗം**

14-10-18-ൽ കോർഡിനേറ്റർ റവ.ഫാ.ടോണി ഹാംലെറ്റ് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോനാ ഇടവകാപ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്ലാൻ അനുസരിച്ച് തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി. ക്യാൻസർ മെഡിക്കൽ ക്യാമ്പ്, വയോജനസംഗമം എന്നിവ ഫെറോനാതലത്തിൽ നടത്താൻ തീരുമാനിച്ചു. പ്രോജക്ടിന്റെ ഭാഗമായ് ശൗചാലയ നിർമ്മാണത്തിനു ഇടവകകളിൽ നിന്നും അപേക്ഷ സ്വീകരിക്കാൻ തീരുമാനിച്ചു പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇടവക യോഗങ്ങൾ 7-10-18-ൽ നടന്നു. പ്ലാൻ അനുസരിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തൽ നടത്തുകയും പ്രോജക്ട് പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

**സർക്കാർ ആനുകൂല്യം:** ഫെറോനയിൽ മുങ്ങോട്, അയിരൂർ ഇടവകകളിൽ 2 കുടുംബങ്ങൾക്ക് പഞ്ചായത്ത് ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ധനസഹായം ലഭ്യമായി. കൂടാതെ രൂപതാ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഫെറോനയിൽ 5 കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ് 50,000 ലഭ്യമാക്കി പണി ആരംഭിച്ചു.

സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമന പ്രവർത്തനങ്ങളുടെ ഭാഗമായ് ഫെറോനാ യോഗം നടന്നു. യോഗത്തിൽ കുടുംബശ്രീ ആനുകൂല്യങ്ങൾ, പദ്ധതികൾ എന്ന വിഷയത്തിൽ ബോധവൽക്കരണം നല്കി. ഉണർവ്വ് പഠന പത്രിക എലിപ്പനി ബോധവൽക്കരണം നല്കി. ഇടവകായോഗങ്ങൾ 7-7-18-ന് നടന്നു എസ്.എച്ച്.ജി പ്രവർത്തനങ്ങൾ





വിലയിരുത്തുകയും രൂപതാ ഫെറോനാ അറിയിപ്പുകൾ നടത്തുകയും ചെയ്തു.

**തൊഴിൽ പരിശീലനം**

ഫെറോനാതലത്തിൽ 30 അംഗങ്ങൾക്ക് കേക്ക് ഉണ്ടാക്കുന്നതിനുള്ള പരിശീലനം നല്കി. ഒരു ആക്ടിവിറ്റി ഗ്രൂപ്പ് രൂപീകരിച്ചു.

സമ്പാദ്യലോൺ 4 അംഗങ്ങൾക്ക് 150000/- വിതരണം ചെയ്തു.

സേവ് എ ഫാമിലി പദ്ധതിയുടെ ഭാഗമായ് സ്വയം തൊഴിൽ ചെയ്യുന്നതിനു 7 കുടുംബങ്ങൾക്ക് 78000/- നല്കി. കുടുംബോദ്ധാരണ പദ്ധതിയിൽ തൊഴിൽ കാര്യകമ്മിഷന്റെ ഭാഗമായ് മത്സ്യവിപണന സ്ത്രീഫോറം ഫെറോനായോഗം നടന്നു. എലിപ്പനി പകരുന്ന വിധം പ്രതിവിധി എന്ന വിഷയത്തിൽ ബോധവൽക്കരണം നല്കി. മാർക്കറ്റുകളിലെ നിലവിലെ അവസ്ഥ മനസിലാക്കുന്നതിന് മാർക്കറ്റ് സന്ദർശനം നടത്തുവാനും 12 അംഗങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് 160000/- ലോൺ നല്കാനും തീരുമാനിച്ചതിൻപ്രകാരം ലോൺ വിതരണം ചെയ്തു മാർക്കറ്റ് സന്ദർശിച്ചു. മാർക്കറ്റിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായ് ബന്ധപ്പെട്ട പഞ്ചായത്തിൽ അപേക്ഷ നല്കി. ഇടവകായോഗങ്ങൾ 14/15 നടന്നു.

മത്സ്യതൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായ് എക്സിക്യൂട്ടീവ് യോഗം കൂടി യോഗത്തിൽ 10 കാർഡ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായ നടപ്പിലാക്കുന്നതിനു അംഗങ്ങൾ നിർദേശിച്ചു.

ഇതരതൊഴിലാളിക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായ് ഫെറോനാ യോഗം നടന്നു. യോഗത്തിൽ കമ്മിഭവൻ

ആനുകൂല്യങ്ങളെക്കുറിച്ച് ആനിമേറ്റർ ബോധ്യം നല്കി. ഓർഗാനിക് നടത്താൻ താല്പര്യമുള്ളവരുടെ ലിസ്റ്റ് നല്കാൻ അറിയിപ്പു നല്കി. ഇടവകായോഗങ്ങൾ 5/5 നടന്നു.

ആരോഗ്യപരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായ് അഞ്ചുതെങ്ങ് ഇടവകയിൽ കെ.സി.വൈ.എം സാമൂഹ്യ ശുശ്രൂഷാസമിതി, ഇടവകസമിതി സംയുക്തമായ് ക്ലീനിംഗ് പ്രോഗ്രാം നടന്നു. വയോജന ദിനാചരണം വെന്നിക്കോട് ഇടവകയിൽ വച്ച് നടന്നു. ദിനാഘോഷത്തിൽ വയോജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തിൽ ബോധവല്ക്കരണ ക്ലാസ് റവ.ഫാ.വിൻസെന്റ് നല്കി. തുടർന്ന് കലാപരിപാടികൾ നടത്തി. സ്നേഹവിരുന്നു നല്കി. 4 റ്റി അംഗങ്ങൾ പങ്കെടുത്തു.

എൽ.എഫ് കുട്ടികളുടെ ഭവനസന്ദർശനം നടത്തി കുട്ടികളുടെ നിലവിലെ അവസ്ഥ മനസിലാക്കി. എല്ലാ ഇടവകകളിലും എൽഎഫ് കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.

സപ്ലിമെന്ററി നഴ്സറി പ്രവർത്തനങ്ങളുടെ ഭാഗമായ് എല്ലാ സെന്ററുകളിലും പിറ്റിഎ മീറ്റിംഗ് കൂടി പഠന നിലവാരം ഉറപ്പുവരുത്തി. മൂങ്ങോട് നഴ്സറി സെന്ററിൽ പഞ്ചായത്ത് ഓഫീസറിന്റെ നേതൃത്വത്തിൽ കൂടി പാഠവും ബോധവൽക്കരണ ക്ലാസ് നല്കി. എല്ലാ സെന്ററുകളിലും ഗാന്ധിജയന്തി ദിനാചരണവും ക്ലീനിംഗ് പ്രോഗ്രാമും നടന്നു.

ചൈൽഡ് പാർലമെന്റ് യോഗം 7 സെന്ററുകളിലും വോളന്റിയർമാരുടെ നേതൃത്വത്തിൽ നടന്നു. ചമ്പാവിൽ മോക്ക് പാർലമെന്റ് പരിശീലനം നൽകി. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായ് എ.എ ഗ്രൂപ്പ് യോഗം നടന്നു. 2 കുടുംബങ്ങളെ മുക്തിധ്യാനത്തിൽ പങ്കെടുപ്പിച്ചു.

സ്ത്രീശാക്തീകരണ പ്രോജക്ടിന്റെ ഭാഗമായ് എസ്എച്ച്ജി





മത്സ്യവിപണന സ്ത്രീഫോറം അംഗങ്ങൾക്ക് പ്രത്യുല്പാദനവും ആരോഗ്യവും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് നല്കി. ഫെറോനയിൽ ടോയ്‌ലറ്റ് നിർമ്മാണം നടന്നുവരുന്നു. ബയോഗ്യാസ് പ്ലാന്റിന് അപേക്ഷ തന്ന ഗുണഭോക്തക്കളെ ഉൾപ്പെടുത്തി യോഗം നടന്നു. യോഗത്തിൽ ബയോഗ്യാസ് പ്ലാന്റ് പ്രദർശിപ്പിക്കുകയും പ്രവർത്തനത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. പ്രോജക്ട് കോഡിനേറ്ററിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ 13 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ടോണി ഹാംലെറ്റ്** — കോഓർഡിനേറ്റർ

**പ്രീതി മാത്യുസ്** — ആനിമേറ്റർ

## പുതുക്കുറിച്ചി ഫെറോന

### കാര്യശേഷി വികസന കമ്മിഷൻ

### ഫെറോനതല പ്രവർത്തകയോഗം

1-10-18-ന് രാവിലെ 10-ന് ശാന്തിപുരം പള്ളിമേടയിൽ വച്ച് ഫെറോന സാമൂഹ്യശുശ്രൂഷ കോഡിനേറ്റർ ഫാ. സിൽവസ്റ്ററിന്റെ അധ്യക്ഷതയിൽ നടന്നു. സെപ്തംബർ മാസത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരണവും വിലയിരുത്തലും നടത്തി തുടർന്ന് ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങളെ ക്കുറിച്ചുള്ള പ്ലാനിംഗും നടത്തി. എസ്എച്ച്ജി കളുടെ ശാക്തീകരണത്തിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ഇതിൽ പ്രോജക്ട് സ്റ്റാഫിന്റെ പങ്കാളിത്തവും ഉണ്ടായിരുന്നു. 8 അംഗങ്ങൾ പങ്കെടുത്തു.

### ഫെറോനതല എക്സിക്യൂട്ടീവ് യോഗം

1-10-18-ന് വൈകുന്നേരം 4.30-ന് ശാന്തിപുരത്ത് വച്ച് ഫെറോന സാമൂഹ്യശുശ്രൂഷ കോഡിനേറ്റർ ഫാ.സിൽവസ്റ്ററിന്റെ

അദ്ധ്യക്ഷതയിൽ യോഗം നടന്നു. മുൻയോഗ റിപ്പോർട്ട് അവതരണത്തിനുശേഷം സമിതിയുടെ 6 മാസത്തെ വിലയിരുത്തൽ യോഗത്തെക്കുറിച്ചുള്ള ചർച്ചകൾ നടത്തുകയും അതിൻ പ്രകാരം 14-10-18-ന് ഉച്ചയ്ക്ക് 4.30-ന് കൊച്ചുതുറ പാരീഷ്ഹാളിൽ വച്ച് നടത്താനും തീരുമാനിച്ചു. അതിനായി എല്ലാ ഇടവകളിൽ നിന്നുമുള്ള ഇടവക എക്സിക്യൂട്ടീവ് അംഗങ്ങളെ പങ്കെടുപ്പിക്കാനും 6 മാസം ഇടവകകളിൽ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കാനും തീരുമാനിച്ചു. തുടർന്ന് ടോയ്‌ലറ്റിന്റെ പണി ആരംഭിക്കാത്ത ഇടവകകളിൽ ഉടൻ ആരംഭിക്കുന്നില്ല എങ്കിൽ അർഹരായ മറ്റു ഇടവകൾക്ക് നൽകാൻ തീരുമാനിക്കുകയും അത് വികാരിയച്ചന്മാരെ അറിയിക്കാനും തീരുമാനിച്ചു. തുടർന്ന് ഫെറോനയിൽ നിന്നും വീടിന്റെ പൂർത്തികരണത്തിനായി കൊടുത്തിരുന്ന 5 അപേക്ഷകളിന്മേൽ രൂപത സമിതി വെരിഫിക്കേഷൻ നടത്തിയതായും അതിൻപ്രകാരം ആദ്യഘട്ട മായുള്ള തുക 2-10-18 ഉച്ചയ്ക്ക്ശേഷം അതിരൂപത അദ്ധ്യക്ഷൻ വെള്ളയമ്പലം റ്റിഎസ്എസ്എസ് ഓഫീസിൽ വച്ച് നൽകുന്നതാണെന്നും യോഗത്തെ അറിയിച്ചു. തുടർന്ന് സ്കൂൾ കുട്ടികൾക്കായുള്ള ബോധവൽക്കരണ ക്ലാസ് ഫെറോനയിലെ സ്കൂളുകളിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

**ഇടവകതല യോഗങ്ങൾ**

7, 21, 17, 25 തീയതികളിൽ വെട്ടുതുറ, പള്ളിത്തുറ, തുമ്പ, ഫാത്തിമാപുരം ഇടവകകളിൽ യൂണിറ്റ് യോഗങ്ങൾ നടന്നു. ടോയിലറ്റ് നിർമാണം പ്ലാൻ ആന്റ് ബഡ്ജറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ മത്സ്യത്തൊഴിലാളി ദിനാചരണം എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

**ഇടവകതലയോഗങ്ങൾ**

10, 16 തീയതികളിൽ ഫാത്തിമാപുരം പുത്തൻതോപ്പ് എന്നീ





ഇടവകകളിലായി 2/8 യൂണിറ്റ് യോഗങ്ങൾ നടന്നു. യോഗങ്ങളിൽ ഉണർവ് പത്രികാവബോധം നൽകി. ഇടവകാതലയോഗങ്ങളിൽ പങ്കെടുക്കാത്ത എസ്എച്ച്ജി-കളുടെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതല്ല എന്നും തീരുമാനിച്ചു.

**തൊഴിൽകാര്യകമ്മിഷൻ**

**മത്സ്യകച്ചവട സ്ത്രീഫോറം**

**യൂണിറ്റ് യോഗങ്ങൾ**: 14, 17, 21 എന്നീ തീയതികളിൽ പുതുക്കുറിച്ചി, മര്യനാട്, ശാന്തിപുരം, പുത്തൻതോപ്പ്, പള്ളിത്തുറ. സെന്റാൻഡ്രൂസ്, ഫാത്തിമാപുരം ഇടവകകളിലായി 8/9 യൂണിറ്റ് യോഗങ്ങൾ നടന്നു. അതിൽ ചന്തപ്രശ്നങ്ങൾ യൂണിറ്റ് വിലയിരുത്തൽ പ്രാദേശിക പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്തു.

**ബോധവൽക്കരണ ക്ലാസ്**: സ്ത്രീ ശാക്തീകരണ പ്രോജക്ടിന്റെ ഭാഗമായി പുതുക്കുറിച്ചി ഇടവകയിലെ മത്സ്യക്കച്ചവട സ്ത്രീകൾക്കായി വ്യക്തിശുചിത്വം വസ്ത്രധാരണം എന്നീ വിഷയങ്ങളിന്മേൽ അസി.കോർഡിനേറ്റർ ശ്രീമതി ശ്രീകല 14-10-18-ന് പുതുക്കുറിച്ചി ഫിഷ്‌ലാന്റിങ്ങ് സെന്റെർ വച്ച് ക്ലാസ്സെടുത്തു.

**ഭവനസന്ദർശനം:** 6, 20 തീയതികളിൽ തുമ്പ, വെട്ടുതുറ ഇടവകകളിലെ മത്സ്യക്കച്ചവട സ്ത്രീകളുടെ ഭവനങ്ങൾ ഫോറം കോർഡിനേറ്റർ, പ്രോജക്ട് സ്റ്റാഫ് എന്നിവർ ചേർന്ന് സന്ദർശിക്കുകയും മീറ്റിംഗിന് ക്ഷണിക്കുകയും ഓരോരുത്തരു ടെയും വീടിന്റെ അവസ്ഥകൾ നേരിട്ട് മനസിലാക്കുകയും ചെയ്തു.

**റ്റിഎംഎഫ്**

**ഫെറോനതല യോഗം**

21-10-18-ന് രൂപത ഡയറക്ടർ ഫാ. ഷാജിൻ ജോസിന്റെ അദ്ധ്യക്ഷതയിൽ സെന്റാഡ്രൂസിൽ വച്ച് നടന്നു. മണ്ണെണ്ണ സബ്സിഡി, ക്ഷേമിനിധി അംഗത്വം മത്സ്യതൊഴിലാളിദിനാചരണം

എന്നീ കാര്യങ്ങൾ ചർച്ച ചെയ്തു. 9 അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് യോഗങ്ങൾ**

14, 28 തീയതികളിൽ പള്ളിത്തുറ - 18, മര്യനാട് - 38, പുതുക്കുറിച്ചി - 12 അംഗങ്ങൾ എന്നീ ക്രമത്തിൽ 3/4 യൂണിറ്റ് യോഗങ്ങൾ നടന്നു. യോഗങ്ങളിൽ ക്ഷേമനിധി അംഗത്വം യൂണിറ്റ് ശാക്തീകരണം ലൈറ്റ് ഉപയോഗിച്ചുള്ള മീൻപിടിത്തം പ്രാദേശികവിഷയങ്ങൾ എന്നിവ ചർച്ച ചെയ്തു.

**ബോധവൽക്കരണ ക്ലാസ്**

14-ാം തീയതി മര്യനാട് ഇടവകയിൽ വച്ച് സമൂഹത്തിൽ അല്ലെങ്കിൽ കുടുംബത്തിൽ നിലനിർത്തേണ്ട ലിംഗ സമത്വത്തെ കുറിച്ചുള്ള ക്ലാസ് നല്കി.

**കെഎൽഎം**

14-ന് പുത്തൻതോപ്പ് ഇടവകയിൽ വച്ച് ഫെറോന വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും രൂപത കോഡിനേറ്റർ ശ്രീ. അന്നറീറ്റയുടെ സാന്നിധ്യത്തിലും യോഗം നടന്നു. മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ച് വിലയിരുത്തൽ നടത്തി. തുടർന്ന് വിവിധ ക്ഷേമനിധി ആനുകൂല്യങ്ങളെക്കുറിച്ച് ക്ലാസ് നൽകി. തുടർന്ന് റ്റിഎസ്എസ്എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡോണി മികച്ച കർഷകരെ ആദരിക്കുകയും ചെയ്തു. ഫെറോന റ്റിഎസ്എസ്എസ് കോർഡിനേറ്റർ, രൂപത കപ്പാസിറ്റി കോർഡിനേറ്റർ എന്നിവരുടെ സാന്നിധ്യവുമുണ്ടായിരുന്നു.

യൂണിറ്റ് യോഗങ്ങൾ 3/4 നടന്നു.

| | | |
|---|---|---|
| 10/10 | ഫാത്തിമാപുരം | 7 അംഗങ്ങൾ |
| 13/10 | പുത്തൻതോപ്പ് | 14 അംഗങ്ങൾ |
| 13/10 | മര്യനാട് | 9 അംഗങ്ങൾ |

എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൾ നടന്നു യോഗങ്ങളിൽ ജനറൽബോഡി അറിയിപ്പ് നൽകുകയും യൂണിറ്റിലെ





എല്ലാ അംഗങ്ങളെയും ഇതിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

**ആരോഗ്യകാര്യ കമ്മിഷൻ**

1-10-18-ന് ശാന്തിപുരത്ത് സെമികോമയിൽ കഴിയുന്ന രോഗിക്ക് രൂപതയിൽ നിന്നുള്ള ധനസഹായ വിതരണം നടത്തി.

26-10-18-ന് കൊച്ചുതുറ ഇടവകയിൽ നിന്നുള്ള ക്യാൻസർ രോഗിക്ക് രൂപതയിൽ നിന്നുള്ള ധനസഹായവിതരണം നടത്തി.

**എൽഎഫ് ഹൗസ് വിസിറ്റ്**

24, 16 തീയതികളിൽ ആനിമേറ്റർ എസ്എൽഎഫ് കുട്ടികളുടെ ഭവനം സന്ദർശിക്കുകയും എസ് യു എൽ എസ് യു എസ് എസ് സ്റ്റോറി എഴുതുകയും ബസ് പാസ്സിന് വേണ്ടിയുള്ള വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**സ്ത്രീകളും കുട്ടികളും**

ചൈൽഡ് പാർലമെന്റ്

തുമ്പ: 14-10-18-ന് തുമ്പ ചൈൽഡ് പാർലമെന്റ് യോഗം കൂടി. കുട്ടികൾക്ക് ഊർജ്ജസംരക്ഷണത്തെകുറിച്ച് ഒരു ക്ലാസ് നൽകി. ഫെറോന ആനിമേറ്റർ നൽകി. ക്ലാസിൽ 24 കുട്ടികൾ പങ്കെടുത്തു.

വിധവഫോറം: 2/3 യോഗങ്ങൾ നടന്നു. തുമ്പ നടന്നില്ല

21-ാം തീയതി പുത്തൻതോപ്പ് ഫാത്തിമാപുരം ഇടവകയിൽ വിധവഫോറം യോഗങ്ങൾ നടന്നു. സ്വയം തൊഴിലിനെകുറിച്ചുള്ള ചർച്ചകൾ നടത്തുകയും ഉണർവ് പഠന പത്രികാവബോധം നൽകുകയും ചെയ്തു.

**ഓഖി:**

**ഭവനസന്ദർശനം:** 16-ാം തീയതി രൂപത കോർഡിനേറ്റർ സിസ്റ്റർ ഷിജി, ആനിമേറ്റർ എന്നിവർ ഫെറോനയിലെ മര്യനാട്, തുമ്പ, ഫാത്തിമാപുരം എന്നീ ഇടവകകളിലെ ഓഖി ബാധിത ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഐജിപി ഫണ്ട് വിതരണം:** 22-ാം തീയതി രൂപത കോഡിനേറ്റർ ഓഖി ബാധിതർക്ക് തങ്ങളുടെ സ്വയം തൊഴിൽ വിപുലമാക്കുന്നതിനായി 1,70,000 രൂപ രൂപത വഴി ധനസഹായവിതരണം നടത്തി.

**ഫാ. സിൽവസ്റ്റർ കുരിശ്** — **വിപിൻ വർഗ്ഗീസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

**പേട്ട ഫെറോന**

**നീതി സമാധാനം വികസനം കമ്മീഷൻ**

**കാര്യശേഷി വികസന വിഭാഗം**

2/9, 7/10 എന്നീ തീയതികളിൽ - സാമൂഹ്യശുശ്രൂഷ ഫെറോനതല എക്സിക്യൂട്ടീവ് യോഗം നടന്നു. 7, 8 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

30/9 - സാമൂഹ്യ ശുശ്രൂഷ ഫെറോന ജനറൽ ബോഡി യോഗം നടന്നു. രൂപതാ റ്റിഎസ്എസ്എസ് അസി.ഡയറക്ടർ റവ.ഫാ.ഡോണി ഡി പോളിന്റെയും ഫെറോന കോ-ഓർഡിനേറ്റർ ഫാ. ക്രിസ്റ്റഫർ കെ.എല്ലിന്റെയും സാന്നിധ്യത്തിൽ ഇടവകയുടെ ആറ് മാസത്തെ പ്ലാൻ & ബഡ്ജറ്റ് അനുസരിച്ചുള്ള വിലയിരുത്തൽ റിപ്പോർട്ട് അവതരണം നടന്നു. 9/10 ഇടവക പങ്കെടുത്തു. മൺവിള ഇടവക പങ്കെടുത്തില്ല. കപ്പാസിറ്റി കോ-ഓർഡിനേറ്ററിന്റെ സജീവസാന്നിധ്യവും ഉണ്ടായിരുന്നു.

15/9 രൂപതാ റ്റിഎസ്എസ്എസ് ജനറൽ ബോഡി യോഗം നടന്നു. യോഗത്തിൽ ഫെറോനയിൽ നിന്നും 9 അംഗങ്ങൾ പങ്കെടുത്ത് ഫെറോനയുടെ അർദ്ധവാർഷിക വിലയിരുത്തൽ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**അടിസ്ഥാനസൗകര്യങ്ങളുടെ വികസനം**

അതിരൂപതാ റ്റിഎസ്എസ്എസ്സിന്റെ ധനസഹായത്തോടെ





നടപ്പിലാക്കുന്ന ഭവനപുനരുദ്ധാരണ പദ്ധതിയിൽ ഫെറോനയിൽ നിന്നും അഞ്ച് നിർധന കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണത്തിന് 50,000/- രൂപ വീതം 2,50,000/- രൂപ ലഭിച്ചു.

ഫെറോനയിലെ 10 നിർധന കുടുംബങ്ങൾക്ക് രൂപതാ റ്റിഎസ്എസ്എസ്സിന്റെ ശൗചാലയ നിർമ്മാണപദ്ധതിയുടെ ഭാഗമായി 15,000/- രൂപ വീതം 1,50,000/- രൂപ ആദ്യ ഗഡു ലഭിച്ചു. ടോയ്‌ലറ്റിന്റെ പണി പുരോഗമിച്ചു വരുന്നു.

**സ്വയം സഹായസംഘങ്ങളും സാമ്പത്തിക ഉന്നമനവും**

14-9-18, 12-10-18 എന്നീ തീയതികളിൽ ഫെറോന എസ്എച്ച്ജി ഫെഡറേഷൻ യോഗം നടന്നു. യോഗത്തിൽ ഇടവകാതല റിപ്പോർട്ട് അവതരണം ഫെറോന എസ്എച്ച്ജി ഫണ്ടിൽ നിന്നും ലോൺ നൽകൽ, നൽകിയ ലോണിന്റെ തിരിച്ചടവും ഉറപ്പുവരുത്തി.

19-9-18-ന് രൂപതാ റ്റിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ നടന്ന എസ്എച്ച്ജി രൂപതാതല ജനറൽബോഡി യോഗത്തിൽ ഫെറോന എസ്എച്ച്ജി ഫെഡറേഷൻ ഭാരവാഹികൾ 6 അംഗങ്ങൾ പങ്കെടുക്കുകയും ഫെറോനയുടെ എസ്എച്ച്ജി പ്രവർത്തനങ്ങളുടെ അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**സ്വയം തൊഴിൽ പരിശീലനം**

വനിതാവികസന കോർപ്പറേഷന്റെ കീഴിൽ കാഞ്ഞിരംപാറ റീച്ച് എന്ന സ്ഥാപനത്തിൽ വച്ച് 24-9-18, 25-9-18-നു നടന്ന എൽ.ഇ.ഡി ബൾബ് നിർമ്മാണ പരിശീലനത്തിൽ ഫെറോനയിൽ നിന്നും 4 അംഗങ്ങൾ പങ്കെടുത്ത് പരിശീലനം നേടി.

14-10-18 പുഷ്പഗിരി ഇടവകയിലെ ജ്വാല എസ്എച്ച്ജിയിൽ ഉള്ള 14 അംഗങ്ങൾക്ക് ഓവനില്ലാതെ കുക്കറിൽ കേക്ക് നിർമ്മാണം പരിശീലനം നൽകി.

27-9-18-ന് കുമാരപുരം കോൺഫറൻസ് ഹാളിൽ വച്ച് രൂപതാ എസ്എച്ച്ജി കോ-ഓർഡിനേറ്റർ ശ്രീമതി അന്നീ റീറ്റയുടെ ഉദ്ഘാടനത്തോടെ 35 ദിവസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു.

**മുട്ടട:** അമല എസ്എച്ച്ജി യിലെ രണ്ട് എസ്എച്ച്ജി അംഗങ്ങൾക്ക് സർജറിയെ തുടർന്ന് സംഘാംഗങ്ങൾ സമാഹരിച്ചു 2000/- രൂപ ധനസഹായം നൽകി.

1,25,000/- രൂപ ആറ് വ്യക്തികൾക്ക് സംഘനിക്ഷേപത്തിൽ നിന്നും അഞ്ച് സംഘങ്ങൾക്ക് ലോൺ നൽകി.

**കുടുംബക്ഷേമ പ്രവർത്തനങ്ങൾ:**

നിർധന കുടുംബങ്ങളെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കാരുണ്യപൂർവ്വം പദ്ധതിയിൽ നിലവിലുള്ള 18 കുടുംബങ്ങൾക്ക് രൂപതയിൽ നിന്നും 900/- രൂപ വീതം 16,200/- രൂപ പ്രസ്തുത കുടുംബങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും 10,000/- രൂപ വീതം 20,000/- രൂപ പിൻവലിക്കുകയും സ്വയം തൊഴിലായി ടെയിലറിംഗ് സംരംഭം ആരംഭിക്കുകയും ചെയ്തു.

**തൊഴിൽകാര്യ കമ്മീഷൻ**

23-9-18 കെ.എൽ.എം ഫെറോന ജനറൽബോഡി യോഗം ഫെറോന കോ-ഓർഡിനേറ്റർ റവ.ഫാ.ക്രിസ്റ്റഫർ കെ.എൽ.എം ന്റെ അദ്ധ്യക്ഷതയിൽ നടന്നു. കെ.എൽ.എം രൂപതാ എക്സിക്യൂട്ടീവ് സെക്രട്ടറി റവ.ഫാ.ജോൺ ഡാളിന്റെയും ശ്രീമതി അന്നാ റീറ്റയുടെയും സാന്നിധ്യത്തിൽ അർദ്ധവാർഷിക ഇടവകാതല കെ.എൽ.എം പ്രവർത്തന റിപ്പോർട്ട് അവതരണം കെ.എൽ.എം സെക്രട്ടറിമാർ അവതരിപ്പിച്ചു. 5/5 ഇടവകൾ പങ്കെടുത്തു.

മികച്ച കർഷകരെ ആദരിക്കുന്നതിന്റെ ഭാഗമായി ചെറുവയ്ക്കൽ ഇടവകയിലെ ശ്രീമാൻ ലേവിയേയും മികച്ച കർഷകയായി മൺവിള ഇടവകയിലെ ശ്രീമതി ഷീലയേയും റവ.ഫാ.ജോൺ ഡളിന്റെ സന്ദേശത്തോടെ തൊഴിൽ ഉപകരണങ്ങൾ നൽകി ആദരിച്ചു. കെ.എൽ.എം കോ-ഓർഡിനേറ്റർ ആശംസയും നൽകി.





20-10-18 - കെ.എൽ.എം ഫെറോന എക്സിക്യൂട്ടീവ് യോഗം നടന്നു. യോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തലും ലോൺ തിരിച്ചടവ് ഉറപ്പുവരുത്തുകയും ചെയ്തു.

**പുതിയ കെ.എൽ.എം രൂപീകരണം**

23-9-18 പുഷ്പഗിരി ഇടവകവികാരി റവ.ഫാ.ജറാൾഡ് സാവിയോയുടെ സാന്നിധ്യത്തിൽ ഇടവകയിലെ 14 അസംഘടിത തൊഴിലാളികളെ ഉൾപ്പെടുത്തി ഫെറോന ആനിമേറ്റർ പുതിയൊരു കെ.എൽ.എം രൂപീകരിക്കുകയും 9 ഭാരവാഹികളെ തെരഞ്ഞെടുത്ത് ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങളുടെ ബോധ്യം നൽകുകയും ചെയ്തു.

**ആരോഗ്യകാര്യ കമ്മീഷൻ - ബോധവത്ക്കരണ ക്ലാസ്സ്**

16-9-18 - വികാസ്നഗർ ഇടവകയിലെ 35 കൗമാരപ്രായക്കാരായ കുട്ടികൾക്ക് പ്രസ്തുത കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു. ഡോ.ശോഭാമാത്യു നയിച്ച ക്ലാസ്സ് ഇടവക വികാരി റവ.ഫാ.റോബിൻസൺ ഉദ്ഘാടനം ചെയ്തു.

**വയോധിക ഫോറം രൂപീകരണം**

30-9-18 - വികാസ്നഗർ ഇടവക വികാരി റവ.ഫാ.റോബിൻസന്റെ സാന്നിധ്യത്തിൽ വികാസ്നഗർ ഇടവകയിലും ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ദൈവാലയത്തിലും

രണ്ടു വയോധികരുടെ ഗ്രൂപ്പ് രൂപീകരിച്ചു. സ്നേഹത്തണലിൽ ഇത്തിരിനേരം എന്ന ലക്ഷ്യത്തോടെ 60 വയസ്സിനുമികളിലുള്ള സ്ത്രീകളെയും പുരുഷന്മാരെയും ഉൾപ്പെടുത്തി റവ.സി.അഡോൾഫയുടെ ക്ലാസ്സോടുകൂടി ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിൽ പ്രസ്തുത ഗ്രൂപ്പുകൾ രൂപീകരിച്ചു.

**എൽ.എഫ്.ധനസഹായം**

25-9-18 - കുമാരപുരം, പോങ്ങുംമൂട് എന്നീ ഇടവകയിലെ 3 ഭിന്നശേഷിക്കാരായ കുട്ടികളുടെ ഭവനം ഫെറോന ആനിമേറ്റർ സന്ദർശിച്ച് രൂപതയിൽ നിന്നും 9,300/- കുട്ടികളുടെ പഠനപുരോഗതിക്കായി ധനസഹായം നൽകി.

സൗജന്യ ആരോഗ്യമാസികയുടെ വിതരണം പുഷ്പഗിരി ഇടവക റ്റി.എസ്.എസ്.എസ് ന്റെ നേതൃത്വത്തിൽ 50 കുടുംബങ്ങൾക്ക് നൽകി.

**കാരുണ്യപ്രവർത്തനം**

കാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ദൈവാലയത്തിൽ എല്ലാ മാസവും രണ്ടാം ഞായർ ദിവ്യബലിക്ക് ലഭിക്കുന്ന സ്തോത്രക്കാഴ്ചയുടെ കാണിക്കയുടെ കാശ് ചാവടിമുക്കുള്ള അസ്സീസ്സി അഗതിമന്ദിരത്തിൽ നൽകി വരുന്നു.

മൺവിള കാരുണ്യ എസ്.എച്ച്.ജി യുടെ നേതൃത്വത്തിൽ എല്ലാ ശനിയാഴ്ചയും മൺവിള സാധന റിന്യൂവൽ സെന്ററിൽ സംഘാംഗങ്ങൾ കളക്ട് ചെയ്യുന്ന പൊതിച്ചോറ് നൽകി.

**സ്ത്രീകളും കുട്ടികളും കമ്മീഷൻ**

വിധവാഫോറം യോഗം 2-9-18-പുഷ്പഗിരി, ചെറുവക്കൽ എന്നീ ഇടവകയിൽ നടന്നു.





ചൈൽഡ് പാർലമെന്റ് യോഗങ്ങൾ മൺവിള, കുമാരപുരം എന്നീ ഇടവകയിൽ നടന്നു. ആരോഗ്യസംരക്ഷണവും എലിപ്പനിയും എന്ന വിഷയം യോഗത്തിൽ ചർച്ചാ വിഷയമാക്കുകയും ചെയ്തു.

**മദ്യവർജ്ജനവും പരിസ്ഥിതി സംരക്ഷണവും കമ്മീഷൻ**

**മദ്യവർജ്ജന പ്രവർത്തനം**

20-9-18 - രൂപതയിൽ നടന്ന ലഹരിവിരുദ്ധ സ്റ്റിക്കർ ക്യാംബെയിൻ പ്രവർത്തനത്തിൽ ഫെറോനയിൽ നിന്നും 25 ചൈൽഡ് പാർലമെന്റ് കുട്ടികൾ പങ്കെടുത്ത് വിവിധ പ്രോഗ്രാമിൽ പങ്കെടുത്തു.

**പരിസ്ഥിതിസംരക്ഷണം പ്രവർത്തനം**

**വാഴതൈ വിതരണം** - 23-9-18 ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ദൈവാലയത്തിൽ റ്റിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ ഒരു കുടുംബത്തിന് ഒരു വാഴതൈ നൽകുന്നതിന്റെ ഭാഗമായി 50 കുടുംബത്തിന് ഓരോ ടിഷ്യൂവാഴ വീതം 50 വാഴതൈ വിതരണം ചെയ്തു.

**ബോധവത്ക്കരണ ക്ലാസ്സ്** - 30-9-18 പോങ്ങുംമൂട് പാരീഷ് ഹാളിൽ വച്ച് ഫെറോന ജനറൽബോഡി യോഗത്തിൽ പങ്കെടുത്ത 20 അംഗങ്ങൾക്ക് പരിസ്ഥിതി സംരക്ഷണവും മാലിന്യ നിർമ്മാർജ്ജനവും എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ്സ് നടന്നു. ശുചിത്വമിഷനിലെ ശ്രീമാൻ ഘോഷ് പ്രസ്തുത ക്ലാസ്സ് നയിച്ചു. ഫെറോന ആനിമേറ്റർ രൂപതയുടെ പരിസ്ഥിതി മാർഗ്ഗരേഖയുടെ അവബോധം നൽകി.

**ഫാ. ക്രിസ്റ്റഫർ കെ.എൽ** — **ബിയാട്രിസ് ഗേർട്ടി**

കോഓർഡിനേറ്റർ — ആനിമേറ്റർ

കഴക്കൂട്ടം ഫെറോന

**നീതി സമാധാന വികസന കമ്മീഷൻ**

ഫെറോനാതല യോഗം നടന്നില്ല. കാരണം ഫെറോനാ സമിതി രൂപീകരിച്ചിട്ടില്ല. 15-10-18 ഫെറോനയിലെ വൈദീകരുടേയും ഫെറോനാ ആനിമേറ്റേഴ്സിന്റേയും സംയുക്ത യോഗം കൂടുകയുണ്ടായി. ഫെറോനാ പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഇടവകതലയോഗങ്ങൾ**

4/13 ഇടവകകളിൽ യോഗം നടന്നു. മറ്റ് ഇടവകകളിൽ സാമൂഹ്യ ശുശ്രൂഷാ സമിതി കാര്യക്ഷമമല്ല.

**അടിസ്ഥാന സൗകര്യവികസനം**

ഭവനം ഒരു സമ്മാനം ഒന്നാംഘട്ട ഭവന നിർമ്മാണത്തിനായി വെരിഫിക്കേഷൻ നടത്തി. തുണ്ടത്തിൽ, കാര്യവട്ടം, ഞാണ്ടൂർകോണം എന്നീ ഇടവകകളിൽ നിന്ന് 5 പേരെ തിരഞ്ഞെടുത്തു. രൂപതാ സാമൂഹ്യശുശ്രൂഷാ സമിതി ഓഫീസിൽ വച്ച് 19-ാം തീയതി തിരഞ്ഞെടുക്കപ്പെട്ടവർക്കായി അഭിമുഖം നടത്തുകയും ആവശ്യമായ രേഖകൾ ഓഫീസിൽ നൽകുകയും ചെയ്തു. 3 ഗഡുവായി നൽകാമെന്നു പറഞ്ഞ തുകയുടെ ആദ്യ ഗഡുവായ 50,000 രൂപയുടെ ചെക്ക് ഒക്ടോബർ 1-ാം തീയതി അഭിവന്ദ്യ സൂസപാക്യം പിതാവ് സാമൂഹ്യശുശ്രൂഷാ ഓഫീസിൽ വച്ച് അംഗങ്ങൾക്ക് നൽകുകയുണ്ടായി.

**സ്വയം സഹായസംഘങ്ങളും സാമ്പത്തിക ഉന്നമനവും**: നിലവിൽ എസ്.എച്ച്.ജി കൾ ഫെറോനയിൽ പ്രവർത്തിച്ചു വരുന്നു. സെപ്തംബർ മാസം 23-ാം തീയതി കൊയ്ത്തൂർകോണം സെന്റ് ജോസഫ്സ് ഇടവകയിൽ 10 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ എസ്എച്ച്ജി രൂപീകരിച്ചു. ഇടവക വികാരിയുടേയും





റീജിയണൽ ആനിമേറ്ററുടേയും സാന്നിധ്യത്തിൽ രൂപതാ കപ്പാസിറ്റി കോഡിനേറ്റർ ശ്രീമതി ലിജ നേതൃത്വം നൽകി. സംഘത്തിന് നസ്രത്ത് എന്ന പേര് നിർദ്ദേശിക്കുകയും ചെയ്തു.

ഞാണ്ടൂർക്കോണം സെന്റ് ആന്റണീസ് ഇടവകയിലെ എസ്എച്ച്ജി അംഗങ്ങൾക്കായി 10-10-18-ൽ ഏകദിന സ്വയം തൊഴിൽ പരിശീലനമായ കുക്കർ കേക്ക് നിർമ്മാണ പരിശീലനം നൽകുകയുണ്ടായി. 27 അംഗങ്ങൾ പങ്കെടുത്തു.

ഫെറോനയിലെ രജിസ്ട്രേഷൻ മുടങ്ങിപ്പോയ എസ്എച്ച്ജി കൾക്ക് രജിസ്ട്രേഷൻ പുതുക്കി നല്കുവാൻ തീരുമാനിച്ചു. എസ്എച്ച്ജി യൂണിറ്റുകളിൽ ഉണർവ്വ് പഠന പത്രികാവബോധം നൽകി.

**ആരോഗ്യകാര്യകമ്മീഷൻ**

കാര്യവട്ടം ക്രിസ്തുരാജ ഇടവകയിലെ +2 വിദ്യാർത്ഥിയായ ബിനോയ്ദാസ്, കൊയ്ത്തൂർകോണം സെന്റ് ജോസഫ്സ് ഇടവകയിലെ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ദിയാരാജ് എന്നീ ഭിന്നശേഷി കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും ആവശ്യമായ രേഖകൾ സ്വീകരിക്കുകയും ചെയ്തു. 19-10-18-ൽ മുരുക്കുംപുഴ ഇടവകയിലെ 2 കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**സ്ത്രീകളും കുട്ടികളും**

മുരുക്കുംപുഴ സെന്റ് അഗസ്റ്റിൻ ഇടവകയിലും ഞാണ്ടൂർകോണം സെന്റ് ആന്റണീസ് ഇടവകയിലുമായി രണ്ടു വിധവാഫോറം യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

കാരുണ്യപൂർവ്വം പദ്ധതിവഴി 8 ഗുണഭോക്താക്കൾക്ക് 900 രൂപാ വീതം 7200 രൂപ ബാങ്കിൽ നിക്ഷേപിച്ചു.

തുണ്ടത്തിൽ ലൂർദ്ദുമാതാ ഇടവകാംഗമായ ലതാകുമാരി

സ്വയം തൊഴിൽ ചെയ്യുന്നതിനായി 10000 രൂപാ അക്കൗണ്ടിൽ നിന്ന് പിൻവലിച്ചു.

കാര്യവട്ടം, ഞാണ്ടൂർക്കോണം എന്നീ ഇടവകകളിലായി 2 ചൈൽഡ് പാർലമെന്റ് പ്രവർത്തിച്ചുവരുന്നു. സെപ്തംബർ മാസം 16-ാം തീയതി തുണ്ടത്തിൽ ലൂർദ്ദ്മാതാ ഇടവകയിൽ 16 കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപതാ കപ്പാസിറ്റി കോഡിനേറ്റർ ശ്രീമതി ലിജയുടെ നേതൃത്വത്തിൽ പുതിയതായി ഒരു ചൈൽഡ് പാർലമെന്റ് രൂപീകരിച്ചു. ഇടവകവികാരി റവ.ഫാ.ചാണ്ടിപോളി ന്റേയും റീജയണൽ ആനിമേറ്റർ മേഴ്സിയുടേയും സാന്നിധ്യ മുണ്ടായിരുന്നു.

**തൊഴിൽകാര്യ കമ്മീഷൻ**

തുണ്ടത്തിൽ, കാര്യവട്ടം, ഞാണ്ടൂർകോണം എന്നീ ഇടവകകളിൽ ഓരോ കെ.എൽ.എം യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ

സാമൂഹ്യശുശ്രൂഷാ സമിതിയും ശുചിത്വ മിഷനുമായി ചേർന്ന് നടപ്പിലാക്കി വരുന്ന പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തെ ക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് ഒക്ടോബർ മാസം 28-ാം തീയതി നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ചാണ്ടിപോൾ** — **മേഴ്സിഡാൽബി**
കോഓർഡിനേറ്റർ — ആനിമേറ്റർ

**~~പാളയം ഫെറോന~~**

**നീതി സമാധാന വികസന കമ്മീഷൻ**

**മനുഷ്യശേഷി വികസന വിഭാഗം**

21-10-18-ൽ ഫെറോന സാമൂഹ്യശുശ്രൂഷാ സമിതി എക്സിക്യൂട്ടീവ് യോഗം ഫെറോന കോർഡിനേറ്ററിന്റെ





അദ്ധ്യക്ഷതയിലും ഫെറോന വികാരിയുടെ സാന്നിദ്ധ്യത്തിലും നടന്നു. ഫെറോനതലത്തിൽ വയോജന ദിനാചരണം, ശിശുദിനാഘോഷം എന്നിവ നടത്തുവാൻ തീരുമാനിച്ചു. 12 അംഗങ്ങൾ പങ്കെടുത്തു.

21-10-18-ൽ ഫെറോനതല ജനറൽബോഡി യോഗവും 6 മാസ ഫെറോന-ഇടവക പ്രവർത്തന വിലയിരുത്തലും നടന്നു. ഫെറോന കോഡിനേറ്റർ ഫാ. ക്ലീറ്റസ് വിൻസന്റ് അദ്ധ്യക്ഷതയും ഫെറോന വികാരി മോൺ.നിക്കോളസ് ഉദ്ഘാടനവും രൂപതാ സാമൂഹ്യശുശ്രൂഷാ ഡയറക്ടർ ഫാ. ലെനിൻരാജ് ആശംസയും നിർവഹിച്ചു. 17/18 ഇടവകകളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. മലമുകൾ ഇടവകാ എക്സിക്യൂട്ടീവ് അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തില്ല. പ്രസ്തുത യോഗത്തിൽ പുന്നയ്ക്കാമുകൾ ഇടവകയിലെ ശ്രീമതി ഇന്ദിരയ്ക്ക് ഭവന നിർമ്മാണ ധനസഹായമായി ഫെറോന എസ്എച്ച്ജി അംഗങ്ങൾ സ്വരൂപിച്ച 10000 രൂപ ഫെറോനവികാരി നൽകി. 51 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. രൂപത കപ്പാസിറ്റി കോഡിനേറ്റർ ശ്രീമതി ലിജ സ്റ്റീഫൻ, എസ്എച്ച്ജി കോഡിനേറ്റർ അന്നറീറ്റ, ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ സാന്നിധ്യമുണ്ടായിരുന്നു.

17/18 ഇടവകകളിൽ ഇടവകാതല യോഗങ്ങൾ നടന്നു. മണക്കാട് യോഗം നടന്നില്ല. യോഗം നടന്ന ഇടവകകളിൽ പ്ലാൻ & ബഡ്ജറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

**അടിസ്ഥാന സൗകര്യ വികസനം**

രൂപതയിൽ നിന്നും ടോയിലറ്റ് നിർമ്മാണത്തിനനുമതി ലഭിച്ച 10 കുടുംബങ്ങളിൽ 5 പേർ പണി പൂർത്തിയാക്കി.

സർക്കാരിന്റെ ഗൃഹശ്രീ പദ്ധതി വഴി പാളയം ഇടവകാ അംഗത്തിന്റെ ഭവനനിർമ്മാണത്തിന് തറക്കല്ലിട്ടു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

13-10-18-ൽ ഫെറോന ഫെഡറേഷൻ യോഗം കൂടി. ബ്യൂട്ടീഷ്യൻ കോഴ്സിനു താല്പര്യമുള്ളവരുടെ ലിസ്റ്റ് ശേഖരണം നടന്നുവരുന്നു. ഇടവക ഫെഡറേഷൻ യോഗങ്ങൾ നടന്നു. രൂപതാ എസ്എച്ച്ജി ജനറൽ ബോഡി യോഗത്തിൽ 6/7 അംഗങ്ങൾ പങ്കെടുത്തു. 29-10-18-ൽ ക്രിസ്തുരാജപുരം ഇടവകാ അംഗങ്ങൾക്ക് കേക്ക് നിർമ്മാണ പരിശീലനം നൽകി. അംഗങ്ങൾക്ക് 2,50,000 രൂപ നിക്ഷേപ ലോൺ നല്കി.

**കാരുണ്യപൂർവ്വം പദ്ധതി:** വഴി 25 കുടുംബങ്ങൾക്ക് 900 രൂപ വീതം 22500 രൂപ ബാങ്കിൽ നിക്ഷേപിച്ചു. ക്രിസ്തുരാജപുരം ഇടവകയിൽ വച്ച് ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിൽ ഗുണഭോക്താക്കളുമായി ചേർന്ന് ഗ്രൂപ്പ് ഡിസ്കഷൻ യോഗം കൂടി.

**തൊഴിൽകാര്യ കമ്മീഷൻ**

19-10-18-ൽ ഫെറോന കെ.എൽ.എം എക്സി. യോഗം കൂടി. അടുത്തമാസ പ്രവർത്തനങ്ങളെക്കുറിച്ചും രൂപതാ ജനറൽ ബോഡി യോഗത്തെക്കുറിച്ചും ചർച്ചകൾ നടത്തി. അംഗങ്ങൾക്ക് 50000 രൂപ നിക്ഷേപ ലോൺ നൽകി. 10/11 ഇടവകതല യോഗങ്ങൾ നടന്നു പൂഴിക്കുന്ന് യോഗം നടന്നില്ല.

**ആരോഗ്യകാര്യ കമ്മീഷൻ**

തൈക്കാട് ഇടവകയിൽ വയോമിത്രം ക്യാമ്പ് നടന്നു. സൗജന്യ മെഡിക്കൽ ചെക്കപ്പ്, ബി.പി, ഷുഗർ എന്നിവയുടെ നിർണ്ണയവും മരുന്ന് വിതരണവും നടത്തി.

16-10-18-ൽ പൂഴിക്കുന്ന് സെന്റ് ആന്റണീസ് സ്കൂളിൽ കുട്ടികൾക്ക് 'ആരോഗ്യപരിപാലനം' എന്ന വിഷയത്തിൽ രൂപതാ ഹെൽത്ത് കോഡിനേറ്റർ സി.അഡോൾഫ ക്ലാസ് നൽകി.

11-10-18-ൽ പാളയം ഇടവക കുന്നുകുഴി കമ്മ്യൂണിറ്റി





ഹാളിൽ വച്ച് സാമൂഹ്യശുശ്രൂഷാ, നേവാ ലയൺസ് ക്ലബ്, കാരക്കോണം മെഡിക്കൽ കോളേജ് സംയുക്തമായി സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് നടത്തി. ക്യാമ്പിൽ 90 അംഗങ്ങൾ ചികിത്സ നേടി. ഒരാളെ തിമിര ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി. ഫെറോനവികാരി മോൺ. നിക്കോളസ്, സാമൂഹ്യശുശ്രൂഷാ ഡയറക്ടർ ഫാ.ലെനിൻരാജ് പാളയം ഇടവകാ എക്സി. അംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

19-10-18-ൽ പാളയം ഇടവകയിലെ എല്ലാ ശുശ്രൂഷകളും സംയുക്തമായി പാറ്റൂർ സെമിത്തേരി വൃത്തിയാക്കി.

**സ്ത്രീകളും കുട്ടികളും**

വെള്ളയമ്പലം ഇടവകയിൽ വിധവാഫോറം യോഗം കൂടി. 10 വിധവകൾക്ക് 500 രൂപാ വീതം 5000 രൂപ വിതരണം ചെയ്തു.

ചൈൽഡ് പാർലമെന്റ് യോഗങ്ങൾ പ്രതിമാസം നടന്നുവരുന്നു. കുട്ടികൾക്ക് ലഹരിയുടെ ദൂഷ്യവശങ്ങൾ കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ, ട്രാഫിക് ബോധവൽക്കരണം എന്നീ വിഷയങ്ങളിൽ അവബോധം നൽകി.

16-9-18-ൽ മലമുകൾ ഇടവകാ ചൈൽഡ് പാർലമെന്റ് കുട്ടികൾ പൊതിച്ചോറ് ശേഖരിച്ച് വിളപ്പിൽശാല അമ്മ ആശ്വാസ് ഭവനിൽ വിതരണം ചെയ്തു.

**മറ്റ് പ്രവർത്തനങ്ങൾ**

16-9-18-ൽ കിള്ളിപ്പാലം ഇടവകയിൽ സാമൂഹ്യശുശ്രൂഷാ അംഗങ്ങളും അല്മായ ശുശ്രൂഷാ അംഗങ്ങളും സംയുക്തമായി ചേർന്ന് 20 പേർ ഇടവക വികാരിയുടെ നേതൃത്വത്തിൽ വിളപ്പിൽശാല ആശ്വാസ്ഭവൻ സന്ദർശിക്കുകയും സഹായങ്ങൾ വിതരണം നടത്തുകയും ചെയ്തു.

**ഫാ. ക്ലീറ്റസ് വിൻസന്റ്**
കോഓർഡിനേറ്റർ

**രമ്യ ജോസ്**
ആനിമേറ്റർ

## വലിയതുറ ഫെറോന

### നീതി സമാധാന വികസന കമ്മീഷൻ

കാര്യശേഷി വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോന ജനറൽബോഡി യോഗം 13-10-18-ൽ ഫെറോന സെന്ററിൽ വച്ചു നടന്നു. ഫെറോന കോഡിനേറ്റർ റവ.ഫാ.പോൾ .ജി അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ രൂപത സാമൂഹ്യശുശ്രൂഷ ഡയറക്ടർ റവ.ഫാ.ലെനിൻരാജ് ഫെറോന/ ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. വെട്ടുകാട്, കൊച്ചുതോപ്പ് ഇടവകകളൊഴികെ മറ്റുള്ള 8 ഇടവകകൾ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. 44 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഫെറോന എക്സി. യോഗം 6-10-18-ൽ നടന്നു. ഫെറോന/ഇടവകതല പ്രവർത്തനങ്ങൾ ഫെറോന കോഡിനേറ്ററിന്റെ നേതൃത്വത്തിൽ വിലയിരുത്തി. തൻമാസ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

അടിസ്ഥാന സൗകര്യപ്രവർത്തനങ്ങളുടെ ഭാഗമായി 10 ടോയ്ലറ്റുകളുടെ പണി പുരോഗമിക്കുന്നു. ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി ഒക്ടോബർ 1-ാം തിയതി 50000 രൂപ വീതം 4 ഭവനങ്ങൾക്ക് 2 ലക്ഷം രൂപ ലഭിച്ചു. ഭവനിർമ്മാണം നടന്നുവരുന്നു.

**എസ്എഫ്പി**: പദ്ധതിയുടെ ഭാഗമായി ഭവനസന്ദർശനം, എഫ്എറ്റി മീറ്റിംഗ്, കണ്ണാന്തുറ, ചെറിയതുറ ഇടവകകളിൽ നടന്നു.

കാരുണ്യപൂർവ്വം പദ്ധതിയുടെ ഭാഗമായി ഭവനസന്ദർശനം, ഭവനനിർമ്മാണ പദ്ധതി ഇവ നടത്തി.

സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി 35 ദിവസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം ഒക്ടോബർ 1-ാം തീയതി ഫെറോന കോഡിനേറ്റർ റവ.ഫാ.പോൾ.ജിയുടെ ഉദ്ഘാടനത്തോടെ ആരംഭിച്ചു. 20 പേർ





പരിശീലനത്തിൽ പങ്കെടുത്തുവരുന്നു. ഫെറോന യോഗം 16-10-18-ൽ ഫെറോന ഓഫീസിൽവച്ച് നടന്നു. "സാമൂഹ്യരാഷ്ട്രീയ പ്രക്രിയകളിൽ സ്ത്രീകൾക്കുള്ള പങ്ക്" എന്ന വിഷയത്തിൻമേൽ റിസോഴ്സ് പേഴ്സൺ ശ്രീമതി ജയ ക്ലാസ്സ് നൽകി. ഇടവകതല യൂണിറ്റ് യോഗങ്ങൾ 5/5 നടന്നു. 24-10-18-ൽ ഫെറോന ഓഫീസിൽ വച്ച് കേക്കു നിർമ്മാണ പരിശീലനം നടത്തി. 28 അംഗങ്ങൾ പങ്കെടുത്തു.

### തൊഴിൽകാര്യ കമ്മീഷൻ

8 ഇടവകകളിലായി പ്രവർത്തിക്കുന്ന മത്സ്യക്കച്ചവട സ്ത്രീഫോറത്തിന്റെ ഫെറോനയോഗം 14-10-18-ൽ കൊച്ചുവേളി ഇടവകയിൽ വച്ചു നടന്നു. ഫെറോന/ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. വേളി, തോപ്പ് ഇടവകകൾക്ക് ലോൺ നൽകുവാൻ തീരുമാനിച്ചു. ക്യാൻസർ രോഗത്തെക്കുറിച്ച് രൂപത സ്ത്രീശിശുവിഭാഗം കോഡിനേറ്റർ റവ.സി.ഷിജി ബോധവൽക്കരണം നൽകി. ഇടവകതല യൂണിറ്റ് യോഗങ്ങൾ 8/8 നടന്നു.

മത്സ്യത്തൊഴിലാളി ഫോറത്തിന്റെ ഭാഗമായി ഫെറോനയോഗം 7-10-18-ൽ ഫെറോന സെന്ററിൽ വച്ച് ഫെറോന കോഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോനവികാരി റവ.ഫാ. സൈറസ് കളത്തിൽ അവർകൾ നേതൃത്വം നൽകിയ യോഗത്തിൽ 15 അംഗങ്ങൾ പങ്കെടുത്തു. റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഒരു ജാഗ്രതാസമിതി രൂപീകരിച്ചു. തൊഴിൽദിനങ്ങൾ കുറയുന്നതിനാൽ സർക്കാർ സഹായം ലഭ്യമാക്കുന്നതിനായി പ്രതിഷേധം രേഖപ്പെടുത്തുക, പഞ്ചമാസ വിഹിതം ഇവയുടെ ചർച്ചകൾ നടത്തി.

### ആരോഗ്യകാര്യകമ്മീഷൻ

ജീവിതശൈലി രോഗബോധവൽക്കരണ ക്ലാസ്സ് 25, 26 എന്നീ തീയതികളിലായി സെന്റ് റോക്സ് സ്കൂളിലെ

കുട്ടികൾക്കായി നടത്തി.

വയോജനദിനാചരണത്തിന്റെ ഭാഗമായി 20-10-18-ൽ ഫെറോനവികാരി, ഫെറോനകോർഡിനേറ്റർ എന്നിവരുടെ സാന്നിധ്യത്തിൽ ഫെറോന സെക്രട്ടറിമാരുടെ കൂടിവരവ് നടത്തി. 29-ാം തിയതി മുതൽ 10 ദിവസങ്ങളിലായി ഇടവകകളിലെ കിടപ്പുരോഗീ സന്ദർശനം നടത്തുവാൻ തീരുമാനിച്ചു.

13-10-18-ൽ വലിയതുറ ഇടവകയിലുള്ള പകൽവീട് അംഗങ്ങൾക്കായി ചൈതന്യ കണ്ണാശുപത്രിയുമായി ചേർന്ന് ക്യാമ്പ് നടത്തി. വയോമിത്രം ക്യാമ്പ് 8-10-18-ൽ നടന്നു. രക്തദാതാക്കളുടെ ലിസ്റ്റ് വലിയതുറ, തോപ്പ് ഇടവകകളിൽ നിന്നായി 21 പേരിൽ നിന്നും കളക്ട് ചെയ്തു രൂപതയിൽ നൽകി.

**സ്ത്രീകളും കുട്ടികളും**

വിധവാഫോറം യൂണിറ്റ് യോഗം, വലിയവേളി, കണ്ണാന്തുറ ഇടവകകളിൽ നടന്നു. കണ്ണാന്തുറ ഇടവകയിൽ ജപമാല നിർമ്മാണത്തിന്റെ തുടർപരിശീലനം 22-ാം തിയതി നടന്നു. റവ.സി.ഷിജി പരിശീലനത്തിനു നേതൃത്വം നൽകി.

കുട്ടികളുടെ പ്രവർത്തനത്തിന്റെ ഭാഗമായി ചൈൽഡ് പാർലമെന്റ് യോഗം വലിയവേളി, ചെറുവെട്ടുകാട്, കൊച്ചുവേളി, ചെറിയതുറ എന്നീ ഇടവകകളിൽ നടന്നു. ട്രാഫിക് റൂൾസിനെക്കുറിച്ചു ബോധ്യം നൽകി.

**മദ്യവിരുദ്ധപ്രവർത്തനങ്ങൾ**

മുക്തിധ്യാനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ലിസ്റ്റ് കളക്ട് ചെയ്തു.

**പരിസ്ഥിതി പ്രവർത്തനങ്ങൾ**

**ബോധവൽക്കരണ ക്ലാസ്സ്**





13-10-18-ൽ ജനറൽ ബോഡി അംഗങ്ങൾക്കായി പരിസ്ഥിതിയെക്കുറിച്ച് ക്ലാസ്സ് നൽകി. മാലിന്യസംസ്ക്കരണം, മൺകല കംപോസ്റ്റ് പേഴ്സൺ ക്ലാസ്സ് നല്കി. 57 പേർ പങ്കെടുത്തു. രൂപത കോഡിനേറ്റർ റവ.സി.ജിൻസയുടെ സാന്നിധ്യം ഉണ്ടായിരുന്നു.

**ഫാ. പോൾ.ജി** — **ഷീജ.റ്റി.കെ**
കോഓർഡിനേറ്റർ — ആനിമേറ്റർ

**കോവളം ഫെറോന**

**ഫെറോന റ്റിഎസ്എസ്എസ് യോഗം:** 7-ാം തീയതി ഫെറോന കോഡിനേറ്റർ ഫാ. ജസ്റ്റിൻ ജൂഡിൻ അവർകളുടെ അദ്ധ്യക്ഷത യിലും ആനിമേറ്ററിന്റെ നേതൃത്വത്തിലും യോഗം കൂടി. പെരിങ്ങമ്മല, കക്കാമൂല എന്നീ നേഴ്സറികൾക്ക് മെയ്ന്റെനൻസി നായി 25000 രൂപ യോഗത്തിൽ വച്ച് നല്കുകയുണ്ടായി. മുക്തി ധ്യാനത്തിൽ അംഗങ്ങളെ പങ്കെടുപ്പിക്കണമെന്നും- തെരുവു നായ്ക്കളുടെ ശല്യം കൂടി വരുന്നതായും, ഫംഗി എന്ന രോഗം പട്ടികളിൽ പകരുന്നതായും കണ്ടെത്തുകയും അതിനെതിരായി ഒരു ആലോചനാ യോഗം നടത്താനും യോഗം തീരുമാനിക്കുകയും ചെയ്തു. ജനറൽബോഡിയിൽ മാലിന്യസംസ്കരണവും- പരിസ്ഥിതി സംരക്ഷണവും എന്ന വിഷയത്തിന്മേൽ ക്ലാസ്സ് നൽകാനും തീരുമാനിച്ചു. ജൂബിലി ഹോസ്പിറ്റലിൽ നിന്നും ഓഖി ബാധിതരായവർക്ക് ഹെൽത്ത് ഇൻഷുറൻസ് സ്കാർഡ് ലഭിച്ചതായി യോഗത്തിൽ പറയുകയും ചെയ്തു.

പൂന്തുറ ഇടവകയിലെ 19 യുവതികൾക്കായി 35 ദിവസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം നല്കുന്നു.

**ബോധവൽക്കരണ ക്ലാസ്സ്**

23-10-2018-ൽ വിഴിഞ്ഞം സ്നേഹ ഉർസുലൈൻ സെന്ററിൽ വച്ച് എസ്എച്ച്ജി അംഗങ്ങൾക്കായ്-മാനസിക സംഘർഷങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തിന്മേൽ സി. ജ്യോത്സിന

ക്ലാസ്സെടുത്തു. 31-10-2018-ൽ എസ്എച്ച്ജി അംഗങ്ങൾക്ക് കുടനിർമ്മാണ പരിശീലനം നൽകി.

**സെൽഫ് ഡിഫൻസ് ക്ലാസ്സ്:** 17-10-18-ൽ വിഴിഞ്ഞം സ്നേഹ സെന്ററിൽ വച്ച് കേരളാപോലീസും-വിഴിഞ്ഞം ജനമൈത്രി പോലീസും-റ്റിഎസ്എസ്എസും സംയുക്തമായി ചേർന്ന് സ്ത്രീകളുടെയും, കുട്ടികളുടേയും നേരേയുണ്ടാകുന്ന അതിക്രമങ്ങളിൽ നിന്നും സ്വയം രക്ഷ നേടുന്നതിനുള്ള പരിശീലനം നൽകുകയുണ്ടായി.

**കുടുംബക്ഷേമ പ്രവർത്തനങ്ങൾ:** എസ്.എ.എഫ്.പി ആനിമേറ്റർ ഫെറോനയിലെ ഈ പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങൾ വിസിറ്റ് ചെയ്യുകയും ഐജിപി നേരിൽ കണ്ട് ബോധ്യപ്പെടുകയും ഹാന്റ് ബുക്ക് അപ്ടേറ്റ് ചെയ്യുകയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഐജിപി വിപുലീകരിക്കുവാൻ 6 അംഗങ്ങൾക്ക് 78000 രൂപ അവരുടെ അക്കൗണ്ടിൽനിന്നും നൽകുകയും ചെയ്തു.

**മത്സ്യക്കച്ചവട സ്ത്രീഫോറം - ഫെറോന യോഗം**

30-10-18-ൽ വിഴിഞ്ഞം ഇടവകയിൽ വച്ച് യോഗം കൂടി. പുന്നമൂട് ഇടവകയിലെ ഒരംഗത്തിന് 10000 രൂപ ഷെയർ ലോൺ നൽകുകയുണ്ടായി. കുമരിചന്ത, ഫിഷ്ലാന്റിംഗ് സെന്റെർ, മുക്കോല എന്നീ ചന്തകൾ വിസിറ്റു ചെയ്യുകയും ചെയ്തു. കുമരിചന്തയുടെ നിലവാരം-നിവേദനം തയ്യാറാക്കി മേയറുടെ ശ്രദ്ധയിൽ പ്പെടുത്തുകയും ചെയ്തു.

**ഇതരതൊഴിലാളി കെഎൽഎം ഫെറോനയോഗം:** 28-10-18 പൂങ്കുളം ഇടവകയിൽ വച്ച് ഫെറോനയോഗം കൂടുകയുണ്ടായി. അതിനുശേഷം രൂപത കെഎൽഎം ഡയറക്ടർ ഫാ. ജോൺ ഡാൾ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും-ജൈവ കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചു പറയുകയും ഒപ്പം നന്നായി കൃഷി ചെയ്യുന്ന അഞ്ചു കർഷകർക്ക് പണിയായുധങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.





**ആരോഗ്യപ്രശ്നങ്ങൾ:** വിഴിഞ്ഞം-കാക്കാമൂല എന്നീ ഇടവകകളിൽ വയോദിക ഗ്രൂപ്പ് കൂടി വരുന്നു. വിഴിഞ്ഞം ഇടവകയിലെ വയോദികർക്ക് സാമൂഹ്യസുരക്ഷാമിഷന്റെ കീഴിൽ മെഡിക്കൽ ക്യാമ്പു നടത്തുകയും സൗജന്യമരുന്നു വിതരണം ചെയ്യുകയും ചെയ്തു വരുന്നു.

**വയോദികദിനാചരണം**: വിഴിഞ്ഞം-കാക്കാമൂല എന്നീ ഇടവകകളിൽ 31-10-18-ൽ വയോദിക ദിനാചരണം നടത്തുക യുണ്ടായി.

**സ്ത്രീകളും കുട്ടികളും**

**നേഴ്സറി:** ഫെറോനയിലെ ഏഴു നേഴ്സറികളും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. എല്ലാ നേഴ്സറികളിലും പെൺകുട്ടികളുടെ ദിനം ആചരിച്ചു. കാക്കാമൂല, പെരിങ്ങമല നേഴ്സറി മെയ്ന്റെനൻസ് ചെയ്യുകയും ചെയ്തു.

**മദ്യവും പരിസ്ഥിതി സംരക്ഷണവും**

**എ.എ ഗ്രൂപ്പ്:** വിഴിഞ്ഞം ഇടവകയിലെ അംഗങ്ങൾ മദ്യത്തിൽ അടിമയായവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കു കയും മുക്തി ധ്യാനത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള പ്രോത്സാഹന ങ്ങൾ കുടുംബാംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നു.

**ബോധവത്ക്കരണ ക്ലാസ്സ്:** 14-10-18-ൽ നെല്ലിയോട് ഇടവകയിലെ അംഗങ്ങൾക്ക് മദ്യത്തിന്റെ ദൂശ്യവശങ്ങളെക്കുറിച്ച് തിരുവല്ലം ഹെൽത്ത് സെന്റെറിലെ-ഹെൽത്ത് ഇൻസ്പെക്ടർ നൽകി.

**സ്റ്റിക്കർ ക്യാമ്പയിൻ**: പൂന്തുറ സെന്റ് തോമസ് സ്കൂളിൽ സഹായ മെത്രാന്റെ അദ്ധ്യക്ഷതയിൽ ക്യാമ്പയിൻ നടത്തുകയുണ്ടായി. ഫാ. ഡോണി, സി.ജിൻസാ, തങ്കം ടൈറ്റസ് എന്നിവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

**പ്രവാസി പ്രവർത്തനം:** വിഴിഞ്ഞം ഇടവകയിലെ ഒരംഗം ദുബായിൽ വച്ച് ദേഹോപദ്രവം ഏൽപിക്കപ്പെട്ടു. 25-10-18-ൽ

ഫാ.ജോൺഡാൾ, ശ്രീ.തങ്കം ടൈറ്റസ് ആ ഭവനം സന്ദർശിക്കുകയും ആ കുടുംബത്തെ ആശ്വസിപ്പിക്കുകയും നോർക്കാ റൂട്സുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. തുടർ നടപടികൾ നടന്നുവരുന്നു.

**ഓഖി പ്രവർത്തനങ്ങൾ**: ഓഖി ബാധിത കുടുംബങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും സ്വയം തൊഴിലുകൾ ചെയ്യുന്നവരെ നേരിൽ കണ്ട് വിലയിരുത്തുകയും ചെയ്തു.

**ഫാ. ജസ്റ്റിൻ ജൂഡിൻ** — **തങ്കമ്മ ടൈറ്റസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

8-9-18-ൽ പുല്ലുവിള ഇടവകയിൽ വച്ച് വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഫെറോന യോഗം നടന്നു. പ്രവർത്തന വിലയിരുത്തലും തുടർപ്രവർത്തനങ്ങളുടെ പ്ലാനിംഗും നടത്തി. 28 അംഗങ്ങളുടെ പങ്കാളിത്തമുണ്ടായിരുന്നു.

രൂപതയുടെ ഭവനം ഒരു സമ്മാനം പദ്ധതിയിലെ മൂന്നാം ഘട്ടത്തിൽ ഭാഗീകമായ ഭവന നിർമ്മാണത്തിനായുള്ള ധനസഹായ പദ്ധതിയിലേക്കായി കൊല്ലംങ്കോട്, പരുത്തിയൂർ, പൂവാർ, പുതിയതുറ, പുല്ലുവിള എന്നീ ഇടവകകളിൽ നിന്നും 7 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് രൂപതയ്ക്ക് നൽകി.

എസ്എച്ച്ജി ഫെറോനാ ഫെഡറേഷന് 17-9-18-ൽ കരുംകുളം ഇടവകയിൽ വച്ച് 48 അംഗങ്ങളെ ഉൾപ്പെടുത്തി സാമൂഹ്യ രാഷ്ട്രീയ പ്രക്രിയകളിൽ സ്ത്രീകളുടെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നല്കി. എസ്എച്ച്ജി അംഗങ്ങൾക്കായി പൂവാർ ഇടവകയിൽ വച്ച് 35 ദിവസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം 39 അംഗങ്ങളെ ഫെറോനയില് നിന്നും ഉൾപ്പെടുത്തി പരിശീലനം നൽകി വരുന്നു. 26-9-18-ൽ പുതിയതുറയിലെ 36 അംഗങ്ങളെ ഉൾപ്പെടുത്തി ശ്രീമതി ദാസമ്മ കുക്കറിലെ കേക്ക് നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകി. പള്ളം ഇടവകയിലെ 4 അംഗങ്ങളെ ഉൾപ്പെടുത്തി മാതാ മെഴുകുതിരി നിർമ്മാണ യൂണിറ്റ് എന്ന പേരിൽ ഒരു ആക്ടിവിറ്റി ഗ്രൂപ്പും പൂവാർ 11 അംഗങ്ങളെ ഉൾപ്പെടുത്തി കീർത്തന എന്ന പേരിലും പുതിയതുറ 11 അംഗങ്ങളെ ഉൾപ്പെടുത്തി കാണിക്കമാതാ എന്ന പേരിലും 2 എസ്എച്ച്ജികൾ രൂപീകരിച്ചു. ഫെറോനയിലെ 19 ആക്ടിവിടി ഗ്രൂപ്പുകളെ കുടുംബശ്രീയുടെ സബ്സിഡി വായ്പയ്ക്കായുള്ള പ്രോജക്ട് തയ്യാറാക്കി കുടുംബശ്രീയിലും 47 നിർധന രോഗികളെ പഞ്ചായത്തിന്റെ പാഥേയം പദ്ധതിയുടെ ആനുകൂല്യത്തിനുമായി അപേക്ഷ നല്കി. കൊല്ലങ്കോട്, കരുംകുളം, പുതിയതുറ, പുല്ലുവിള എന്നീ ഇടവകകളിലെ എസ്എച്ച്ജി കൾക്ക് ബിഐഐ ലോണിനായുള്ള നടപടികൾ പൂർത്തിയാക്കി. വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ കാഞ്ഞിരംപ്പാറ ബീച്ചിൽ വച്ച് സംഘടിപ്പിച്ച എൽഇഡിയുടെ 8 ഈ ഉല്പ്പന്നങ്ങളുടെ നിർമ്മാണ ദ്വിദിന പരിശീലനത്തിനായി ഫെറോനയിലെ 21 അംഗങ്ങളെ പങ്കെടുപ്പിച്ചു. ഇതിൽ പുതിയതുറയിലെ ഒരംഗം വ്യക്തിപരമായും 2 അംഗങ്ങൾ ചേർന്ന് ഗ്രൂപ്പായും സംരംഭം ആരംഭിച്ചു.

16-9-18-ൽ ഫെറോനവികാരി ഫാ.ജോർജ്ജ് ഗോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ റ്റിഎം.എഫ് ഫെറോനയോഗം പുല്ലുവിള ഇടവകയിൽ വച്ച് നടന്നു. ഫെറോനാതലത്തിൽ മത്സ്യതൊഴിലാളി ദിനാചരണം നടത്താനും റ്റിഎംഎഫ് എസ്എച്ച്ജികൾക്ക് ഡിആർഐ ലോൺ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചു. കൊല്ലങ്കോട് സെന്റ് മൈക്കിൾ, ഫ്രാൻസിസ് സേവ്യർ എന്ന പേരിലും പരുത്തിയൂർ മേരി മഗ്ദലേന മറിയം എന്ന പേരിലും 3 പുരുഷ എസ്എച്ച്ജി രൂപീകരിച്ചു.

29-9-18-ൽ കൊച്ചുപള്ളി മെഡോണ ഹാളിൽ വച്ച് കെഎൽഎം ഡയറക്ടർ ഫാ.ജോൺ ഡാൾ, ഫെറോന അസിസ്റ്റന്റ് കോർഡിനേറ്റർ ഫാ.ജോണി ജാക്സൺ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കെഎൽഎം ഫെറോന യോഗവും ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും എന്ന വിഷയത്തെക്കുറിച്ച് അഡ്വക്കേറ്റ് വീരകുമാർ ക്ലാസ്സെടുക്കുകയും, നന്നായി കൃഷി ചെയ്യുന്ന 11 അംഗങ്ങൾക്ക് പണിയായുധം നൽകി ആദരിക്കുകയും ചെയ്തു.

24-9-18-ൽ പരുത്തിയൂർ ഇടവകയിൽ സമിതിയുടെ നേതൃത്വത്തിൽ മത്സ്യഭവൻ ഓഫീസിന്റെയും പാറശാല എസ്.പി. ഹോസ്പിറ്റലിന്റെയും സഹകരണത്തോടെ നടത്തിയ ജനറൽ മെഡിക്കൽ ക്യാമ്പിൽ 243 അംഗങ്ങൾ പരിശോധനയ്ക്ക് വിധേയരായി.

28-9-18-ൽ കൊല്ലംങ്കോട് ഇടവകയിലെ 18 വികലാംഗരായവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് പുതുക്കിയും അംഗങ്ങൾക്ക് പുതിയ മെഡിക്കൽ സർട്ടിഫിക്കറ്റും ജനറൽ ഹോസ്പിറ്റലിൽ നിന്നും അംഗങ്ങളെ പരിശോധനയ്ക്ക് വിധേയരാക്കി, വാങ്ങി നൽകി.

12, 15, 16 എന്നീ തിയതികളിൽ 38 എൽഎഫ് കുട്ടികൾക്കായി 1,10,500 രൂപ ഫാ.ജോർജ്ജ് ഗോമസ്, ഫാ.ഷാബിൻ, ഫാ.അഗസ്റ്റിൻ എന്നിവർ ഫെറോന ഇടവകാതലത്തിൽ വിതരണം ചെയ്തു.

പുല്ലുവിള ലിയോ 13-ാം മൻ എച്ച്എസ്എസ്സിലെ 500 കുട്ടികൾക്കും പൂവാർ ഗവൺമെന്റ് ഹൈസ്കൂളിലെ 200 കുട്ടികൾക്കും മദ്യം ലഹരി വസ്തുക്കളുടെ ദൂശ്യവശങ്ങൾ, സെക്സ് എഡ്യൂക്കേഷൻ, ആർത്തവകാല പരിചരണം, ചൈൽഡ് റൈറ്റ്സ്





എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ് നൽകുകയും കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികൾക്ക് നിർഭയയിലെ കോർഡിനേറ്റേഴ്സ് കൗൺസിലിംഗ് നല്കുകയും, ഫോളോ അപ്പിനായി ചൈൽഡ് ലൈൻ നൽകുകയും ചെയ്തു.

16, 23 എന്നീ തിയതികളിൽ പൂവാർ, പുല്ലുവിള, അടിമലത്തുറ എന്നീ ഇടവകകളിലെ മത്സ്യവിപണന സ്ത്രീകൾക്കായി ജെപിഎച്ച്എൻ സി.ബിന്ദു റീ-പ്രോഡക്ടീവ് ഹെൽത്ത്, ഹെൽത്ത് ആന്റ് ഹൈജീൻ എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ് നൽകി. 23-9-18-ൽ കൊല്ലംങ്കോട് ഇടവകയിലെ മത്സ്യത്തൊഴിലാളികൾക്ക് ശ്രീമാൻ രാജേന്ദ്രൻ മാലിന്യസംസ്കരണവും സമുദ്രതീരസംരക്ഷണവും എന്ന വിഷയത്തെ കുറിച്ച് ക്ലാസ് നൽകി.

30-9-18-ൽ കൊല്ലംങ്കോടിലെ സപ്ലിമെന്ററി പിറ്റിഎ അംഗങ്ങൾക്ക് മക്കളുടെ പരിചരണത്തിൽ മാതാപിതാക്കളുടെ പങ്ക് എന്ന വിഷയത്തെകുറിച്ച് ക്ലാസ് നൽകി.

| | |
|---|---|
| **ഫാ. ജോർജ്ജ് ജെ.ഗോമസ്** | **രാജമണി രാജു** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## തൂത്തൂർ ഫെറോന

**നീതി സമാധാന വികസന കമ്മീഷൻ:** ഫെറോന എക്സിക്യൂട്ടീവ് യോഗം 28-10-2018-ൽ കൂടാൻ തീരുമാനിച്ചിരുന്നു. അന്നേ ദിവസം അതിരൂപതാ ജപമാല റാലി ഉള്ളതിനാലും വള്ളവിള, ചിന്നത്തുറ ഇടവകകളിൽ സെന്റ് യൂദാതദ്ദേവൂസിന്റെ തിരുനാളായതിനാലും നടത്താൻ സാധിച്ചില്ല.

ഇടവകതല യോഗങ്ങൾ 6/8 നടന്നു. പൂന്തുറ, ഇരയിമ്മൻത്തുറ ഇടവകകളിൽ നടന്നില്ല. തൂത്തൂർ ഫെറോനയിൽ

5 ഭവനങ്ങൾ അറ്റകുറ്റ പണികൾ തീർക്കാൻ തെരഞ്ഞെടുത്ത്, അവർക്കുവേണ്ട ധനസഹായം നല്കി. ഭവനം ഒരു സമ്മാനം എന്ന പദ്ധതിയിലൂടെ നീരോടി, വള്ളവിള, തൂത്തൂർ, പൂത്തുറ എന്നീ ഇടവകകളിൽ കല്ലിടൽ കർമ്മം ദൈവാനുഗ്രഹത്താൽ അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ.ഡോണിയുടെ സാന്നിധ്യത്തിൽ നടന്നു.

നീരോടി, മാർത്താണ്ഡൻതുറ ഇടവകകളിൽ വിധവകൾ പെൻഷൻ പദ്ധതിയുമായ് നാഗർകോവിൽ കളക്ടർ ഓഫീസിൽ ഫാം നല്കാൻ സാധിച്ചു.

ഫെറോനയിൽ 6 ഇടവകകളിൽ നഴ്സറി ക്ലാസുകൾ നന്നായ് നടക്കുന്നു. ചൈൽഡ് പാർലമെന്റും പ്രവർത്തിക്കുന്നു.

ഓഖിയിൽപ്പെട്ടവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ഐജിസി വഴി അവർക്കു ലഭിച്ച ധനസഹായത്താൽ തൊഴിൽ ചെയ്തു പോകുന്നതും നേരിൽ കണ്ടു വിലയിരുത്തി. ജൂബിലി ഹോസ്പിറ്റലിൽ അവർക്ക് സൗജന്യ ചികിത്സയ്ക്കായ് കുടുംബത്തിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ നല്കി.

പരിസ്ഥിതി സംരക്ഷണത്തിൽ രാവിലത്തെ ദിവ്യബലിക്കുശേഷം കുട്ടികളെകൊണ്ട് പള്ളിയിലും സിമിത്തേരി പരിസരങ്ങളും ശുദ്ധമാക്കുന്നു. കൂടാതെ മാർത്താണ്ഡൻതുറയിലെ സെന്റ് അലോഷ്യസ് സ്കൂളിൽ നല്ലൊരു പൂന്തോട്ടം ഒരുക്കുന്ന പണി നടന്നുകൊണ്ടിരിക്കുന്നു. ഇതിനുള്ള സാമ്പത്തിക സഹായം സന്മനസ്സുള്ള കുറെ അദ്ധ്യാപകർ നല്കി പോകുന്നു. തുടർന്നും പരിസര ശുദ്ധീകരണത്തിനായ് ഒരു കമ്മിറ്റിയും രൂപീകരിക്കാൻ പദ്ധതിയിടുന്നു.

**മത്സ്യവിപണന ഫോറം:** ഫെറോന ഓഫീസിൽ വച്ച് ഫെറോന യോഗം 8 ഇടവകയിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെ നടന്നു.





വിപണന സ്ഥലത്തെ പെരുമാറ്റശീലം ശുചിത്വം എന്നിവയെക്കുറിച്ച് അവബോധനം നടത്തി.

മാർത്താണ്ഡൻതുറ-1 അംഗം നീരോടി 54 അംഗങ്ങൾ ഇരയിമ്മൻതുറ 40 ആകെ 95 അംഗങ്ങൾ 1192000/രൂപ സംഘത്തിന്റെ തൊഴിൽ വായ്പയായ് നല്കി. ദിവസത്തിൽ 1 മണിക്കൂർ മാധ്യമ വിമുക്ത മണിക്കൂറായ് കുടുംബങ്ങൾ ആചരിക്കുവാനും എല്ലാ മത്സ്യകച്ചവട സ്ത്രീകളും സന്ധ്യയ്ക്കു മുമ്പേ കുടുംബത്തിൽ എത്തി ചേരണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

**ഹെൽത്ത്:** 13-ാം തീയതി മാർത്താണ്ഡതുറയിൽ വച്ച് വയോജനങ്ങളുടെ ദിനാചരണം നടത്തി. രൂപതയിൽ നിന്നും അസ്സ്റ്റന്റ് ഫാ. ഡോണിയും ടീമംഗങ്ങളും സന്ദർശിച്ചു. ഇടവകവികാരി ഫാ.ജേക്കബ് സ്റ്റെല്ലസ് കൗൺസിൽ അംഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഗവൺമെന്റ് ആശുപത്രിയിലുള്ള ഡോക്ടർമാർ ക്ലാസ്സു നല്കുകയും ചെയ്തു.

**ആൽബർട്ട് മിഖായേൽ**

ആനിമേറ്റർ

# അൽമായശുശ്രൂഷ

**ലത്തീൻ കത്തോലിക്ക സമുദായ ദിനസമ്മേളന ഒരുക്ക യോഗങ്ങൾ**

2018 ഡിസംബർ 9-ാം തിയതി തിരുവനന്തപുരം ലത്തീൻ അതിരൂപത ആനിമേറ്റേഴ്സിന്റെ ആതിഥേയത്തിൽ നടക്കുന്ന സംസ്ഥാനതല സമുദായ ദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ആനിമേറ്റേഴ്സും കെ.ആർ.എൽ.സി.സി. യും സംയുക്തമായി നടത്തിയ യോഗങ്ങളുടെ വിശദീകരണം താഴെ ചേർക്കുന്നു.

21.09.2018 ൽ രാവിലെ 10.30 ന് പഴയ റ്റി.എസ്.എസ് ഹാളിൽ വച്ച് തിരുവനന്തപുരം അതിരൂപതാ സഹായമെത്രാന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെ.ആർ.എൽ.സി.സി. അംഗങ്ങളായ റവ.ഫാ. ഫ്രാൻസീസ് സേവ്യർ താന്നിക്കപ്പറമ്പിൽ, റവ. ഫാ. തോമസ് തറയിൽ, റവ.ഫാ. ജെയിംസ് കുലാസ്, റവ.ഫാ. പോൾ സണ്ണി, ഷാജി ജോർജ്ജ്, അല്മായ ശുശ്രൂഷ സംസ്ഥാന ഡയറക്ടർ റവ.ഫാ. ഷാജ് കുമാർ , തിരുവനന്തപുരം അതിരൂപത കോഡിനേറ്റർ റവ.ഫാ. മൈക്കിൾ തോമസ്, മരിയൻ എഞ്ചിനിയറിംഗ് ഡയറക്ടർ റവ.ഫാ. വിൽഫ്രഡ്. ഇ, രൂപത കെ.സി.വൈ.എം ഡയറക്ടർ റവ. ഫാ. ലെനിൻ ഫെർണാണ്ടസ്, രൂപത പാസ്റ്ററൽ മിനിസ്ട്രി അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മുത്തപ്പൻ അപ്പോലി, രൂപത റ്റി.എസ്.എസ്. അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ. ടോണി, കെ.ആർ.എൽ.സി.സി. ജനറൽ സെക്രട്ടറി ആന്റണി ആൽബർട്ട്, കെ.എൽ.സി.എ. പ്രസിഡന്റ് ഷേർളി ജോണി, ഡി.സി.എം.സ്. പ്രസിഡന്റ് ജോർജ്ജ് പള്ളിത്തറ, രൂപത സമുദായ സംഘടനകളുടെ അല്മായ നേതാക്കൾ, ഫെറോന വികാരിമാർ എന്നിവർ ഉൾപ്പെടെ ഈ യോഗത്തിൽ പങ്കെടുത്തിരുന്നു. പ്രസ്തുത യോഗത്തിൽ സമുദായ സമ്മേളന ആഘോഷങ്ങളെക്കുറിച്ച് തിരുവനന്തപുരം അതിരൂപത അല്മായ ശുശ്രൂഷ ഡയറക്ടർ റവ.ഫാ. ടോണി ഹാംലറ്റ് വിഷയാവതരണം നടത്തുകയും അതിനെ തുടർന്ന് നടന്ന ചർച്ചയിൽ ഓഖിയുടെ പശ്ചാത്തലത്തിൽ അതിരൂപത ചെയ്ത കാര്യങ്ങൾ ജനങ്ങളെ ധരിപ്പിക്കണമെന്നും തീരദേശ മേഖലയിൽ തീര





ശോഷണം, കടലിൽ ഉണ്ടാകുന്ന അപകട മരണങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് കാര്യമായി ചർച്ചചെയ്യേണ്ടതാണെന്നും കൂടാതെ നവകേരള സമിതിയിൽ കേരളത്തിലെ മത്സ്യതൊഴിലാളികളുടെയും തീരദേശവും വികസിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾ ഉൾപ്പെടുത്തുകയും സർക്കാരിൽ ശ്രദ്ധ ചെലുത്തണമെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ ക്രിസ്തുദാസ് പിതാവ് ആവശ്യപ്പെട്ടു.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം അതിരൂപത പ്രഖ്യാപിച്ച 100 കോടി പാക്കേജിനെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ആവശ്യം വന്നിരിക്കുന്നതിനാൽ നമ്മോടുള്ള വിശ്വാസം നഷ്ടപ്പെടാതിരിക്കാൻ നാളിതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തണമെന്ന് ജനങ്ങളും വൈദീകരും അല്മായരും ആവശ്യപ്പെട്ടു. കൂടാതെ ഈ വർഷത്തെ സമുദായ സമ്മേളനത്തിന്റെ വിഷയത്തിൽ ഓഖി ദുരന്തം, തീരശോഷണം, പ്രളയാനന്തര പുന:നിർമ്മിതി, പ്രളയത്തിൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളുടെ പങ്ക് എന്നിവ ചേർക്കുന്നത് നല്ലതായിരിക്കുമെന്നുള്ള അഭിപ്രായവും ഉണ്ടായി. അതോടൊപ്പം നമ്മുടെ ജനതകളുടെ ആവശ്യമാണ് സമുദായ സമ്മേളനം എന്ന തോന്നൽ ജനങ്ങളിൽ ഉണ്ടാക്കി എടുക്കണം. എങ്കിൽ മാത്രമേ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിക്കുകയുള്ളു എന്ന അഭിപ്രായത്തിൽ ഊന്നൽ നല്കി പ്രസ്തുത ശുശ്രൂഷ സംവിധാനങ്ങളുടെ കൂടെ റ്റി.എം.എഫ്, കടൽ എന്നീ സംഘടനകൾ കൂടി ഉൾപ്പെടുത്തി ആഘോഷ പരിപാടികൾ വിജയമാക്കാൻ ചർച്ചയിൽ തീരുമാനിച്ചു.

15.10.2018 ൽ രാവിലെ 10.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് അതിരൂപത മെത്രാപൊലീത്ത ഡോ. സൂസപാക്യം എം. അവർകളുടെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. സമ്മേളനം എവിടെവച്ച് നടത്തണമെന്ന് വ്യക്തമായ തീരുമാനം ആയില്ല എന്നും ഫാ. ടോണി ഹാംലറ്റ് യോഗത്തിൽ അവതരിപ്പിച്ചു. എന്നാൽ ഈ വിഷയം കഴിഞ്ഞ വൈദീകരുടെ സമ്മേളനത്തിൽ അവതരിപ്പിച്ചപ്പോൾ വൈദീകരുടെ ഇടയിൽ പ്രതികരണം ഉണ്ടായില്ല. ഓഖിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ അവ്യക്തത ഉണ്ടെന്നും വിഷയം ഏറെക്കുറെ പരിഹരിക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയുണ്ട്. ഓഖിയുമായി ബന്ധപ്പെട്ട കണക്കുകൾ സുതാര്യമാണ് വൈദീകരുടെയും വിവിധ ശുശ്രൂഷ സമിതിയിലൂ

ടെയും അല്മായരുടെയും സഹകരണം ഉണ്ടായാൽ സമുദായ ദിനാഘോഷം വിജയിപ്പിക്കാൻ സാധിക്കുമെന്നും അദ്ധ്യക്ഷത പ്രസംഗത്തിൽ പിതാവ് സൂചിപ്പിച്ചു. സാമൂഹിക സമ്മേളനം പ്രാധാന്യം അർഹിക്കുന്നുവെന്നും ശംഖുമുഖത്ത് വളരെ അനുയോജ്യമായ സ്ഥലമാണെന്നും 2019-ൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ ഡിസംബറിൽ നടക്കുന്ന സമ്മേളനത്തിന് വളരെ പ്രാധാന്യമുണ്ടാകുമെന്നും യോഗത്തിൽ അഭിപ്രായം ഉയർന്നു. അതിന്റെ അടിസ്ഥാനത്തിൽ സമ്മേളനത്തിൽ കേരളത്തെ ബാധിക്കുന്ന കടലാക്രമണം പോലുള്ള വിഷയങ്ങളെ ഉൾപ്പെടുത്തുന്നതിനുവേണ്ടി സർക്കാരിൽ സമ്മർദ്ധം ചെലുത്തണമെന്ന ആശയം സമ്മേളനം ഉയർത്തിക്കാട്ടുന്ന വിഷയത്തിൽ ഓഖിയും പ്രാദേശിക വിഷയങ്ങൾക്കും പ്രളയാനന്തര സമ്മേളനവും കൂടി ഉൾപ്പെടുത്തണമെന്നും യോഗം തീരുമാനിച്ചു.

ഓഖിയുടെ കാര്യത്തിൽ രൂപത എന്തു ചെയ്തു എന്നുളളത് ബോധ്യപ്പെടുത്തുന്നതിൽ ഒരു പരിധിവരെ ജനങ്ങളെ വിശ്വാസത്തിൽ എടുക്കാൻ സാധിക്കുമെന്നും നമ്മുടെ ഭാഗത്ത് നിന്നും വ്യക്തത ഉണ്ടാക്കി മുന്നോട്ട് പോകണമെന്നു സഹായമെത്രാൻ ആവശ്യപ്പെട്ടു.

**29.10.2018 തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്ന സമുദായ ദിനാഘോഷ ആലോചനാ യോഗം**

പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. റവ. ഫാ. ടോണി ഹാംലറ്റ് യോഗത്തിന് സ്വാഗതം ആശംസിച്ചു. മോൺ. യൂജിൻ എച്ച്. പെരേര അദ്ധ്യക്ഷത വഹിച്ചു. മുൻയോഗ റിപ്പോർട്ട് കൺവീനർ ആന്റണി ആൽബർട്ട് അവതരിപ്പിച്ചു. തുടർന്ന് അതാത് ഉപസമിതികൾ ചെയ്ത കാര്യങ്ങൾ റിപ്പോർട്ട് ചെയ്തു.

സമുദായ ദിനത്തിന്റെ കാര്യപരിപാടികൾ അതിരൂപത പ്രാഗ്രാം കമ്മിറ്റിയുമായി ഒത്തുചേർന്ന് കാര്യങ്ങൾ തീരുമാനിക്കുന്നത് ഉചിതമായിരിക്കും. സെമിനാറുകളിൽ തിരുവനന്തപുരം അതിരൂപതയുടെ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി കാര്യപരിപാടി ക്രമപ്പെടുത്തണം.

പിതാവിന്റെ ഇടയലേഖനം ഇടവകകളിൽ വായിച്ചതിനു ശേഷം മൊബൈലൈസേഷൻ കമ്മിറ്റിയുടെ പ്രവർത്തനം





ഊർജ്ജിതമാക്കുമെന്ന് അറിയിച്ചു. ഫെറോന അടിസ്ഥാനത്തിൽ എല്ലാ സംഘടനകളെയും വിളിച്ച് ചേർത്ത് പരമാവധി ആൾക്കാരെ സമ്മേളനത്തിന് എത്തിക്കാൻ ശ്രമിക്കും. ഇതുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് ഇടവകകൾ വഹിക്കുന്ന തരത്തിൽ ക്രമപ്പെടുത്തുന്നതാണ്. ഇടവക വികാരിയേയും കമ്മറ്റികളെയും വിശ്വാസത്തിൽ എടുത്തു കാര്യപരിപാടികൾക്ക് രാവിലെ മുതൽ ഉച്ചവരെ നടക്കുന്ന സെമിനാറുകളിൽ പങ്കെടുക്കുന്ന 1300 പ്രതിനിധികൾക്ക് ചായ, ഉച്ചഭക്ഷണം എന്നിവ ലഭ്യമാക്കുന്നതാണെന്ന് യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

2.30 ന് ആരംഭിക്കുന്ന ദിവ്യബലിയ്ക്ക് ഒ.വി.ആർ-ന്റെ ഗാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. മറ്റു രൂപതകളിൽ നിന്നുള്ള എത്രപേർ സമ്മേളനത്തിലും പ്രതിനിധി സമ്മേളനമായ സെമിനാറിലും പങ്കെടുക്കണം എന്ന നിർദ്ദേശം കെ.ആർ.എൽ.സി.സി. സെക്രട്ടറിയേറ്റിൽ നിന്നും ഉണ്ടാകുന്നത് നല്ലതാണ്.

സമ്മേളനത്തിന്റെ തലേദിവസം വൈകുന്നേരം എഴുത്തുകാരും സാംസ്ക്കാരിക നായകരെയും ഉൾപ്പെടുത്തി ഒരു കലാസന്ധ്യ ശംഖുമുഖം വേദിക്കരികിൽ സംഘടിപ്പിക്കുന്നതാണെന്ന് ഇടവകകളിൽ നിന്നുള്ള ട്രൂപ്പിനെ പ്രയോജനപ്പെടുത്തുന്നത് നല്ലതാണെന്ന് ചർച്ചയിൽ അഭിപ്രായം ഉണ്ടായി. സമ്മേളനത്തിന് മുന്നോടിയായി 12 പേർ അടങ്ങിയ ഒരു ടീമിനെ രണ്ടായി വിഭജിച്ച് വാഹന പ്രചരണ ജാഥ നടത്തുന്നതാണ്. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, പ്രധാന കക്ഷിയിൽപ്പെട്ട നേതാക്കന്മാർ, സമുദായനേതാക്കൾ എന്നിവരെ സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്ന് അഭിപ്രായമുണ്ടായി.

29.10.2018 ൽ നടന്ന യോഗം കഴിഞ്ഞതിനു ശേഷം സമുദായദിന സമ്മേളനത്തിന്റെ സ്വാഗതസംഘ ഓഫീസ് റവ.മോൺ. യൂജിൻ എച്ച്. പെരേര ഉത്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളിൽ കെ.ആർ.എൽ.സി.സി ജനറൽ സെക്രട്ടറി റവ. ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കപ്പറമ്പിൽ, റവ. മോൺ. ജെയിംസ് കുലാസ്, റവ. ഫാ. തോമസ് തറയിൽ, റവ. ഫാ. ഷാജ്കുമാർ, റവ. ഫാ. മൈക്കിൾതോമസ്, റവ. ഫാ. ദീപക്ക് ആന്റോ, റവ. ഫാ. പോൾ സണ്ണി, റവ. ഫാ. ലെനിൻ രാജ്, റവ. ഫാ. എ.ആർ. ജോൺ, റവ. ഫാ. മുത്തപ്പൻ അപ്പോലി, റവ. ഫാ. ഷാജിൻ ജോസ്,

അല്മായ നേതാക്കളായ ആന്റണി ആൽബർട്ട്, ഷേർളി ജോണി, ജോർജ്ജ് എസ് പള്ളിത്തറ, ഇമ്മാനുവൽ മൈക്കിൾ, ജോസഫ് ജോൺസൻ, ജോണി എം.എ, അഡ്വ. എം.എ ഫ്രാൻസിസ്, ഡോ. എം.എ ജോർജ്ജ്, മേരിപുഷ്പം, യേശുരത്നം, ക്രിസ്റ്റൽ, ജോണി സി എന്നിവർ പങ്കെടുത്തിരുന്നു.

## വലിയതുറ ഫെറോന

### ഗാന്ധിജയന്തി ദിനാചരണം

2-10-18-ൽ ഫെറോന അല്മായ സമിതിയുടെ നേതൃത്വത്തിൽ വലിയതുറ തീരദേശ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഫിഷറീസ് സ്കൂൾ പരിസരം എന്നിവിടങ്ങളിൽ ശുചീകരണം നടത്തുകയും ബ്ലീച്ചിംഗ് പൗഡർ വിതരണം ചെയ്യുകയും ചെയ്തു. ഫെറോന അല്മായ ശുശ്രൂഷാ ഡയറക്ടർ റവ.ഫാ.ജോയി.സി. മാത്യു ഉദ്ഘാടന കർമ്മം നിർവഹിച്ച പരിപാടിയിൽ ഫെറോന സെക്രട്ടറി ശ്രീമാൻ പീറ്റർ കുലാസ്, ശ്രീമാൻ വർഗ്ഗീസ് വെട്ടുകാട് എന്നിവർ ആശംസകളർപ്പിച്ചു. ചെറിയതുറ, സെന്റ് സേവ്യഴ്സ്, വലിയതുറ, തോപ്പ്, വെട്ടുകാട് എന്നിവിടങ്ങളിലുള്ള പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. ജോയ്.സി.മാത്യു** — **ഷീജ റ്റി.കെ**

കോഓർഡിനേറ്റർ — ആനിമേറ്റർ



സമന്വയ